KOTTAYAM PUBLIC LIBRARY

Call No. MF9 Acc. No. 83237

SEK-C

Author ഡോബെൻ പൈലങ്ങാട്ട്

Title ചെറുമിയെ കൊല്ലിച്ച തമിഴ്

φ

[*Malayalam*]

# Cherumiye Kollicha Thamiru

**SEKHAR PYNGODE**

Vallivattom

Published on 1st May 1961

Printed at

**C. P. P. S. LTD., ERNAKULAM.**

Price Re. 1.00

Copyright by

E. ELIAS

Published by E. ELIAS

Distributors:

**KATTOOKARAN BOOK STALL**

Ernakulam

MF9

# ചെറുമിയെ കൊല്ലിച്ച തമിഴ്

83237

ശേഖർ പൈങ്ങോട്ട്

DISTRIBUTING LIBRARY, KOTTAYAM.
No. 1317
5487

വിതരണം:
കാട്ടുക്കാരൻ ബുക്ക്സ്റ്റാൾ
എറണാകുളം

വില 1.00

# ഉള്ളടക്കം


| | | |
|---|---|---|
| 1 | ചെറുമിയെ കൊല്ലിച്ച തമിഴു് | 5 |
| 2 | രണ്ടാം റായലസീമ | 14 |
| 3 | നിന്റെ രാജ്യം വരണമേ | 23 |
| 4 | നനഞ്ഞ കണ്ണുകൾ | 30 |
| 5 | ഗാന്ധിയും കുരുവിയും | 43 |
| 6 | തകർന്ന പ്രതീക്ഷകൾ | 55 |


1-1000

STRIBUTING LIBRARY
KOTTAYAM.

# ചെറുമിയെ കൊല്ലിച്ച തമിര്

അന്നു് നാലര മണിയോടുകൂടി ഒരു ചെറിയ ജനക്കൂട്ടം യോഗസ്ഥലത്തേക്കു് ഒഴുകി....

ആ ജനപ്രവാഹത്തെ അത്ഭുതത്തോടും, ഉൽക്കണ്ഠയോടുംകൂടി നോക്കി റോഡിൻെറ ഒരൊഴിഞ്ഞ കോണിൽ നിന്നിരുന്ന തേവൻ, മസൂരിക്കലെയുള്ള ഒരു ഇരുപത്തൊന്നുകാരനോടു ആരാഞ്ഞു.

"യെന്താ-മമ്മതുഞ്ഞെയിതു്?"

ഇവനെന്തു് മണ്ടനാണെന്ന ഭാവത്തിൽ, അയാളുടെ ചോരക്കുത്തുള്ള കണ്ണുകൾ തേവൻെറ നേരെ അസ്ത്രം തൊടുത്തപോലെ വിട്ടുകൊണ്ടു് അവജ്ഞയോടെ അറിയിച്ചു.

"യിന്നു് യോഗോണ്ട്...............,

അപ്പറഞ്ഞതു തനിക്കു മനസ്സിലായപോലെ തേവൻ ഒന്നു പല്ലിളിച്ചു. എന്നാൽ അതിലുപരിയായി വല്ലതും അറിവാനുള്ള ജിജ്ഞാസ അവനുണ്ടായിരുന്നു. പക്ഷെ അതിനിടയിൽ അയാൾ കൂട്ടുകാരുടെ ഇടയിലേക്കു നൊണ്ടി നൊണ്ടി ഓടിപ്പോയി.......

നിരപ്പില്ലാത്ത ഒരു പാറപ്പൊക്കമാണു് യോഗസ്ഥലം. അതിൻെറ പരിസരം ആളുകൾ കക്കൂസയായിട്ടാണു് ഉപയോഗിക്കുന്നതു്. ആ കുഗ്രാമത്തിൽ കൂടെക്കൂടെ യോഗങ്ങളൊന്നും കൂടാ

റില്ല. തിരഞ്ഞെടുപ്പു വന്നാൽ നേതാക്കന്മാർ അങ്ങോട്ടു് എത്തി നോക്കും. അത്രയുള്ളു!

എന്നാൽ ഇത്തവണ അവിടെ കൂടുവാൻ ഉദ്ദേശിച്ചിരിക്കുന്ന യോഗം, നാട്ടിലെ അജ്ഞരായ ജനങ്ങൾക്കു ശ്രദ്ധേയമായിരുന്നു. ഏതോ ഒരു "വലിയ" ആളാണ് പ്രാസംഗികൻ........

വൃത്തികേടിൻെറ പര്യായമായ ആ സ്ഥലത്തു് അറുപതോളം ജനങ്ങൾ തടിച്ചുകൂടിയിരുന്നു. മിക്കവരും കുട്ടികളും വൃദ്ധന്മാരുമായിരുന്നു. യുവാക്കൾ തന്നെ ചുരുക്കം! അങ്ങിനെ പാറപ്പൊക്കം ജനനിബഡമായി. പിന്നെ അങ്ങോട്ടു് വരുന്ന ജനങ്ങൾക്കു് ഇരിക്കാനും നിൽക്കാനും ഇടമില്ലാതായി. എങ്കിലും തേവൻ എങ്ങിനെയോ ആ ജനസമൂഹത്തെ തള്ളിനീക്കി മുൻവരിയിൽ സ്ഥലം പിടിച്ചിരുന്നു.

യോഗം തുടങ്ങേണ്ട സമയമായി. മദ്ധ്യവയസ്സോളം പ്രായമെത്തിയ ഒരു തടിച്ച മനുഷ്യൻ പ്രസംഗിക്കാൻ എണീററു. അയാൾ ഒരു കൈ ഖദർജൂബ്ബയുടെ പോക്കററിൽ തിരുകി, ഒന്നു ഞെളിഞ്ഞുനിന്നു പിന്നെ മററെ കൈകൊണ്ടു് ഉച്ചഭാഷിണിയുടെ "റിസീവർ" തലോടി ഒന്നു് ചുമച്ചു. അതേവരെ ബീഡിയും വലിച്ചു, നാട്ടുകാര്യങ്ങളിലേർപ്പെട്ടിരുന്ന ബഹുജനങ്ങളുടെ ശ്രദ്ധ പ്രാസംഗികൻെറ നേരെ തിരിഞ്ഞു. അയാളുടെ മുഖം ഗൌരവംപൂണ്ടു. അയാൾ ആദ്യമായി ജനസമൂഹത്തെ നോക്കി സംബോധനചെയ്തു:

"പ്രിയപ്പെട്ട, മഹതികളെ; മഹാന്മാരെ"........

തേവൻ അയാളുടെ വായിലേക്കുനോക്കി ചെവി കൂർപ്പിച്ചു പിടിച്ചു—യക്ഷികഥകൾ കേൾക്കുന്ന ഒരു കുട്ടിയെപ്പോലെ!

അയാളുടെ ആ നീണ്ട പ്രസംഗത്തിൽ, നാടിൻെറ ഇന്നത്തെ നിലയും, വർദ്ധിച്ചുവരുന്ന ജനസംഖ്യയും, അക്കാരണം കൊണ്ടുണ്ടാകുന്ന പട്ടിണിയും, പകർച്ചവ്യാധിയും, തൊഴിലില്ലായ്മയും

മററം മററം അടങ്ങിയിരുന്നു. കൂടാതെ തോസ്-ഒജീനോ മൌലിക തത്വങ്ങളുടെ ഒരു സംക്ഷിപ്ത വിവരണവും! അതിനുശേഷം സ്വരമല്പം ഭേദപ്പെടുത്തിക്കൊണ്ടു് അയാറം പറഞ്ഞു. "വർദ്ധിച്ചുവരുന്ന ഇന്ത്യയിലെ ജനസംഖ്യക്കു് ഒരു നിയന്ത്രണം ആവശ്യമാണ്. അതു നമ്മുടെ നാടിൻെറ സുരക്ഷിതത്വത്തിനു് അനിവാര്യവുമാണ്......."

പ്രസംഗം കഴിഞ്ഞിട്ടും തേവൻ അവിടെത്തന്നെ ചുററിപ്പററിനിന്നു. അവനു് ആ "തമിരി"നോടു് എന്തെങ്കിലും ചോദിച്ചറിയണം. പക്ഷെ, അതിനിടയിൽ അയാറം കാറകയറി സ്ഥലം വിട്ടു.

പ്രസംഗം കേട്ട തേവനു് ഒന്നുംതന്നെ മനസ്സിലായില്ല. എങ്കിലും ഒന്നാം ക്ലാസ്സിൽ പഠിക്കുന്ന ഒരു കുട്ടിക്കു രാമായണം പാടിക്കേട്ട ഒരറിവു തേവനുണ്ടായി. അവൻ, ഭാര്യ കാളിയോടു പറഞ്ഞു.

"യെടി-തമിരു പറഞ്ചടി തന്താന നിയന്തരണം മേണോന്നു്........."

"ഏദെ.......!"

അവാറക്കതു മനസ്സിലായില്ല. അവാറം വാപൊളിച്ചു; കൈമലത്തി.

"തന്താനിയന്തരണേ?"

അവാറം വീണ്ടും പറഞ്ഞു.

"അതെന്താ........? ഏനു മനസ്സിലായില്ല"

"നിനക്കെന്താ മനസ്സിലാവാ?"

അവാറം വായിലെ വെത്തിലച്ചാറ മുററത്തേക്കു നീട്ടിതുപ്പിക്കൊണ്ടു ദേഷ്യപ്പെട്ടു. അച്ഛൻ കള്ളുകുടിച്ചാണു വന്നിരിക്കുന്നതെന്നു തെററിദ്ധരിച്ച കുട്ടികാറം, ഇരുറംമുററിയ കുടിലിനകത്തു പററിക്കൂടി.

DISTRIBUTING LIBRARY
No.........
KOTTAYAM.

രാത്രിയിലെ കഞ്ഞികുടികഴിഞ്ഞിട്ടും അവൻെറ ഓമ്മകൾ ആ "തമിരും" പ്രസംഗവുമായി കെട്ടുപിണഞ്ഞു കിടക്കുകയായിരുന്നു.

തമിരു പ്രസംഗിച്ചതു കാൎയ്യമായി അവന്നു തോന്നി. അവന്നു വയസ്സ് 30 ആയിട്ടുള്ളു. ഇപ്പോൾത്തന്നെ കുട്ടികൾ ആറെണ്ണമുണ്ട്. കാളി പറയുന്നതു "ദൈവംതമ്പ്രാന്മാരു തരുന്നതാ ........" എന്നാണ്. എന്നാലും ഉള്ളതിനെല്ലാം സുഖക്കേടാണ്. ഒന്നിൻെറയും മുഖത്തു ചോരയില്ല; മെഴുകുതിരിപോലെ വിളർത്തിരിക്കുന്നു. അതിനു കാരണം ഭക്ഷണത്തിൻെറ കുറവാണെന്നു അവനറിയാം. അവനു ജോലി സ്ഥിരതയില്ല. വല്ല വീടുകളിലും കൂലിക്കുപോകും. കിട്ടുന്നതു "ഉച്ചച്ചിലവും" ഒരു രൂപയുമാണ്. ഒരു രൂപാകൊണ്ട് എട്ട് അംഗങ്ങളുള്ള ഒരു കുടുംബം പുലരണം. ചിലപ്പോൾ ജോലി കിട്ടാത്ത ദിവസങ്ങളുമുണ്ടാകും. കുട്ടികൾ പട്ടിണികിടന്ന് കരയുമ്പോൾ അവൻ ആഗ്രഹിച്ചിരുന്നു: കാളി ഇനി പ്രസവിക്കേണ്ടെന്ന്! ആ സങ്കടം അവൻ "ഏറ്റുമാനൂർ തേവനോട്" പലപ്പോഴും അറിയിച്ചിട്ടുണ്ട്. എന്നാലും അവൾ പ്രസവിക്കുന്നു.

"കെടക്കണില്ലെ പെലോ .. ?"

അകത്തുനിന്നുമുയർന്ന കാളിയുടെ ശബ്ദം അവനെ ചിന്തകളിൽനിന്നും ഉണർത്തി. അവൻ എണീററു മാടത്തിനകത്ത് ചെന്നിരുന്നു.

"എന്താ പെലാ കെടക്കാത്തെ?

കാളി വീണ്ടും ആരാഞ്ഞു.

"ഓ! എന്തൊരു ഉഷ്ണാടി ..."

അവൻ തോളിൽ കിടന്ന കീറമുണ്ടുകൊണ്ടു ശരീരത്തിൽ ആഞ്ഞുവീശി ഉഷ്ണിക്കയാണത്രെ! എന്നിട്ടു കീറപ്പായെടുത്ത് ഇറയത്തേക്ക് ഒരു നടത്തം. കാളി പകച്ചുനോക്കി.

"ഒററക്ക കെടക്കൊ പെലാ....?

"ഊ..ം"

"ഏൻ ബരണോ....?"

"ങ്ങൂ... ....ഉം"

തേവൻ കീറപ്പായ നിലത്തു നിവർത്തി ഉറങ്ങാൻ കിടന്നു. കാളി ചെററവാതുക്കൽത്തന്നെ നിന്നു.

"നീ പോയ് കെടന്നൊ"

തേവൻ ഒരുറക്കം കഴിഞ്ഞു ഉണർന്നപ്പോഠം അകത്തു ചില ഞരക്കവും മൂളലും കേട്ടു. അവൻ ഇരുളിൽക്കൂടി വിളിച്ചു.

"കാള്യേ ...!"

"ങ്ങൂ........"

"നീ ച്ചൊറങ്ങ്യോടി .. ?"

"ഒററക്കി കെടക്കാൻ പേട്യാബ്ണ്...."

അതിൻെറ കാരണം അവൻ ചോദിച്ചില്ല.

കുറച്ചുസമയം ആ നിശ്ശബ്ദത അവിടെ തടിച്ചുകൂടിനിന്നു. കാളി വിളിച്ചുചോദിച്ചു.

"ഒററക്കി കെടക്കോ പെലാ...."

"ഊ.. ം"

"ഏൻ ബരട്ടെ പെലാ...."

"മേണ്ട ..."

ഒരു നെടുവീർപ്പ് അകത്തുയർന്നു....

*　　*　　*　　*

അന്ന് ഉറക്കമുണർന്ന് എണീററ കാളിക്കു സ്ത്രീസഹജമായ ഒരവജ്ഞ തേവനോടുണ്ടായി. എട്ടുകൊല്ലക്കാലം ഇണപിരിയാതെ മെയ്യുരുമ്മി വികാരത്തിൻെറ തേൻതുള്ളികഠം പകർന്നുകിടന്ന

ഭർത്താവ് ഇന്നലെ ഒരനുസരണക്കേട കാണിച്ചിരിക്കുന്നു. അവറം മുഖം വീർപ്പിച്ചു, ഒരു നവോഢയെപ്പോലെ അടുക്കളയിലേക്ക് എണീററുപോയി. തേവൻ അവളെ വാത്സല്യത്തോടെ വിളച്ചു. എന്നിട്ടു തമരിൻെറ പ്രസംഗത്തിൻെറ ഒരു സംക്ഷിപ്ത വിവരണം അവൻ അവളെ ധരിപ്പിച്ചു. അവറം കണ്ണുകറം വിടത്തി തേവനെ നോക്കി. ആ പറഞ്ഞതു കാര്യമാണെന്ന് അവറക്കും തോന്നി. എത്ര എണ്ണത്തെ പ്രസവിക്കും—? ഗർഭപാത്രത്തിന്നും വേണ്ടെ ഒരു വിശ്രമമെല്ലാം....

അന്നു പണികഴിഞ്ഞുവന്ന തേവന്ന് ഒരുന്മേഷമുണ്ടായിരുന്നു. അതിന്നു കാരണം അവൻെറ മുതലാളിയുടെ, വിളഞ്ഞുകിടക്കുന്ന നെല്ലിന്നു കാവൽകിടക്കേണ്ട ആജ്ഞയായിരുന്നു. മുതലാളൻെറ ആ ആജ്ഞ അവനൊരനുഗ്രഹമായി തോന്നി.

അവൻ പാടത്തിൻെറ നടുവരമ്പിൽ ഒരു മാടം വെച്ചുകെട്ടി പിറേറദിവസംമുതൽ അവൻെറ കിടപ്പ് പാടത്തേക്കുമാററി.

ആ കുടുംബത്തിൽ ജീവിതത്തിൻെറ സംഗീതം നിലച്ചുപോയി. ഒരസ്വാസ്ഥ്യത വ്യഗ്രതയോടെ തലനീട്ടിനില്ക്കുന്നു .. ആ ഭാര്യാഭർത്താക്കന്മാർ തമ്മിൽ കാണുമ്പോറം അവാച്യമായ വികാരത്തിൻെറ വേലിയേററത്തിൽ പതിച്ചുപോകും. അപ്പോറം അവർ ധ്രുവങ്ങളോളം അകന്നിരിക്കുന്നതായി തോന്നും. അവളുടെ കണ്ണിണയിൽ പ്രകാശമുള്ള അഭിലാഷങ്ങറം മുകർന്നുനില്ക്കുമ്പോറം അവൻെറ ഹൃദയം തുടിക്കും. ആ കണ്ണുകളിലേക്കുനോക്കി 'പൊന്നേ'യെന്നു വിളിക്കുവാൻ തോന്നും. പക്ഷെ, അങ്ങിനെയൊന്നും അരുതുകൂടാ; വികാരങ്ങറം നിയന്ത്രിക്കപ്പെടേണ്ടതാണ്. അവന്നു തമിരിൻെറ പ്രസംഗം അപ്പോറം ഓർമ്മവരും.

ഒരു ദിവസം ജോലികഴിഞ്ഞുവന്ന തേവനോടു കാളി പരിഭവപ്പെട്ടു.

'ഏനെ യിങ്ങള് മറന്നും—യ്യ ആണുങ്ങളൊക്കെ യിങ്ങന്യാ'

എല്ലാ പുരുഷന്മാരേയും ഉറക്കൊള്ളിച്ചുള്ള ആ കുററപ്പെടുത്തലിൽ തേവൻ മൂകതവരിച്ചുള്ളു!

"ഏനോട്ട പിണങ്ങ്യോ?"

അതിനും തേവൻ മൂകതവരിച്ചുള്ളു!

കൊയ്ത്തു തുടങ്ങി, മുതലാളന്റെ കളപ്പുരയിൽ കററകൾ നിരന്നു. തേവന്റെ കിടപ്പു വീണ്ടും മാടത്തിലേക്കുതന്നെ മാററി.

അന്നു വൈകുന്നേരം തേവന്റെ കീറപ്പായയിലേക്ക് ഇഴഞ്ഞിഴഞ്ഞുവന്ന കാളിയെ തേവൻ ഓർമ്മപ്പെടുത്തി—തമിരിന്റെ പ്രസംഗം!

"ഏനിത് ബല്യ ബിഷമാ—എത്തറനാളത്തേക്ക്യായിതു്?"

അവൾ ലജ്ജിച്ചു. തേവൻ വായപൊളിച്ചു. ആ ചോദ്യത്തിന്റെ ഉത്തരം അവനും അജ്ഞാതമായിരുന്നു.

"എത്തറ നാളത്തേക്ക്യയിതു്"

*　　*　　*　　*

ആകാശം കറുത്തു. നനവുപുരണ്ട മേഘപടലം ചുരുണ്ടതലമുടികെട്ടഴിഞ്ഞു ചിന്നിച്ചിതറിയപോലെ തോന്നി. അതു കണ്ട ഗാനഗന്ധർവ്വൻ ആകാശത്തിൽ പാടി പറന്നുനടന്നു.

"വിത്തും കൈക്കോട്ടും"

തേവൻ മുതലാളന്റെ ചളിനിലവുമായി മല്ലിടുകയാണ്....

തേവൻ അന്നു ജോലികഴിഞ്ഞു പോന്നപ്പോൾ സമയം നന്നേ ഇരുട്ടിയിരുന്നു. അവൻ പടികടന്നപ്പോൾ, മാടത്തിന്റെ പിന്നിൽനിന്നു് ഒരു രൂപം ഇരുളിന്റെ ഗർഭത്തിലേക്കു നീങ്ങിയതായി തോന്നി. മാടത്തിൽ വെളിച്ചമുണ്ടായിരുന്നില്ല. അടുപ്പിൽ മാത്രം തീയെരിയുന്നുണ്ടായിരുന്നു.

അവൻെറ തലയിൽ ചിന്തകളുടെ ഒരു കൊടുങ്കാററു വീശി. ചെവി ചൂളംവിളിക്കുന്നു. ദ്വേഷ്യംകൊണ്ടു് അവൻ കലിതുള്ളി. അവൻ അലറി.

"യെന്തോടി ബിളക്കു്....?

അപ്പൊഴെക്കും അവഠം വിളക്കുകത്തിച്ചു. അവൻ അവളെ അത്ഥദ്യോതകമായി തുറിച്ചുനോക്കി. അവഠം വ്യഗ്രതപൂണർന്നു ചെററവാതിലിൻെറ പിന്നിൽ മറഞ്ഞുനിന്നു.

ഒരു പുലിയേപ്പോലെ അവൻ അവളുടെ നേരെ ചാടി. എന്നിട്ടു തലമുടിപിടിച്ചു് ഉലച്ചുകൊണ്ടു് അലറി.

"ആരടിയപ്പോയതു്? ഏനബനെക്കൊല്ലും"

അവഠം മൊഴിഞ്ഞു.

"കൊച്ചമ്പ്രാൻ....!"

പിന്നെ ഏങ്ങിയേങ്ങി കരയുകയായി.......ആഹ്....... ആഹ്.......ആഹ്........ആഹ്

തേവൻ ഞെട്ടിപ്പോയ്! അവളുടെ തലമുടി കൂട്ടിപ്പിടിച്ച അവൻെറ കൈ അയഞ്ഞു; ശരീരം തളർന്നു.. അവൻ തന്നെത്താൻ മൊഴിഞ്ഞു.

"കൊച്ചമ്പ്രാൻ .......!"

അവൻ ഖേദം കലർന്ന സ്വരത്തിൽ വിളിച്ചു:

"കാള്യേ........!"

അവഠം മിണ്ടിയില്ല, ഏങ്ങിയേങ്ങി കരഞ്ഞതേയുള്ളു. അവൻ വീണ്ടും വിളിച്ചു.

"കാളേ്യ........!"

"ഏനെ ബിളിക്കേണ്ട-യിങ്ങളാ ഏനെ കൊല്ലിച്ച "

അവളുടെ പ്രതിഷേധത്തിൽ, അവൻെറ തലയിൽ ഒരു പാറക്കെട്ട് അടർന്നുവീണപോലെ തോന്നി. അവൻ തലതാഴ്ത്തിക്കളഞ്ഞു.

*  •  *  *  *

കാലവർഷം മാറി, ആകാശം തെളിഞ്ഞു, നിലാവും പല വട്ടം ഭൂമിയെ ചുംബിച്ചു.

അക്കൊല്ലവും, ആ നിരപ്പില്ലാത്ത പാറപ്പൊക്കത്തു് ഒരു യോഗം കൂടി. ആ തടിച്ച മനുഷ്യൻതന്നെയാണ് അന്നും പ്രസംഗിച്ചതു്. അയാാം നാട്ടുകാരെ ഉപദേശിച്ചു.

"വർദ്ധിച്ചുവരുന്ന ജനസംഖ്യയാണ പട്ടിണിക്കും തൊഴിലില്ലായ്മയ്ക്കും പകർച്ചവ്യാധിക്കും ഹേതുക്കാം! മററുള്ള രാജ്യങ്ങാം ഈ ദാരുണഘട്ടത്തെ തരണംചെയ്തിട്ടുണ്ടു്........"

ആ പ്രസംഗം കേട്ടു്, അകലെ ഒരിടത്തിരുന്ന തേവൻ കാക്കിച്ചുതുപ്പി. "ഫൂ—എന്റെ ചെറമിയെ കൊല്ലിച്ച തമിരു്...."

★

൧

# രണ്ടാം റായലസീമ

ജീവിതത്തെ ചവിട്ടിമെതിച്ചു് മരണം മുന്നേറുകയാണു്.

ആ നാട്ടു് നിശ്ശബ്ദഭീകരമായിത്തീൎന്നു—മരവിച്ച നിശ്ശബ്ദത! ദൈന്യത തുറിച്ചുനോക്കുന്നു; ജീവിതം ഉൽക്കണ്ഠപ്പെടുന്നു....!

പട്ടിണി!

തൊഴിലില്ലായ്മ... !!

കുടിൽ വ്യവസായങ്ങളുടെ കമ്പോളങ്ങൾ സ്തംഭിച്ചിരിക്കയാണു്. കായൽക്കരയിൽ തൊണ്ടുതല്ലുന്ന ശബ്ദം കേൾക്കുന്നില്ല. ആദ്യമെല്ലാം കായൽക്കരക്കു് ജീവനുണ്ടായിരുന്നു. തൊണ്ടുതല്ലുന്ന ശബ്ദം കായൽക്കരയുടെ ജീവസ്പന്ദനമായിരുന്നു. ചീഞ്ഞു നാറിയ തൊണ്ടുകൾകൊണ്ടുവന്നു, പെണ്ണുങ്ങൾ കൂട്ടംകൂടിയിരുന്നു പാട്ടുപാടി; തല്ലി ചകിരിയാക്കി മാററുമ്പോൾ, കായൽക്കര സന്തോഷത്തിന്റേയും പ്രത്യാശയുടേയും തിരൾച്ചയിൽ ഓളം വെട്ടിയിരുന്നു.

കായൽക്കരയിലെ ചെററക്കുടിലുകൾക്കു് കുളിൎമ്മനൽകുന്ന ഒന്നാണു് തൊണ്ടുതല്ലും, പായനെയ്ത്തും. പട്ടിണിയുടെ ഘോരസമരത്തെ ചെറുത്തുനിൽക്കാനുള്ള ഉപാധിയാണു് ആ കുടിൽ വ്യവസായം. ശക്തിയുള്ളവർ തൊണ്ടുതല്ലി ചകിരിയാക്കി മാററുമ്പോൾ, ശക്തിയില്ലാത്തവർ കുടിലിലിരുന്നു പായയുടെ നിൎമ്മാണത്തിൽ ശ്രദ്ധചെലുത്തും.

പക്ഷേ, ഇന്നു് കയറിൻേറയും പായയുടേയും, "മാക്കററ്" സ്തംഭിച്ചിരിക്കയാണു്. കയറും പായയും ആക്കും വേണ്ട. പായയും കയറും വില്ക്കാൻ ചെല്ലുന്നവരെ ആരും തിരിഞ്ഞുനോക്കുന്നില്ല.

കായൽക്കരയിലും, അതിന്നടുത്ത പ്രദേശങ്ങളിലും പട്ടിണി തലപൊക്കിക്കഴിഞ്ഞു കുടിലുകളിൽ തീപ്പുക വല്ലപ്പോഴുമൊക്കെ ഉയരുമെന്നായി. ക്രമേണ അതും ഇല്ലാതായി. പിഞ്ചു പൈതങ്ങളുടെ ശബ്ദമേ കേഠംക്കാനില്ല. യൌവ്വനത്തിൻെറ ചാരുററമുള്ള തൊണ്ടുതല്ലുകാരി പെണ്ണുങ്ങളുടെ മുഖം പച്ചക്കുമ്പാളപോലെ വിളത്തു. എങ്കിലും അവരുടെ കണ്ണുകളിൽ ജീവനുള്ള അഭിലാഷങ്ങഠം മുകർന്നു നില്ക്കുന്നു.

തൊഴിലാളി കുടുംബങ്ങളിൽ കയറും പായയും കെട്ടിക്കെടുക്കുകയാണു്. ഭയങ്കരരോഗം പിടിപെട്ട വേശ്യയെപ്പോലെ, കച്ചവടക്കാർ അവയെ നോക്കാൻകൂടി ഭയപ്പെടുന്നു.

പട്ടിണി നാട്ടിൽ അനുദിനം വർദ്ധിക്കുകയാണു്. അരി വാങ്ങാൻ കാശില്ല. ജനങ്ങളുടെ തീററ കപ്പലണ്ടിപ്പിണ്ണാക്കും പച്ചച്ചെമ്മീനും; ചക്കരവെള്ളവുമായി. ഇനിയും കുറച്ചു്, ജീവിക്കണമെന്ന ആഗ്രഹക്കാരാണു് മനുഷ്യർ! പക്ഷെ, കപ്പലണ്ടിപ്പിണ്ണാക്കും; പച്ചച്ചെമ്മീനും മനുഷ്യർ തിന്നാൻ തുടങ്ങിയപ്പോഠം പകർച്ചവ്യാധികഠം അങ്ങോട്ടു് കുടിയേറിപ്പാത്തു!

വ്യഭിചാരവും, കളവും, കയ്യേററവും, സാമാനങ്ങളുടെ വിലവർദ്ധനയും പുരോഗമിക്കയാണു്.

ജീവിതത്തിൻെറ വസന്തത്തിൽതന്നെ പ്രതീക്ഷകളുടെ പിഞ്ചുമൊട്ടുകഠം വാടിക്കരിഞ്ഞു നിലത്തുവീണു. വീഴ്ച, ദയനീയമായിരുന്നു. മരണം ജീവിതത്തിൻെറ കൊടും യാതനകളിൽനിന്നു് മോചനം നല്കുന്നു.

മരണം മഹനീയമായി തോന്നുന്ന സന്ദർഭങ്ങഠം!

കായലിൽകൂടി ശവശരീരങ്ങഠം ഒഴുകി. പിഞ്ചുകുഞ്ഞുങ്ങ

ളുടെ; വൃദ്ധന്മാരുടെ; വൃദ്ധകളുടെ; യുവാക്കന്മാരുടെ; യുവതികളുടെ........!!

ശേഷിച്ചവർ, മരണത്തെ അഥിതിസൽക്കാരങ്ങളിൽ ഏർപ്പെട്ടിരിക്കുന്നു.

പട്ടിണി പ്രശ്നം പത്രപംക്തികളിൽ കടന്നുകൂടിയപ്പോൾ മാത്രമെ, അതിൻെറ ഗൌരവം ലോകത്തിന്നു് മനസ്സിലായുള്ളു! ഭരണകൂടത്തിൻെറ ആണിവേരു് ഇളക്കുന്ന വാൎത്തകളാണ് പത്രപംക്തികളിൽ കടന്നുകൂടിയതു്.

"ചാത്തപ്പൻ" എന്ന പുലയൻ പട്ടിണിമൂലം മരിച്ചു.

"ഭാരതിയെന്ന ഒരീഴവസ്ത്രീ, തൻെറ അരുമയായ പിഞ്ചുപൈതങ്ങളെ കിണററിൽ വലച്ചെറിഞ്ഞു് സ്വയം ആത്മഹത്യക്കൊരുങ്ങിയപ്പോൾ പോലീസ് അവരെ അറസ്റ്റ് ചെയ്തു. ജീവിക്കാൻ അനുവദിക്കാത്ത ഗവർമ്മെണ്ടു്, മരിക്കാനും അനുവദിക്കാത്തതിനെക്കുറിച്ചു് ആ സ്ത്രീ ചോദ്യം ചെയ്കയുണ്ടായി."

"ഉടുതുണിക്കുവേണ്ടി പതിനഞ്ചുവയസ്സായ ഒരു മുസ്ലീം സ്ത്രീ വ്യഭിചരിക്കപ്പെട്ടു."

"കപ്പലണ്ടിപ്പിണ്ണാക്കു് തിന്നു് രണ്ടു് കൃസ്ത്യാനിയുവതികൾ ശർദിച്ചു മരിച്ചു."

മുഖ്യമന്ത്രിയുടെ മേശപ്പുറം എഴുത്തുകളെകൊണ്ടും കമ്പികളെക്കൊണ്ടും നിറഞ്ഞു ടെലഫോൺ മുറവിളികൂട്ടി. എല്ലാം പട്ടിണി പ്രശ്നം തന്നെ! നാശം.......! അദ്ദേഹം യാതൊന്നും ശ്രദ്ധിക്കാതെ, താടിക്കു് കൈ, താങ്ങു കൊടുത്തു് വെറുതെയിരുന്നു.

ആ ഇരുപ്പിൽ മന്ത്രിക്കസേര ചൂടുപിടിക്കുന്നതായിതോന്നി. ഖദർ ജൂബ്ബയുടെ അകത്തുള്ള മിനുസമേറിയ തടിച്ചശരീരം വിയർപ്പു പൊതിഞ്ഞു. വിയർപ്പിൽ ഖദർജൂബ്ബശരീരത്തോടു് അട്ടപിടിച്ചപോലെ ഒട്ടിനിന്നു.

ഹൃദയത്തിൻെറ അടിത്തട്ടിലൂടെ പട്ടിണി ബാധിച്ചു മരിച്ചവരുടെ ആത്മാക്കൾ അലറിപ്പായുന്നതായി തോന്നി. അദ്ദേഹം ഞെട്ടിയില്ല; കുലുങ്ങിയുമില്ല! ബങ്കാൾ ക്ഷാമകാലത്തു ശവശരീരങ്ങൾ ഓടകളിൽ അലിഞ്ഞു ചേൎന്നപ്പോൾ, ചില "മനുഷ്യസ്നേഹികൾ മന്ദഹസിച്ചിരുന്നില്ലേ?

!......................കായൽക്കരയിൽ വിറച്ചുനില്ക്കുന്ന ചെററക്കുടിലിലിരുന്നു, ക്ഷീണിച്ച മിഴിയിണകളെ ഇരുളിലേക്കു് പായിച്ചുകൊണ്ടു് മത്തായിച്ചേട്ടനെ കാത്തു് ഏലിക്കുട്ടി ഇരിക്കുകയാണു്. ഒരാഴ്ചയോളമായി അവർ അരിയുടെ ഭക്ഷണം കഴിച്ചിട്ടു്. ചക്കരവെള്ളവും കപ്പലണ്ടിപ്പിണ്ണാക്കുമാണു് അവരുടെ ആഹാരം. ആ ആഹാരം അവർ ഭക്ഷിച്ചു് ശീലിച്ചിട്ടില്ല; ഇന്നവർ ഭക്ഷിക്കുന്നു. ജീവൻ നിലത്തേണ്ടേ? ആത്മാവു് എരിപൊരികൊള്ളുമ്പോൾ മനുഷ്യൻ തിന്നാത്തതെന്താണു്; പ്രവൎത്തിക്കാത്തതെന്താണു്?

മത്തായിച്ചേട്ടൻ കാലത്തു് കണ്ണും തിരുമി, കുടിലിൽനിന്നും പുറപ്പെട്ടതാണു്. എവിടേക്കു് പോകുന്നുവെന്നു പറഞ്ഞില്ല. എങ്കിലും വല്ല ജോലിയുമന്വേഷിച്ചാവും പോയിരിക്കുന്നതു്. വരുമ്പോൾ എന്തെങ്കിലും ഉണ്ടാകും. ഇതുവരേയും ഒഴിഞ്ഞകയ്യുമായി മത്തായിച്ചേട്ടൻ വന്നിട്ടില്ല.

ഇരുളിന്നു് കട്ടിവൎദ്ധിക്കുകയാണു്, ആകാശത്തു് ഒരൊററ നക്ഷത്രം പോലും ഇല്ല, കീഴെ ഭൂമിയിലും വെളിച്ചമില്ല. പണ്ടെല്ലാം കായൽക്കരയിലെ കുടിലുകളിൽ വരിവരിയായി വിളക്കുകൾ കാണാമായിരുന്നു. അന്നേരം ജീവിതത്തിൻെറ സംഗീതം അവിടെ അലയടിച്ചിരുന്നു – മാതാപിതാക്കന്മാരോടുള്ള കുട്ടികളുടെ പുന്നാരം പറച്ചിലും, വള്ളം തുഴഞ്ഞുകൊണ്ടുപോകുന്നവരുടെ നാടൻ പാട്ടുകളും കായൽക്കരയിലെ അന്തരീക്ഷത്തെ കോൾമയിർ കൊള്ളിച്ചിരുന്നു. എന്നാൽ ഇന്നു കായൽക്കര ശ്മശാനം പോലെ നിശ്ശബ്ദമായി തീൎന്നിരിക്കുന്നു. ചിലപ്പോൾ ആ പേടി

പ്പെട്ടത്തുന്ന നിശ്ശബ്ദതയെ കീറിമുറിച്ചു ചങ്ക്പൊളിച്ചുകൊണ്ടു യരുന്ന ശർദിയുടെ ശബ്ദം കേൾക്കാം.

ഏലിക്കുട്ടി മത്തായിച്ചേട്ടനെകാത്തു് കണ്ണുകഴച്ചപ്പോൾ, അകത്തേക്കു് കടന്നു് മകന്റെ അരികിൽ ചെന്നിരുന്നു. മങ്ങി ക്കത്തുന്ന പാട്ടവിളക്കിന്റെ അരികെ മകൻകിടന്നു് ഞരങ്ങുക യാണ്. ഞരക്കത്തിൽ അവന്റെ ശോഷിച്ച ശരീരം പൊങ്ങു കയും താഴുകയും ചെയ്യുന്നുണ്ടു്. ഏലിക്കുട്ടി കുനിഞ്ഞിരുന്നു അവന്റെ നെററിയിൽ കൈവെള്ള പതിച്ചുനോക്കി. സഹി ക്കാൻ വയ്യ; വല്ലാത്ത ചൂട്. തീക്കനൽ തട്ടിയപോലെ അവൾ കൈ പെട്ടെന്നു വലിച്ചു.

അവനു പനിയാണ്. അഞ്ചുവയസ്സു പ്രായമായ ആ കുട്ടി ആകെ ഞൊള്ളിച്ചുപോയി. നെഞ്ചിൽ പാടകെട്ടിയതിന്നു താഴെ എല്ലുകൾ മുഴച്ചുനില്ക്കുന്നു. അവന്റെ ദയനീയത കണ്ടു കൊണ്ടിരിക്കുവാൻ ഏലിക്കുട്ടിക്കു മനക്കരുത്തുണ്ടായില്ല. അവൾ ഏങ്ങിയേങ്ങി കരഞ്ഞു. കരച്ചിലിന്റെ തിരച്ചയിൽ അവ ളുടെ മാറു് ഉയർന്നുനിന്നു. അവൾ കുനിഞ്ഞു് അവന്റെ ചൂടുള്ള കവിളിൽ ഒന്നു ചുംബിച്ചു. എന്നിട്ടു് മൃദുവായി വിളിച്ചു.

"മോനേ....!"

അവൻ കണ്ണുകൾ വിടർത്തി ദയനീയമായി നോക്കി. പിന്നെ അതടഞ്ഞു.

മത്തായിച്ചേട്ടൻ കുടിലിലേക്കു കയറിവന്നപ്പോൾ ഏലി ക്കുട്ടി മകന്റെ അരികിൽ കുനിഞ്ഞിരുന്നു കരയുകയായിരുന്നു. അയാൾ അവനെ ഉററുനോക്കി. അവന്റെ മുഖം നീലച്ചിരി ക്കുന്നു; ചുണ്ടുകൾ വരണ്ടിരിക്കുന്നു. ഉള്ളിൽ കഞ്ഞിവെള്ളം ചെ ല്ലേണ്ടേ? രക്തം അല്പാല്പം വററിവരികയാണ്.

ഏലിക്കുട്ടി മിഴിവിടർത്തി മത്തായിച്ചേട്ടനെ നോക്കി. അവൾ തലതാഴ്ത്തി.

"ഒന്നും ഒത്തില്ലേ"

ഏലിക്കുട്ടി ചോദിച്ചു.

"ങ്............ഉം............"

അയാറം കൈമലത്തി.

"ചെക്കന് ക്ലൂടുതലാണ്, ഇത്തിരി കഞ്ഞിവെള്ളം കിട്ട്യെങ്കില്............"

ഏലിക്കുട്ടി നിരുദ്ധകണ്ഠയായി.

അയാറം കൈ മകൻെറ ഉടലിൽ പതിച്ചുനോക്കി. ശരിയാണ്. തൊട്ടുകൂടാ. വല്ലാത്ത ചൂട്. കാലത്തു് അയാറം പോകുമ്പോറം പനിക്ക് അത്ര കാഠിന്യമുണ്ടായിരുന്നില്ല—അയാളുടെ ഇടനെഞ്ച് തകരുന്നതായി തോന്നി. എത്ര വഴിപാടുകളും നേർച്ചകളും കഴിച്ചാണ് ഒരു "കുഞ്ഞിക്കാലു്" കാണാൻ കഴിഞ്ഞതു്. സ്നേഹനിധിയായ ഒരു പിതാവു് ഇതെങ്ങിനെ കണ്ടിരിക്കും. അയാറം ഇതികർത്തവ്യമൂഢനായിരുന്നു.

"മത്തായിച്ചേട്ടോ ...ാ....!...."

കുടിലിൻെറ പുറത്തുനിന്നാണ് ആ പരുപരുത്ത ശബ്ദമുയർന്നതു്. മത്തായിച്ചേട്ടൻ തലയുയർത്തി.

"വറീതുകുട്ടിയാവും"

ഏലിക്കുട്ടി പതുക്കെ മൊഴിഞ്ഞു.

"ആരാ?"

മത്തായിച്ചേട്ടൻ വിളിച്ചുചോദിച്ചു.

"ഞാനല്ലെ?"

ആ ശബ്ദത്തിലൂടെ വറീതുകുട്ടി പുരക്കകത്തേക്ക് കടന്നു് വന്നു. അയാളുടെ മുഖത്തു് അവ്യക്തമായ ഒരു പ്രകാശം പരന്നിരുന്നു. വട്ടച്ച കണ്ണുകറം ഗോട്ടിക്കായപോലെ തിളങ്ങി.

അറിഞ്ഞില്ലേ?

എന്തു്?

മത്തായിച്ചേട്ടൻ ഉൽക്കണ്ഠാകുലനായി.

സക്കാരു് സൌജന്യറേഷൻ കൊടുക്കാൻ തീരുമാനിച്ചതു്?

"അത്യേ...."

ആ ശബ്ദം ഏലിക്കുട്ടിയുടേതായിരുന്നു.

"അതേന്നു്—മൂർഖൻപാമ്പു് കടിച്ചപോലെത്തെ സത്യമാ"........

മത്തായിച്ചേട്ടൻ മൂകനായിരുന്നതേയുള്ളു. സർക്കാർകാര്യത്തിൽ അയാാം അവിശ്വാസിയാണു്. "പുലയന്റെ കാര്യം പുലർന്നാൽ" തീർച്ചയാകുമെന്നപോലെയാണു് സർക്കാർ വ്യവസ്ഥയും!

"മത്തായിച്ചേട്ടനെന്താ മിണ്ടാത്തതു്....?

വറീതുകുട്ടി ആരാഞ്ഞു. മത്തായിച്ചേട്ടൻ അലസതയോടെ മൊഴിഞ്ഞു.

"എടാ വറീതെ... ഇതു് സർക്കാരു് കാര്യമാ-മനുഷ്യരു് ചത്തുകഴിയുമ്പാവം അവരു് അരീംകൊണ്ടു് വരണതു്"

അതൊക്കെ വെള്ളക്കാരൻ ഭരിക്കുമ്പഴാ മത്തായിച്ചേട്ടാ—യിപ്പോ നമ്മുടെ കോങ്കരസ്സാ ഭരിക്കണതു്.

വറീതുകുട്ടി വിട്ടുകൊടുത്തില്ല. മത്തായിച്ചേട്ടനു് ദേഷ്യം വന്നു....!

പോടാ ച്ചെക്കാ—എല്ലാം തുലഞ്ഞില്ലേ? മനുഷ്യരു് ഉണ്ടായിട്ടുവേണ്ടെ, "കോങ്കരസ്സും തേങ്ങാപ്പിണ്ണാക്കും?"

സൌജന്യ റേഷനെക്കുറിച്ച സന്തോഷവാത്ത ഏലിക്കുട്ടിയുടെ വായിൽനിന്നു് അടുത്ത വീട്ടിലേക്കു് ചാടി. അവിടെനിന്നു അതു് അതിനടുത്തു് വീട്ടിലേക്കും. തേവനും; കുഞ്ഞാണ്ടിയും; ഉമ്മാനും; ഗോപാലൻ നായരുമെല്ലാം മത്തായിച്ചേട്ടന്റെ കുടിലിന്റെ മുററത്തു് തടിച്ചുകൂടി. വന്നവർ വന്നവർ ഒരുമിച്ചുചോദിച്ചു.

"നേരാണോ..............?"

"അതേന്നു്—മലയാററൂർ പള്ളികേറാതെപോലത്തെ സത്യം...."

വറീതുകുട്ടി തെല്ല് അഭിമാനത്തോടെ ഞെളിഞ്ഞുനിന്നു മൊഴിഞ്ഞു.

................നീറിനീറി മരിച്ചുകൊണ്ടിരിക്കുന്ന ജനങ്ങൾ, സൌജന്യ റേഷനെക്കുറിച്ചാലോചിച്ചപ്പോൾ ഒരിക്കൽക്കൂടി മന്ദഹസിച്ചു.

ദിവസങ്ങൾ രണ്ടുകഴിഞ്ഞു!

സൌജന്യറേഷനെക്കുറിച്ച് ഒരു വിവരവുമില്ല. സന്ധ്യവരെ ആളുകൾ റേഷൻഷാപ്പിൽ സൌജന്യറേഷൻ കാത്തുനിന്നു. സൌജന്യറേഷൻ മാത്രമില്ല. ജനങ്ങളുടെ അക്ഷമ പിറുപിറുപ്പിൽക്കൂടി പുറത്തുവന്നുതുടങ്ങി. ദൈനംദിനം മരണം എട്ടും പത്തുമായി വർദ്ധിക്കുകയാണ്.

.......... ഇന്ത്യൻ സ്വാതന്ത്ര്യസമരാദ്ധ്യായത്തിൽ ഹൃദയരക്തക്കുറിപ്പെഴുതിയ പൌരന്മാരാണു മരിക്കുന്നത്....... !

................വയലാറിലേയും; പുന്നപ്രയിലെയും ചുടുചോരകുതിർന്ന മണൽത്തരികളെ അവകാശപ്പെടുന്ന തൊഴിലാളികളാണ് പട്ടിണിമൂലം മരിക്കുന്നത്.......... !

അന്നും ജോലിതിരക്കി പുറപ്പെട്ട മത്തായിച്ചേട്ടൻ, സന്ധ്യമയങ്ങിയപ്പോൾ വെറും കയ്യോടെ നിരാശനായി കുടിലിലേക്കു കയറിവന്നപ്പോൾ........ മരിച്ച മകൻെറ മാറിൽ കമഴ്ന്നടിച്ച് ഏലിക്കുട്ടി ഏങ്ങിയേങ്ങിക്കരയുന്നതാണു കണ്ടത്. സ്നേഹമുള്ള പിതാവ് ആ ശോകരംഗം കുറെനേരം നോക്കിനിന്നു, അയാൾ കരഞ്ഞില്ല; കണ്ണിൽ കണ്ണുനീരിൻെറ ഉറവ വററിപ്പോയി.

മകന് അന്ത്യകൂദാശപോലും നൽകാൻ അയാൾക്ക് കഴിഞ്ഞില്ല.

ശവം മറവുചെയ്യേണ്ട പ്രശ്നമുയന്നു. അവർ നിസ്സഹായരാണ്. പള്ളിയിൽ ശവം മറവുചെയ്യണമെങ്കിൽ കുറച്ചു പണച്ചെലവുണ്ട്. നാടിനെ ബാധിച്ച വറുതിയുണ്ടോ, പള്ളി

യും പട്ടക്കാരനുമറിയുന്നു? പള്ളിയിൽത്തന്നെ മറവുചെയ്തില്ലെങ്കിൽ മകൻെറ ആത്മാവിനു പരിശുദ്ധത ലഭിക്കുകയില്ല!

അയാഠം ഏലിക്കുട്ടിയെ കഴിയുന്നതും സാന്ത്വനപ്പെടുത്താൻ ശ്രമിച്ചു; പക്ഷെ, അവളുടെ കരച്ചിൽ വർദ്ധിച്ചതേയുള്ളു. അയാഠം മകൻെറ മൃതശരീരം തോളിലിട്ട നിശ്ചലനായിനിന്നു; ഇടനെഞ്ച് തകരുകയാണ്. പക്ഷെ, കരച്ചിൽ വരുന്നില്ല.

അയാഠം പെട്ടെന്നു ഇരുളിലേയ്ക്ക് ഇഴഞ്ഞുനീങ്ങി.

രാവിൻെറ നിശ്ശബ്ദതയിൽ കായലിൽ എന്തൊ വീണ ശബ്ദമുയർന്നു........

"ബ്ളും.....!"

റോമാപുരി വെന്തെരിയുന്നു. നീറൊ ചക്രവർത്തി വീണ വായിച്ചിരിക്കുന്നു. പട്ടിണി കയ്യാംകളി നടത്തുമ്പോഠം, നാടു ഭരിക്കുന്ന മന്ത്രിമാർ സ്റ്റേററ് കാറിൽ ഓടിനടന്നു പ്രസംഗം തട്ടിമൂളിക്കുന്നു.

"ഇവന്മാരെന്തിനാ ഭരിക്കുന്നതു്?"

ഒരുത്തൻ മറെറാരുത്തനോടു ചോദിച്ചു. അയാഠം ഒഴിഞ്ഞുമാറി.

"മിണ്ടല്ലെ.....!... ജനകീയാ"

"ങ്ങട് ബരട്ടെ ഓട്ടുചോയ്ക്കാൻ...."

"കാ കായിനു കുട്ട്യോളെ കൊല്ലുന്നബരു നാടുപരിച്ചാ നന്നാബൊ?"

ആയിടെ ടി. ബി. യിൽ വന്ന മുഖ്യമന്ത്രി ആരുടേയൊ ചോദ്യത്തിനു മറുപടി നൽകി.

"സൌജന്യറേഷനൊ! കേന്ദ്രഗവമ്മേണ്ടിൻെറ വാഗ്ദാനങ്ങളെക്കുറിച്ച് എനിക്കൊന്നുമറിഞ്ഞുകൂട...."

ആ വിവരം കേട്ടു മത്തായിച്ചേട്ടൻ പൊട്ടിച്ചിരിച്ചു.

"പൂയേ........"

DISTRIBUTING LIBRARY,
No. 5861
KOTTAYAM.

# 'നിന്റെ രാജ്യം വരണമേ'

കുഞ്ഞപ്പി നിരാശനായി.

പ്രകാശം ഇരുളിന്റെ ഗർഭത്തിലേക്ക് അലിഞ്ഞലിഞ്ഞു പോകുന്നതുനോക്കി അയാൾ ഇറയത്തിരുന്നു.

ആ കുടിലിനെ ഒരു മൂകത വലയം ചെയ്തിരിക്കയാണ്. ഒച്ചയില്ല, അനക്കമില്ല, വെറും നിശ്വാസംമാത്രം! ഒരു മരണം കഴിഞ്ഞ വീടുപോലെ! ആ മരവിച്ച മൂകതയിൽ കുഞ്ഞപ്പി പ്രപഞ്ചത്തിലെ അനന്തവേദന അനുഭവിച്ചിരുന്നു. ബാഹ്യമായല്ല, ആന്തരികമായി.

നിരാശ, ഹൃദയത്തിൽ ഈർച്ചവാളിട്ടു വലിക്കുന്നു—ആ വേദന അസഹ്യമാണ്.

"മറിയക്കുട്ട്യേ...."

അയാൾ പെമ്പിള്ളയെ വിളിച്ചു. ആ വിളിക്ക് ഒരു നേരിയ കരച്ചിലിന്റെ പ്രതീതിയുണ്ടായിരുന്നു. അയാൾ അവളെ പ്രതീക്ഷിച്ച് അകത്തേക്കു നോക്കിയിരുന്നു.

കുടിലിലെ ഘനീഭവിച്ച ഇരുളിൽ ഒരു ചലനമുണ്ടായി. ആ ചലനം വാതിലിന്റെ പിന്നിൽ വന്നുനിന്നു കഴുത്തുനീട്ടി. ഇരുപത്തൊന്നു വയസ്സായ തന്റെ ഭാര്യയുടെ നഗ്നമായ കഴുത്ത്; കുഞ്ഞപ്പി അവളെത്തന്നെ ഉററുനോക്കിയിരുന്നു.

അയാൾ അവളെ വിവാഹം കഴിച്ചപ്പോൾ ഒരു സുന്ദരിയായിരുന്നു. കാട്ടുതാറാവിൻെറ നടത്തവും, ജീവനുള്ള മിഴികളും അയാളുടെ ഹൃദയത്തിൽ ഇന്നും നിഴലിക്കുന്നു. പക്ഷെ ഇന്നാ സൌന്ദര്യധോരണി നിലച്ചു. മൂന്നു പ്രസവിച്ചു. ഇപ്പോൾ പത്തു പ്രസവിച്ച അവശ്ത തോന്നും. ശരിക്കു പോഷകാംശമുള്ള ഭക്ഷണംകഴിക്കാത്തതുകൊണ്ടാണ് അവൾ കാററുപോയ "ഫുഡ് ബോൾ ബ്ളാഡർ"പോലെയായിത്തീർന്നതു്.

"എന്തേ വിളിച്ചതു്?"

പെമ്പിള്ള ചോദിച്ചു. അയാൾ അതിനുത്തരമായി ഒന്നു നോക്കിയതേയുള്ളു. നിസ്സഹായത നിഴലിച്ചനോട്ടം. അവരുടെ മിഴികൾ തമ്മിലിടഞ്ഞു. അവൾ മുഖം തിരിച്ചുകളഞ്ഞു. പരിഭവിച്ചിരിക്കയാണ്.

ആരുമാരും മിണ്ടിയില്ല. നിശ്ശബ്ദത. ഒരു ചുളുചുളുപ്പൻ കാററ് ആ കുടിലിനെ ആശ്ലേഷിച്ചു കടന്നുപോയി.

"അകത്തെന്താ വിളക്കു വെക്കാത്തെ?"

അയാൾ ചോദിച്ചു.

"മണ്ണെണ്ണ വേണ്ടേ?"

പെമ്പിള്ള തിരിച്ചൊരു ചോദ്യം.

"മണ്ണെണ്ണയില്ലേ?"

"ഒണ്ടെങ്കിൽ കത്തിക്കില്ലേ?"

പെമ്പിള്ളയുടെ ശബ്ദത്തിൽ വെറുപ്പിൻെറ ലാഞ്ഛന കടന്നുകൂടിയിരിക്കുന്നു. അയാൾ മിണ്ടാതിരുന്നു.

അയൽപക്കത്തു പടക്കംപൊട്ടുന്നു. ഓ, നാളെ ക്രിസ്തുമസ്സല്ലേ? അയാൾ ഓർത്തു. മഹത്വവും പരിശുദ്ധവുമായ ഉത്സവം. ആ വീട്ടിൽ ക്രിസ്തുമസ്സിൻെറ ഒരുക്കങ്ങളായിരിക്കുമിപ്പോൾ, തൻെറ വീട്ടിലും ക്രിസ്തുമസ്സിൻെറ ഒരുക്കങ്ങൾ വേണ്ടേ? പക്ഷെ കഴിവില്ല. കുഞ്ഞപ്പി അയാളോളം പഴക്കംചെന്ന കയററു കട്ടിലിൽ കയറിക്കിടന്നു.

DISTRICT LIBRARY, KOTTAYAM No. 5861

അടുക്കളയിൽനിന്നും ഒരു കരച്ചിലുയർന്നു. ആ കരച്ചിലിന്റെ അലയൊലി അയാളുടെ ചെവിക്കല്ലുകളെ തകർത്തു. കരച്ചിലിനു് ഊണം കൂടിക്കൂടി വരികയാണു്, ലില്ലിക്കുട്ടിയാണു് കരയുന്നതു്. അവളും കാലത്തുതൊട്ടു് ഒരു പാവാടക്കുവേണ്ടി വാശിപിടിച്ചിരിക്കയാണു്. കൊച്ചുകുട്ടികളല്ലെ? അവൾക്കു ഒരു പാവാട കിട്ടുകയെന്നുവെച്ചാൽ, സ്വർഗ്ഗരാജ്യം കിട്ടുകയെന്നാണു്. കുഞ്ഞപ്പിയുടെ ഹൃദയമലിഞ്ഞുപോയി. തനിക്കൊരു പാവാടപോലും വാങ്ങിക്കൊടുക്കാൻ കഴിഞ്ഞില്ല, കഴിഞ്ഞില്ല.. നിർഭാഗ്യവാനായ ഒരു പിതാവു്. അയാൾക്കു ലജ്ജതോന്നി.

കരച്ചിൽനിലക്കുന്നില്ല. മറിയംകുട്ടി ശാസിക്കുന്നുണ്ടു്.

"എന്തെടി പെണ്ണേ ഞീളുന്നതു്?"

എനിക്കു് പാവാടാ.......

"അച്ചായൻ എല്ലാം കൊണ്ടന്നില്ലോടി......"

KOTTAYAM PUBLIC LIBRARY 83237

അപ്പറഞ്ഞതിന്റെ അർത്ഥം ഒന്നും കൊണ്ടുവന്നില്ലെന്നാണു. കരുതിക്കൂട്ടിയാണോ താൻ ഒന്നും കൊണ്ടുവരാഞ്ഞതു്? അയാൾ അവളോടു് അരിശം കയറി.

അന്നയാൾ പകൽ മുഴുവനും കോടാലി തോളിലേന്തി സർവ്വവീടുകളുടേയും, ചായപ്പീടികകളുടേയും വാതുക്കൽ ജോലി അന്വേഷിച്ചു. ജോലി കിട്ടിയില്ല. അയാൾ എന്തുചെയ്യും?

"കൊച്ചുറോസിക്കു് അവളുടെ അച്ചായൻ പാവാടമേടിച്ചുകൊടുത്തു. എനിക്കു പള്ളീലു് പോവാൻ ഒന്നൂല്ലാ........യീ.... യി.......യീ......."

ലില്ലിക്കുട്ടി ഏങ്ങലുകളിൽക്കൂടി പറഞ്ഞു. മറിയംകുട്ടി അലറി.

"കൊച്ചുറോസിക്കു് പാവാടയല്ല, വിമാനം വേണേലും കിട്ടും നീയ്യതുകണ്ടു തുള്ളണൊ?"

കയറുകട്ടിലിൽ കിടക്കുന്ന കുഞ്ഞപ്പിക്കു വിമ്മിഷ്ടമായി പെമ്പിള്ളക്കെന്താ കുട്ടിയെ സാന്ത്വനപ്പെടുത്തിയാൽ.

അയാാം കട്ടിലിൽനിന്നുമെണീററ് അടുക്കളയിലേക്കു ചെന്നു. അടുപ്പത്തുനിന്ന് കലമിറക്കി കമിഴ്ത്തിവെച്ചു. അതിന്നരികെ ഇരിക്കുന്നതു് അയാാം കണ്ടു. ലില്ലിക്കുട്ടി അവിടെ മലർന്നുകിടന്നു് ഏങ്ങലടിക്കുകയാണ്. അടുത്തുതന്നെ മൂത്തവനായ ജോണിയും നിൽക്കുന്നു.

അയാാം ലില്ലിക്കുട്ടിയെ എടുത്തു തോളിലിട്ടു്, അവളുടെ പുറം തലോടി സമാശ്വസിപ്പിച്ചു.

"മോളു്ക്കു നാളെ അച്ചായൻ ഉടുപ്പുതൈപ്പിച്ചു തരാട്ടോ-യിപ്പം കരേണ്ട"

ജോണിക്കുട്ടി അപ്പോാം ഒരു പഴുതുകണ്ടു. അവൻ ഓർമ്മപ്പെടുത്തി.

"എനിക്കൊരു ടൌസ്സറും"

"എല്ലാർക്കും മേടിക്കും"

കുഞ്ഞപ്പി ലില്ലിക്കുട്ടിയെ താഴെയിറക്കി. അവാംകരച്ചിൽ നിറുത്തി. അയാാംവീണ്ടും കട്ടിലിൽവന്നു മലർന്നുകിടന്നു.

അകത്തു് പാട്ടച്ചിമ്മിനി കണ്ണുതുറന്നു. അതിൻെറ നേരിയ പ്രകാശം അവിടെ തടിച്ചുനിന്ന ഇരുട്ടിനെ തള്ളിനീക്കി. കുഞ്ഞപ്പി കട്ടിലിൽ കിടന്നു വിളിച്ചു ചോദിച്ചു.

"യിപ്പം മണ്ണെണ്ണയെവിടന്നു കിട്ടി?"

"പാറച്ചോത്തി തന്നതാ"

മറിയംകുട്ടി മൊഴിഞ്ഞു. അയാാം പിന്നെ ഒന്നും ശബ്ദിച്ചില്ല. എന്തു ശബ്ദിക്കാൻ! അടുത്ത വീട്ടിൽ ക്രിസ്തുമസ്സിൻെറ ഒരുക്കങ്ങളാണ്. അവിടെ എന്തെല്ലാമായിരിക്കും ഒരുക്കങ്ങാം. കോഴിയെ വറുത്തതു്, താറാവുമുട്ട പൊരിച്ചതു്, ഇറച്ചി, ചാരായം, ബ്രാണ്ടി. അയാളുടെ നാക്കിൽ വെള്ളമൂറി. സ്വപ്നത്തിലെന്നോണം അയാാം ആ വക പദാർത്ഥങ്ങളുടെ സ്വാദ് ആസ്വാദിക്കാൻ ശ്രമിച്ചു.

"സ്വർഗ്ഗസ്ഥനായ പിതാവേ.......!"

അകത്തു പെമ്പിള്ള പ്രാത്ഥിക്കുന്നു...."വെയ്ക്കാൻ" അരിയില്ലാത്തപ്പോഴല്ലേ പ്രാത്ഥന അയാഠംക്കു ദേഷ്യം വന്നു.

"നിയ്യെന്താടീ മൂളണതു്?"

"ഞാൻ പ്രാർത്ഥിയ്ക്കാ...."

പ്രാർത്ഥിച്ചാ വിശപ്പു മാറോടി...."

"ദൈവദോഷം പറയല്ലെ"

പോടി കുടന്നു–നിൻെറ അമ്മനെക്കെട്ടിക്കണെ പ്രാത്ഥന"

അയാഠം കട്ടിലിൽ എണീററിരുന്നു.

"ഇതെന്തുകുത്താ കത്താവേ....... അങ്ങാടിലു് തോററാ, അമ്മോടാ ദേഷ്യം തീർക്കാ......."

"നീ പ്രമാണം പറയണ്ടടി ..."

അയാഠം അൽപ്പസമയം നിശ്ചലനായിരുന്നു. വയററിൽ എരിച്ചിലെഴുന്നു. അയാഠം കാലത്തു ഒരു ചായ കഴിച്ചതാണു്. പിന്നെ ഒന്നുംതന്നെ കഴിച്ചിട്ടില്ല. പെമ്പിള്ളക്കും കുട്ടികഠംക്കുമുണ്ടാകും വിശപ്പു്.

''നീയ്യൊന്നിങ്ങോട്ടു വന്നേ"

മറിയംകുട്ടി പ്രാത്ഥന മതിയാക്കി അയാളുടെ അരികിലേക്കുചെന്നു.

"ആ കോടാലി അങ്ങാട്ടു് പണേംവെച്ചാലെന്താ? നീ വല്ലയിടത്തും കൊണ്ടോയി രണ്ടു രൂപാ വാങ്ങിച്ചുകൊണ്ടുവന്നേ........ നാളെ ക്രിസ്തുമസ്സല്ലേ? കുട്ടികളെ പട്ടിണിക്കിടാൻ പററൊ?"

അയാഠം അവളുടെ മുഖത്തേക്കു തുറിച്ചുനോക്കി.

"ഞാനീ രാത്രീലു എവിടെ കൊണ്ടോവാനാ?

"പാറേച്ചോത്തിടെ അടുക്കലു പോയിവാ. കുട്ടികളുടെ കരച്ചിലു് എങ്ങിനെ കേട്ടിരിക്കും!"

"പിന്നെ ജോലിക്കുപോകാൻ...."

"ആദ്യം ക്രിസ്തുമസ്സ് കഴിയട്ടെ....എന്നിട്ടാവാം ആ കാര്യം"

അവരം കോടാലിയെടുത്ത് ഇരുട്ടിലേക്കു മറഞ്ഞു.

കുഞ്ഞപ്പിയുടെ ജീവിതത്തെ ആശ്വസിപ്പിച്ചിരുന്ന ഒരായുധമാണ് അത്. അതയാരംക്കു കിട്ടിയതു് അയാളുടെ അച്ചായനിൽ നിന്നാണ്. അച്ചായനു കിട്ടിയതൊ....ആവൊ....?

ഒരു കുടുംബം പുലർത്താൻ അച്ചായൻ തനിക്കുതന്ന ഒരായുധം! ജീവിക്കാനുള്ള ആകാംക്ഷയിൽ അയാരംക്കതു് സ്വീകരിക്കാതെ പററുമോ? കുഞ്ഞപ്പി കോടലിയെടുത്തു സമരം തുടങ്ങി.

കുഞ്ഞപ്പി കോടാലി തോളിലേന്തി നടന്നു. പ്രഭാതത്തിൻെറ ആദ്യകിരണം, കിഴക്കൻ മലകളെ ചുംബിക്കുന്ന ആകാശത്തെ അരുണിമപകത്തുമ്പോരം അയാരം ജോലിക്കു പുറപ്പെടും. സന്ധ്യയാകുന്നതുവരെ ഹോട്ടലുകളിലും വീടുകളിലും കയറിയിറങ്ങിക്കഴിയുമ്പോരം, ജീവിക്കാനുള്ള ഒരു ചെറിയ തുക കയ്യിലുണ്ടായിരിക്കും.

അങ്ങിനെ കോടാലിയെടുത്തു ജീവിതത്തോടു സമരം ചെയ്യുന്നതിനിടയിൽ അയാരം വിവാഹിതനായി. ആയിടെ അയാളുടെ അമ്മയും മരിച്ചു. പിന്നെ അയാരംക്കു രണ്ടു കുട്ടികളുണ്ടായി, എങ്ങിനെയുണ്ടായി? എങ്ങിനെയൊ ഉണ്ടായതാണെന്നാണ് അയാളുടെ വിശ്വാസം. മൂന്നാമതു മറിയംകുട്ടി ഗർഭമായപ്പോരം പറഞ്ഞു:

നീയിനി പെറെണ്ട-യിങ്ങിനെ പെററുകൂട്ടിയാൽ ചിലവുകൊടുക്കാൻ വല്ലതുണ്ടോ, യിവിടെ-—....

"ദൈവം തമ്പുരാന്മാര് തരണതല്ലെ?"

ഭാഗ്യത്തിനു മൂന്നാമത്തെ കുട്ടി ചാവുകുട്ടിയായിപ്പോയി.

* * * *

മറിയംകുട്ടി തിരിച്ചുവന്നു. കുഞ്ഞപ്പി ഉൽക്കണ്ഠയോടെ ചോദിച്ചു:

"എന്താ–? ഒത്തോ?"

"എവിടന്നു് ഒക്കാനാ?"

"അവറം കോടാലി ഇറയത്തുവെച്ചു"

"എന്നാ ചുമ്മാ കെടക്കു്...."

"കൊച്ചുങ്ങളുടെ കാര്യമായെനിക്കു്"

"നീയ്യെന്തിനു പെറാൻപോയ്"

അവറം ഉഗ്രമായി ഒന്നു തുറിച്ചുനോക്കി. കുഞ്ഞപ്പി വിയർത്തുപോയി. അവറം അകത്തേക്കുപോയി.

കുഞ്ഞപ്പി താടി തടവി ഇരുളിലേക്കു് തുറിച്ചുനോക്കി. അടുത്ത വീട്ടുകളിൽ ഗ്ലാസുകറം കൂട്ടിയടിക്കുന്ന ശബ്ദം കേറംക്കാം അയാറം ചുമരിൽ തൂക്കിയിരിക്കുന്ന വിശുദ്ധ പുണ്യവാളൻെറ ഫോട്ടം നോക്കി, നെററിയിൽ കുരിശുവരച്ചു.

മറിയംകുട്ടി അകത്തുചെന്നിരുന്നു അടുക്കളയിലേക്കു നോക്കി. ജോണിയും ലില്ലിക്കുട്ടിയും അടുക്കളയിൽ കിടന്നുറങ്ങുകയാണ്. അവറം ബൈബിറം നിവർത്തി വായനതുടങ്ങി. "അദ്ധ്വാനിക്കുന്നവരും, ഭാരം ചുമക്കുന്നവരും, എൻെറ അടുക്കൽവരുവിൻ, ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം. ഞാൻ സൗമ്യതയും താഴ്മയുമുള്ളവൻ ആകയാൽ എൻെറ നുകം ഏററുകൊണ്ടു് എന്നോടു പഠിക്കുവിൻ, എന്നാൽ നിങ്ങളുടെ ആത്മാക്കറംക്കു് ആശ്വാസം കണ്ടെത്തും. എൻെറ നുകം മൃദുവും എൻെറ ചുമടു് ലഘുവും ആകുന്നു........"

കുഞ്ഞപ്പി കട്ടിലിൽ കിടന്നു ഞരങ്ങി.

"നിൻെറ രാജ്യം വരണമേ.........."

........

# നനഞ്ഞ കണ്ണുകൾ

അവിടെ ഒരു മാളിക ഉയർന്നിരിക്കുന്നു!

അവിടെ ഒരു മാളിക ഉയർന്നുവരുമെന്ന പ്രതീക്ഷ എനിക്കുണ്ടായിരുന്നില്ല. പക്ഷെ, അതു സംഭവിച്ചു. ആ മാളികയുടെ ജനനമുണ്ടായിട്ട് രണ്ടോ മൂന്നോ വർഷങ്ങളായിക്കാണുമെന്നുതോന്നുന്നു.

എനിക്കാ മാളികയെക്കുറിച്ചു ഒന്നുംതന്നെ പറയുവാനില്ല, അതെന്താണെന്നോ ......? ആ മാളികയുടെ സ്ഥാനത്തു ഒരു കൊച്ചുകുടിലുണ്ടായിരുന്നു. ഞാൻ കുഞ്ഞായിരിക്കുമ്പോൾ, ആ കുടിൽ എന്റെ ജീവിതവുമായി ബന്ധപ്പെട്ടിരുന്നു.

എന്റെ അയൽപക്കമായിരുന്നു ആ കുടിൽ—ഇന്നു മാളിക. അതൊരു കൊച്ചുപറമ്പാണ്. കാട്ടുചെടികളും കൈതകളും ഇടതൂർന്നു വളരുന്ന ഒരു പറമ്പ്. അവയുടെ ഇടയിൽ മന്ദഹാസത്തിന്റെ അലയൊലിയുമായിട്ടാണ് ആ കുടിൽ നിന്നിരുന്നത് ഓലകെട്ടി മേഞ്ഞ ആ കുടിലിനു ഒരു സവിശേഷതയുണ്ടായിരുന്നു. അതിന്റെ ഭിത്തികൾ മണ്ണുകുഴച്ചു പിടിപ്പിച്ചതാണ്, ചുണ്ണാമ്പുമെഴുകി മെനവരുത്തിയിരുന്നു.

ആ കുടിൽ എന്റെ വിഹാരരംഗമായിരുന്നു.

കിഴക്കു വെള്ളകീറിയാൽ, ലീലാലോലുപനായ ഞാൻ കിടക്കപ്പായയിൽനിന്നും എണീററു് അങ്ങോട്ടു ഓടും, എൻെറ വീടിൻെറ തെക്കുവശത്തുള്ള ഒരു വേലി കവച്ചുവെക്കണം, അത്രയേയുള്ളു. അവിടെ എന്നെയും പ്രതീക്ഷിച്ചു്, വിടർന്ന ജീവനുള്ള നീലക്കണ്ണുകളോടുകൂടിയ ഒരുത്തി ഇരിക്കുന്നുണ്ടാകും. എൻെറ നിഴലാട്ടം കാണുമ്പോൾ; നിലാവു കട്ടപിടിച്ച ശരീരകാന്തിയുള്ള അവളുടെ ചെഞ്ചൊടികളിൽ മന്ദഹാസത്തിൻെറ മുല്ലമൊട്ടു വിരിയും.

ഞങ്ങളൊത്തു ചേർന്നാൽ പിന്നെ ഓട്ടമായി, ചാട്ടമായി, കൂക്കുവിളിയായി. വെൺമയോലുന്ന മണൽത്തിട്ടകളിലും, കുളിർതെന്നലിൽ ഫുല്ലസ്തനങ്ങൾ മൂടിചൂടി ച ഞ്ചാടുന്ന കാട്ടുചെടികളുടെ ഇടയിലും ഞങ്ങൾ ഒളിച്ചുകളിനടത്തും വിശപ്പു് ഞങ്ങൾ അറിയുകയില്ല.

അപ്പോഴേയ്ക്കും അവളുടെ അമ്മ വിളിക്കുകയായി.

"ഏടി ജാനോ........"

"ഓ........"

വീണ തന്ത്രികളിൽ കൈ ചലിപ്പിക്കുമ്പോഴുണ്ടാകുന്ന സ്വരമാധുര്യത്തോടെ ഞങ്ങൾ വിളികേൾക്കും.

ഞങ്ങൾ ഒരുമിച്ചുതന്നെ കഞ്ഞികുടിക്കും. ആ കുടുംബക്കാൎക്കു് എന്നെ വലിയ കാൎയ്യമാണു്.

പിന്നെ ഞങ്ങൾ അദ്ധ്യാപകനും വിദ്യാൎത്ഥിയുമായി കളിക്കും. ജാനു എന്നെക്കാളും ആറുവയസ്സിനു് ഇളപ്പമാണു്. വെള്ള പുള്ളികളുള്ള നീലപ്പാവാടയും, ചുവന്ന സില്ക്കുബ്ലൌസ്സുമണിഞ്ഞ ആ ഉല്ലാസവതിയെ എനിക്കു പ്രിയമാണു്. എന്നാൽ അദ്ധ്യാപകനും വിദ്യാൎത്ഥിയുമായി കളിക്കുമ്പോഴാണു് ഞങ്ങൾ തികച്ചും പിണങ്ങുക പതിവു്. അവൾക്കു് അദ്ധ്യാപകനാവണം. ഞാൻ സമ്മതിക്കുമോ.......?

"ഞാൻ മാഷാവും."

അവാം പറയും.

"ഞാൻ മാഷാവും."

ഞാൻ പറയും.

"എന്നാ ഞാനില്ല."

"എന്നാ ഞാനുമില്ല."

അവാം മൂകതവരിക്കും.

"എടി പെണ്ണേ ......"

ഞാൻ വിളിക്കും. അവാം മിണ്ടുകയില്ല. തലതാഴ്ത്തിനില്ക്കും.

"നിന്നെയാ വിളിച്ചതു്."

ഞാൻ

"ഊ-ം?"

അവാം വിദൂരതയിൽനിന്നോണം വിളികോംക്കും.

"എന്നോടു കളിക്കേണ്ട."

എൻെറ സ്വരമപ്പോാം പരുഷമായിരിക്കും.

"എന്താ കളിച്ചാലു്....?"

അവാം ഉള്ളിലൊതുങ്ങാത്ത സങ്കടം പുറത്തുവിടും.

"നിന്നെ ഞാൻ അറക്കും."

"പിന്നെ........!"

"അറത്തു് ഉപ്പിലിടും."

ഊറിവരുന്ന ചിരിയടക്കി ഞാൻ പറയും.

"പിന്നെ....... !"

"പിന്നെ കുറേശ്ശെ കുറേശ്ശെ വറക്കും."

"ങ്ഉ്........"

"എടി കള്ളി.......!"

"ദേ........"

കാട്ടറോസപ്പൂവിൻെറ ഇതറുപോലുള്ള അവളുടെ കവിളിന്ന കൂടുതൽ ചുമക്കും. ജീവനുള്ള മനോഹരമായനീലക്കണ്ണുകറം ആർദ്രമാകും. അപ്പോഴെനിക്ക് ഉള്ളിലൊതുങ്ങാത്ത ചിരി ഊറിവരും. ആ കവിളിണകറം അങ്ങിനെ ചുമക്കുന്നതും, കണ്ണുകറം ആർദ്രമാകുന്നതും എനിക്കു സന്തോഷജനകമാണ്.

അങ്ങിനെയങ്ങിനെ ഞാനാ പെണ്ണിനെ നോക്കിനോക്കി രസിക്കുമ്പോറം, അവറം വിങ്ങിവിങ്ങി പൊട്ടിപ്പൊട്ടി കരയും. എനിക്കവളുടെ കരച്ചിൽ കണ്ടുകൂടാ. എൻെറ ദുർബ്ബലഹൃദയത്തിനു് അതു് അസഹ്യമാണ്. ഞാനവളെ മെയ്യോടെചേർത്തു ചുരുണ്ട തലമുടി തലോടി ആശ്വസിപ്പിക്കും.

"ഞാൻ വെറുതെ പറഞ്ഞതല്ലേ....!

"ങ്ഹൂ........"

"നീ മാഷായിക്കോ."

അപ്പോറം അവളുടെ ഓമനമുഖത്തു് ആനന്ദം അതിൻെറ പൊന്നൊളി വീശുകയായി, അധരപുടങ്ങളിൽ മുല്ലമൊട്ടു വിടരുകയായി.

ഞാൻ "കുട്ടിയാവും," അവറം മാഷാവും. എന്നിട്ടു് ഒരദ്ധ്യാപികയുടെ ഗമയോടെ ഒരു വടിയുമായി, അവളെൻെറ മുൻപിൽനിന്നു് ആജ്ഞാപിക്കും.

"പഠിച്ചോടാ...?"

"ഉവ്വ്!"

"എന്നാ കേക്കട്ടെ."

ക്ലാസിൽ സരസമ്മസ്സാറു പഠിപ്പിച്ച പദ്യം കാണാപ്പാഠം ചൊല്ലണം. ചൊല്ലിയില്ലെങ്കിൽ അവറം അടിക്കും. അടിക്കുമെന്ന ധാരണ എനിക്കു തികച്ചുമുണ്ടു്. പലപ്പോഴും അങ്ങിനെ സംഭവിച്ചിട്ടുമുണ്ടു്. ഞാൻ ചൊല്ലും.

"ഈ വല്ലിയിൽനിന്നു ചെമ്മെ—
പൂക്കാം പോവുന്നിതാ പറന്നമ്മേ—"

പിന്നെ:

"ഓമനത്തിങ്കാംക്കിടാവോ-നല്ല,
കോമളത്താമരപ്പൂവോ........?"

ഞങ്ങളുടെ കുട്ടിക്കളി, അവളുടെ അമ്മയെ ആനന്ദചിത്തയാക്കിയിട്ടുണ്ട്. ആ അർദ്ധപ്രായക്കാരിയിൽ ഒരു ചൈതന്യം നാമ്പെടുക്കും. അവാം പറയും.

"എന്റെ മോളേ പഠിപ്പിച്ച് ഒരു മാഷാക്കും."

അതെ-അവരുടെ മകളെ പഠിപ്പിച്ച് ഒരദ്ധ്യാപികയാക്കണംപോലും! അത് അവരുടെ ആയിരമായിരം സുന്ദരസ്വപ്നങ്ങളിൽ ഒന്നായിരിക്കും. അവരുടെ "ആഗ്രഹം" എനിക്കു ജാനുവിനെ കളിയാക്കുന്നതിന് ഒരു കരുവും കൂടിയായി. ഞാൻ അവളെ സ്ഥാനത്തും അസ്ഥാനത്തും കളിയാക്കും.

"പിന്നെ എന്തടി ജാനുമാഷെ?"

"അതിക്കോന്നും കള്യാക്കേണ്ടടാ മോനേ........"

ആ അമ്മ എന്നെ ശാസിക്കും.

ജാനുവിനു് അമ്മയും അച്ഛനുമുണ്ട്. അവരുടെ പരിലാളനകളിലും ശിക്ഷണത്തിലും അവാം വളരുന്നു. അവരുടെ ആശകളും അഭിലാഷങ്ങളും ജാനുവിലാണു കേന്ദ്രീകരിച്ചിരിക്കുന്നതു്. അവരുടെ ഏക സന്താനമാണവാം! അതും വൈകികിട്ടിയ ഒരു ഫലം.

ജാനുവിന്റെ അച്ഛനു തൊഴിൽ തെങ്ങുചെത്തലാണ്. എട്ടുപത്തു തെങ്ങ് അദ്ദേഹം ചെത്തുന്നുണ്ട്. ദിവസത്തിൽ മൂന്നുപ്രാവശ്യം തെങ്ങിൽ കയറണം. ഒരു ഓന്തിനെപ്പോലെ തെങ്ങിൽ കയറുന്ന അദ്ദേഹത്തിന്റെ എല്ലുകാം നുറുങ്ങുകയില്ലെ

എന്നു ഞാൻ സംശയിച്ചിട്ടുണ്ട്. അദ്ദേഹത്തെ എല്ലായ്പ്പോഴും കള്ളുനാററമടിക്കും. ആ സമുദായക്കാരുടെ ജീവിതംതന്നെ ആ നാററവുമായി അഴുകിച്ചേർന്നതാണ്.

പ്രകാശമാവുമ്പോഴേക്കും, അദ്ദേഹം കല്ലുതട്ടി പൊടിയുണ്ടാക്കും. എന്നിട്ട് അരുവാക്കത്തി തീട്ടി മൂർച്ചകൂട്ടി, അരുവാപ്പെട്ടിയിൽ തിരുകി അരയിൽ കെട്ടും. പിന്നെ തെങ്ങിൽനിന്നു കള്ളെടുക്കുന്നതിനു "കുമ്പ"വുമായി പുറപ്പെടും. ആ കുടുംബം ഒട്ടുമുക്കാലും—അല്ല മുഴുവനും, അദ്ദേഹത്തെക്കൊണ്ടാണു കഴിയുന്നതു്. അദ്ദേഹത്തിനു നല്ല ആരോഗ്യമുണ്ട്.

ആ കുടിയിരിപ്പിടം അദ്ദേഹത്തിൻെറ സമ്പാദ്യമത്രെ! എത്രകൊല്ലങ്ങളുടെ അദ്ധ്വാനത്തിൻെറ ഫലമായിരിക്കും അതു്. അദ്ദേഹത്തിൻെറ തൊഴിൽ പാരമ്പര്യമായ ഒന്നാണ്.

പിന്നെ ജാനുവിൻെറ അമ്മ പായനെയ്യും ദിവസത്തിൽ ഒരു പായ മാത്രമേ അവൎക്കു നെയ്യുവാൻ സാധിക്കയുള്ളു. അങ്ങിനെ ഭാൎയ്യയും ഭൎത്താവുംകൂടി അദ്ധ്വാനിക്കുന്നു... ആൎക്ക്....? ജാനുവിനൊ, അതെ! അവരുടെ കുടുംബജീവിതം സുഖമാണ്.

ചിലപ്പോഴാം ജാനുവിൻെറ അഛൻ എനിക്കു കള്ളുതരും. ഒന്നുരണ്ടുദിവസം ഞാൻ കള്ളുവാങ്ങാൻ മടിച്ചു. അതിൻെറ നാററമടിക്കുമ്പോഴാം എനിക്ക് ഓക്കാനംവരും. ആ ഫഹയൻ നാസാരന്ധ്റംവഴി ശിരസ്സിലേക്കു തുളച്ചുകയറുമ്പോഴാം മനം പുരട്ടും.

ഒരുദിവസം മൂക്കുപൊത്തി ഞാനല്പം കുടിച്ചുനോക്കി. എനിക്കദ്ദേഹം കള്ളുതരുന്നതു ചിരട്ടയിലാണ്. കുറേശ്ശെ മധുരവുമുണ്ട്. കൂടാതെ പുളിയും എരുവും! പക്ഷെ; ആ പഹയൻ ഇറങ്ങിപ്പോകുന്നിടമെല്ലാം ഒരു തണുപ്പാണ്. ക്രമേണ ലഹരിയുടെ ഒരു വെല്ലുവിളി. ആ വെല്ലുവിളിയിൽ തലയെ ഒരു മന്ദത ആക്രമിക്കും. ഭൂമിയും ആകാശവും തലകീഴ് മറിയുന്ന ഒരനുഭൂതി!

ജീവിതം കള്ളകുപ്പിയാണെന്നു പറയുന്നതിൽ കാര്യമുണ്ട്. ആ മന്ദതയുംമറവും ആർക്കും മറക്കുവാൻ സാദ്ധ്യമല്ല.

ക്രമേണ ഞാനൊരു മുഴുക്കുടിയനായി. ജാനു എന്നെ കളിയാക്കും.

"അയ്യേ .......! കള്ളുകുടിയൻ."

"ഫോടി പെണ്ണുമാഷെ....ഫൂ!"

ഞാനവളെ ഒരാട്ടുകൊട്ടുക്കും.

ജാനുവിൻെറ അച്ഛനുമമ്മയും എൻെറ ഗോഷ്ടിത്തരത്തിൽ പുഞ്ചിരിതൂകും.

തെങ്ങുചെത്തൽ കേവലം ഒരദ്ധ്വാനപ്പെട്ട ജോലിയാണ്. കൊടുങ്കാററിനേയും, പേമാരിയേയും അവഗണിച്ച് ഏതു പട്ടാപ്പാതിരാക്കും തെങ്ങിൽ കയറണം. ജീവൻ പണയംവെച്ചുള്ള ജോലി! ഓന്തിനെപ്പോലെ തെങ്ങിൽ പററിപ്പിടിച്ചു കയറുമ്പോൾ ഒരു "മട്ട" പൊട്ടിയാൽ മതി, ആൾ നിലംപതിക്കാൻ! ഓ! ആ ജോലി മരണത്തിൻെറ മണിമഞ്ചത്തിൽ നൃത്തംചവിട്ടുന്ന ഭീകരതയുടെ അനുഭൂതിയാണ്, എന്നിക്കിന്നു്.

ജാനുവെ എൻെറകൂടെമാത്രമെ സ്കൂളിലേക്കു പറഞ്ഞയക്കുകയുള്ളു. എന്നെ അവർക്കതികഞ്ഞ വിശ്വാസമാണ്. എനിക്കതു അതീവപ്രിയവുമാണ്.

ജാനുവിനു കഴുത്തിലും കയ്യിലും സ്വർണ്ണമാലയും സ്വർണ്ണവളയുമുണ്ട്. അതു് അവളുടെ വെളുത്തുചുവന്ന മാറിടത്തിൽ കിടന്നു മിന്നുന്നതു കാണുവാൻ ഒരു കൗതുകമുണ്ട്. ആ ആഭരണങ്ങളെല്ലാം അവളുടെ അമ്മയുടേയും അച്ഛൻേറയും അവിശ്രമാദ്ധ്വാനത്തിൻെറ പ്രതിരൂപങ്ങളാണ്.

അവൾ തൻെറ ആഭരണങ്ങളെക്കുറിച്ചു പുകഴ്ത്തി പറയുമ്പോൾ, ഞാനെൻെറ കുടുംബമഹത്വത്തിൻെറ ചൂണ്ടുപലക

അവളുടെനേരെ ഉയർത്തിക്കാട്ടും. ഞാൻ ഈഴവരിൽ അല്പം 'സ്ഥാനമർഹിക്കുന്ന ഒരു തറവാട്ടിലെ അംഗമാണ്. ഞങ്ങൾ 'തണ്ടാ"ന്മാരാണ്. ഞങ്ങളുടെ കാരണവന്മാർക്കു വലിയ നാലു കെട്ടു മാളികയും, സർപ്പക്കാവുകളും കണ്ണെത്താത്ത കൃഷിയിടങ്ങളുമുണ്ടായിരുന്നു. ഇന്നും സർപ്പക്കാവിൽ അന്തിത്തിരി കത്തിച്ചുവെയ്ക്കുന്നുണ്ടല്ലൊ ...? ഇതെല്ലാം കേൾക്കുമ്പോൾ അവളുടെ തല താണുപോകും.

ഞങ്ങൾ നട്ടുവളർത്തിയ മുല്ലച്ചെടി പലവട്ടം പൂത്തു പരിമളംപരത്തി. ഞങ്ങളുടെ വിഹാരരംഗങ്ങൾ പലപല വ്യതിയാനങ്ങൾക്കും വിധേയമായി. ജാനുവിനെ താരുണ്യം മന്ദംമന്ദം തലോടുകയാണ്. നിലാവു കട്ടപിടിച്ച അവളുടെ വക്ഷസ്സിൽ മാംസം ഉരുണ്ടുകൊഴുത്തു. മനോഹരമായ അവളുടെ ജീവനുള്ള നീലമിഴികളിൽ പ്രതീക്ഷകളും സുന്ദരസ്വപ്നങ്ങളും തുങ്ങിനില്ക്കുന്നു. നിഷ്കളങ്കത നിഴലിക്കുന്ന അവളുടെ പുഞ്ചിരി അർത്ഥവത്താണ്. അതെ—അവൾ വിടൎന്ന ഒരു പനിനീർപുഷ്പമാണ്.

ആ വളൎന്ന പെണ്ണിനെ നോക്കിനില്ക്കുമ്പോൾ, എനിക്കു് അകാരണമായ ഒരു ലജ്ജ ജനിക്കും, ഞാനും ഒരു യുവാവായിരിക്കുന്നു. അതെ, ഇനിയൊരിക്കലും അവളുമായി കളിച്ചുരസിക്കുവാൻ കഴിയാത്തവിധം കാലം ഞങ്ങളെ അകററിനിർത്തിയിരിക്കുന്നു.

അന്നവൾ നാലാംഫാറത്തിലും, ഞാൻ അഞ്ചാംഫാറത്തിലും പഠിക്കുകയാണ്. വാസ്തവത്തിൽ പഠിത്തത്തിന്നു് എന്നെ സഹായിച്ചതു് എൻെറ ജ്യേഷ്ഠനായിരുന്നു. അദ്ദേഹം എൻെറ ഭാഗ്യത്തിനു പട്ടാളത്തിൽപോയി മരിച്ചു. എന്നെ സംബന്ധിച്ചിടത്തോളം അതൊരു വലിയ നേട്ടമായിരുന്നു.

ജാനുവിൻെറ അച്ഛനും അമ്മയ്ക്കും എപ്പോഴും മകളിലാണു ശ്രദ്ധ. അവളെ പഠിപ്പിച്ചു് ഒരദ്ധ്യാപികയാക്കണം! അവരുടെ സുന്ദരസ്വപ്നങ്ങളിൽ ഒന്നാണതു്. അവളുടെ വിദ്യാഭ്യാസ

ചിലവിലേക്കു് അവർ ഒരു ഭീമമായ സംഖ്യ ചിലവഴിച്ചിരുന്നു.

എനിക്കവളുടെ വീട്ടിൽ പോകുവാൻ ഒരു മടി! ഞാൻ ജാലകത്തിന്നരികെയിരുന്നു നോക്കുമ്പോഠം അവളെ കാണും. കാണുവാൻ വേണ്ടിയല്ല നോക്കുന്നതു്. കണ്ടുപോകും. കണ്ടുകഴിഞ്ഞാൻ ആ സൗന്ദൎയ്യത്തിടമ്പിൽനിന്നും ഞാനെന്റെ കണ്ണുകഠം പറിച്ചെടുക്കുവാൻ ബുദ്ധിമുട്ടിപ്പോകും. "എടികള്ളി" എന്നു വിളിക്കാൻ തോന്നും. പക്ഷെ, വാക്കുകഠം പുറത്തുവരാതെ ഹൃദയത്തിൽ കിടന്നു വീർപ്പുമുട്ടുന്നു. ആശകളും, വികാരങ്ങളും, അങ്ങിനെയങ്ങിനെ എല്ലാമെല്ലാം മൂകമാവുകയാണു്.

ഞാനങ്ങിനെ നോക്കിയിരിക്കുമ്പോഠം; ആ പനിനീർ പുഷ്പത്തിൽനിന്നു നിലാവുപോലെ ഒരു പുഞ്ചിരി ഉദിച്ചുയരും. ഒരു സാമ്രാജ്യം മുഴുവനും വിലയ്ക്കുവാങ്ങാൻ ഉതകുന്ന പുഞ്ചിരി—ഒരു കാമുകിയുടെ മന്ദാക്ഷമധുരമായ മന്ദഹാസം!

ചിലപ്പോഴെല്ലാം, അവളുടെ അമ്മ എന്നെ കാണുമ്പോഠം അന്വേഷിക്കും.

മോനെ കാണാൻ കൊതിയായല്ലൊ?"

അതൊരു പ്രത്യാഘാതമായിരുന്നു. ഞാനന്നു് ഇൻടറിന്നു് വായിക്കുകയാണു്, വീട്ടിൽവന്നിരിക്കുന്ന സമയം. സർക്കാറിന്റെ പ്രസ്സ്° നോട്ടു സംസാരിക്കുകയാണു്, "ചെത്തുനിറുത്തുക." അതു രാഷ്ട്രത്തിന്റെ മൌലികഘടനയുടെ സുരക്ഷിതത്വത്തിന്നു അനിവാര്യമാണു്."

അതറിഞ്ഞ ജാനുവിന്റെ കുടിലൊന്നു വിറച്ചുകാണും. അതുപോലെ ആയിരമായിരം കുടിലുകളും. നൂറു് നൂറു് കണക്കിന്നു ചെത്തുതൊഴിലാളികഠക്കു് തൊഴിലില്ലാതായി. അവർ എങ്ങിനെ ജീവിക്കും?

തൊഴിലില്ലാത്ത കുടുംബങ്ങളുടെ നേരെ ദാരിദ്ര്യം, കൂർത്ത ദംഷ്ട്രങ്ങളുമായി വാപൊളിച്ചു നിൽക്കുന്നു.

ആയിരമായിരം തീക്കട്ടകൾ ഓരോ തൊഴിലാളികളുടേയും ഹൃദയത്തിൽകിടന്നു പുകയുകയാണു... ഒരു കാററങ്ങ് ഊതിയാൽ ............അതങ്ങ് ആളിക്കത്തിയാൽ ...... !

അവരുടെ ജീവിതം ഭാവിയുടെ കടിഞ്ഞാൺ പൊട്ടിയ അനന്തതയിൽ അലയുകയാണ്. പട്ടിണിയുടെ തീച്ചൂളയിൽ എരിപൊരികൊള്ളുന്ന ആ തൊഴിലാളികൾ ഒരു സമരപ്രഖ്യാപനം ചെയ്താൽ.............

ആ കുടുംബക്കാർ ഒരു വഴിത്തിരുവിൽ സംശയിച്ചു നിൽക്കുകയാണ്. പട്ടിണി; പകർച്ചവ്യാധി; തൊഴിലില്ലായ്മ; സർവ്വോപരി ജീവിക്കണമെന്ന ഒരു പ്രശ്നവും!

ജാനുവിൻെറ അച്ഛനാണെങ്കിൽ വേറെ തൊഴിലൊന്നും അറിഞ്ഞുകൂട. അമ്മയുടെ അദ്ധ്വാനംകൊണ്ടു് ആ കുടുംബം എങ്ങിനെ പുലരും? അവളുടെ കഴുത്തിലെ മനോഹരമായ സ്വർണ്ണമാലയും, കയ്യിലെ സ്വർണ്ണവളയും മന്ദം മന്ദം റേഷൻകട മുതലാളിയുടേയും, കയർ മുതലാളിയുടേയും പക്കലേക്കു് ഒഴുകുകയാണ്. പിന്നെ വീട്ടിലെ ഓട്ടുപാത്രങ്ങളും

അദ്ധ്യാപികയാവേണ്ട ജാനുവിൻെറ പഠിത്തം നിറുത്തി. പ്രതീക്ഷകളും പ്രത്യാശകളും ഒന്നടങ്കം തകരുകയാണ്. വിടന്ന ജീവനുള്ള മിഴികളിൽ ബാഷ്പകണങ്ങൾ തുങ്ങിനിൽക്കുന്നു. ആ കാഴ്ച എനിക്കു് അസഹ്യമാണ്; എൻെറ ഹൃദയത്തിലെവിടെയോ ഒരു വേദന ഖനീഭവിക്കുന്നു.

ജാനുവിനെ ഞാൻ ജാലകത്തിലൂടെ കാണും. മുററിയ യൗവ്വനം അവളെ വീർപ്പുമുട്ടിക്കുകയാണ്. "നിനക്കും മാതാവാകേണ്ടേ"യെന്ന വികാരം അവളുടെ ഹൃദയത്തിൻെറ അഗാധതയിൽ മുട്ടിവിളിക്കുന്നുണ്ടാകും.

ജാനുവിൻെറ അമ്മക്കു വല്ലാത്ത പരിഭ്രമമാണ്. മകൾ പുരനിറഞ്ഞു നിൽക്കുന്നു. അതെങ്ങിനെ ഒരു മാതാവു കണ്ടു സഹിയ്ക്കും? അവളിലും അനശ്വരമായ ഒരു മാതൃത്വമില്ലേ?

"പാവങ്ങൾ! ഒന്നു പൊട്ടിപ്പൊടിച്ചു വന്നതേയുള്ളൂ. അപ്പോഴതാ ഈശ്വരന്റെ പണികണ്ടില്ലേ?

ഒരയൽപക്കത്തിന്റെ തകർച്ചയെക്കുറിച്ചു വീട്ടിൽ അമ്മ അപ്പനോടു പറയുകയാണ്. എനിക്കാ സംസാരം അത്ര ഇഷ്ടപ്പെട്ടില്ല. ഈശ്വരന്റെ പണിയത്രെ! എനിക്കു് ആരോടെല്ലാമോ രോഷവും പ്രതിഷേധവും പ്രകടിപ്പിക്കണമെന്നുണ്ടായി.

"ഈശ്വരന്റെ പണിയല്ല; ഇന്നത്തെ പതിവുമാറിയ വ്യവസ്ഥിതിയുടെ പണിയാണ്. എന്തിനാണ് ഈശ്വരനെ പഴിക്കുന്നതു് .. .... .. ?"

ഞാനതു ഉറക്കെ പറഞ്ഞില്ല. പറഞ്ഞാൽ ഞാൻ സർക്കാരിന്റെ ശത്രുവാകും

ആ കുടുംബത്തിൽ തീപ്പുക കാണാതായി. ഒന്നല്ല; രണ്ടല്ലാ പല നാളുകളും അങ്ങിനെ കടന്നുപോയി. എത്രപ്രാവശ്യം കടം കിട്ടും? അല്ലെങ്കിൽ ആരു് കടംകൊടുക്കുന്നു. കടം കുന്നുപോലെ കുമിഞ്ഞുകൂടുന്നു. റേഷൻകട മുതലാളിയുടെ കണ്ണിന്റെ ഗതി അവരുടെ പുരയിടത്തിലേക്കാണ്. അയാൾ രണ്ടുമൂന്നുതവണ അവിടെ വന്നു. ഒരു ദിവസം അയാൾ ഒരു വെളുത്ത കടലാസ് ജാനുവിന്റെ അച്ഛന്റെ നേരെ നീട്ടി. അദ്ദേഹം അതു വിറക്കുന്ന കൈകളോടെ വാങ്ങി, വിറച്ച കൈകളോടെ അതിൽ എന്തൊക്കെയോ വരച്ചു.

അപ്പോൾ ആ കുടിലിന്റെ അകത്തുനിന്നു് ഒരു നെടുവീർപ്പ് ഉയർന്നു. ജാനുവിന്റെ അമ്മ, അകത്തു് "കുന്തുകാലിൽ" ഒരു കൈകൊണ്ടു താടിക്കു താങ്ങുംവെച്ചു് ഇരിക്കുകയാണ്. ഒരു പ്രതിമപോലെ! അവിടെ പ്രകാശമററ മിഴികൾ വിദൂരതയിലെ വിയൊ അലയുകയാണ്. എനിക്കാ കാഴ്ച കണ്ടുനില്ക്കാൻ കഴിഞ്ഞില്ല; മെയ്യാകെ തളരുന്നു. ഒരു ദുരന്തനാടകം കണ്ട പ്രതീതിയോടെ ഞാൻ വീട്ടിലേക്കു മടങ്ങി.

ആ കുടിയിരുപ്പിടം റേഷൻകട മുതലാളിയുടേതായി. ഇനി അവക്ക് ആ മണ്ണിൽ തരിമ്പും അധികാരമില്ല.

ജാനുവിൻെറ അഛന് ഒരസ്വാസ്ഥത! ചിലപ്പോഠം അദ്ദേഹത്തിൻെറ പ്രവൎത്തികഠം കണ്ടാൽ ഭ്രാന്തുണ്ടെന്നു തോന്നിപ്പോകും.

ഒരു രാത്രി – നേരം പുലരുന്നതിനു മുൻപ് – ജാനുവിൻെറ കുടിലിൽനിന്നും കരച്ചിലുയൎന്നു. ഞാൻ ഉറക്കമുണൎന്നു അങ്ങോട്ടു ഓടി അവിടെ ആരും മരിച്ചലക്ഷണമൊന്നും കണ്ടില്ല. എങ്കിലും ജാനുവിൻെറ അമ്മ ശക്തിയായി നെഞ്ചത്തടിച്ചു നിലവിളിക്കുകയാണ്. ഞാൻ പകച്ചുനിന്നു. ജാനു വാതിലിൻെറമറവിൽനിന്നു തേങ്ങി തേങ്ങിക്കരയുകയാണ്. എന്നെക്കണ്ടപ്പോഠം അവളുടെ കരച്ചിലിനു വേഗത കൂടി.

സംഭവമാരായുന്നതിന്നു ആളുകഠം ഓരോരുത്തരായി വന്നു തുടങ്ങുകയാണ്. ഞാൻ വേദനയോടെ ചോദിച്ചു.

“എന്താണിതു്. എന്തുപററി?”

“അ.... ച്ഛൻ....”

അവഠം വിക്കിവിക്കി മൊഴിഞ്ഞു.

എനിക്കെല്ലാം മനസ്സിലായി അവളുടെ അഛൻ എങ്ങോ പോയി-ഒളിച്ചുപോയതാവും മരിക്കാനൊ, ജീവിക്കാനൊ? നിശ്ചയമില്ല ദാരിദ്ര്യത്തിൻെറ മുൻപിൽ മകഠംക്കു് അഛനില്ല അഛനു മകളില്ല, ഭാൎയ്യക്കു ഭൎത്താവില്ല, ഭൎത്താവിനു ഭാൎയ്യയില്ല എല്ലാ വിശുദ്ധ ബന്ധങ്ങളും വേർപെടുന്നു. താനായി, തൻെറ പാടായി.

ഞാൻ കുറച്ചു സമയം ഇതികൎത്തവ്യതാമൂഢനായി അവിടെ ത്തന്നെ തരിച്ചുനിന്നു. അങ്ങോട്ടുവരുന്ന ആളുകഠം വഴിക്കുവെച്ചു തിരിച്ചുപോയി. സഹാനുഭൂതിയോടെ ഞാൻ ജാനുവിനെ നോക്കി ആ ജീവനുള്ള നീലക്കണ്ണുകളിൽനിന്നും നീർച്ചാലുകഠം ഒഴുകുകയാണ്. ഞാൻ അവരെ സമാശ്വസിപ്പിക്കാൻ ശ്രമിച്ചു.

അക്കൊല്ലം കോളേജ് പൂട്ടി വീട്ടിൽ വന്നപ്പോഠം ആ അയൽപക്കം അവിടെയില്ലായിരുന്നു. അന്വേഷിച്ചപ്പോഠം അമ്മ പറഞ്ഞു:

"അവരെ ആ ദുഷ്ടൻ ആട്ടിപ്പുറത്തിറക്കി മോനേ...."

എൻെറ ഹൃദയത്തിൽ പെട്ടെന്നു ഒരു വേദന നാമ്പെടുത്തു. ആ റേഷൻകട മുതലാളി അവരെ ആട്ടിപ്പുറത്തിറക്കി....! കഴുത്തിൽ പിടിച്ചുതള്ളി പുറത്താക്കിയിരിക്കും.

ദൈവം സൃഷ്ടിച്ചതെന്നു പറയപ്പെടുന്ന മണ്ണിൽ പാവപ്പെട്ടവക്കു തരിമ്പും അവകാശമില്ലത്രെ! അതെല്ലാം മുതലാളിത്വം കയ്യടക്കുന്നു. എന്തിന്നു്? അവൻെറ സംസ്കാരവും ശാസ്ത്രവും വളർത്താൻ.

"അവരിപ്പോ എവിടെയാണ്.?"

കുറച്ചുകഴിഞ്ഞു ഞാൻ ചോദിച്ചു.

"ആവൊ?"

ഏകാന്തതയിൽ ഞാനെൻെറ ഓമ്മകളുമായി കഴിയുമ്പോഠം ജാനു എൻെറ മുൻപിൽ ഒരു നീലനക്ഷത്രംപോലെ വന്നുദിക്കും. മഴവില്ലുപോലെ പെട്ടെന്നു് മാഞ്ഞുപോകും. ആ കണ്ണുകഠംക്കു ജീവനുണ്ടു്. എങ്കിലും ആർദ്രമാണ്...............!

*

൧

# ഗാന്ധിയും കുരുവിയും

മാദകമായ ചുംബനത്തിന്റെ നിർവൃതിയിൽ അലിഞ്ഞു ചേരുന്ന ആൾത്തിരക്കുള്ള നാലുംകൂടിയ കവല. അതിനു പടിഞ്ഞാറുവശത്തു് ഉയർത്തിപ്പണിതിട്ടുള്ള ഒരു മണ്ഡപത്തിലാണു ജീവിതമൂല്യത്തിന്റെ മഹാസന്ദേശവുമേന്തിയ മഹാത്മാഗാന്ധിയുടെ പ്രതിമ നിലകൊള്ളുന്നതു്. ആ പ്രതിമ നിർമ്മിച്ചിരിക്കുന്നതു് ഈയ്യംകൊണ്ടാണു്. പുറമെ സ്വർണ്ണത്തകിടു പൊതിഞ്ഞിരിക്കുന്നു. കണ്ണുകൾ രണ്ടും രത്നങ്ങളാണു്. കണ്ണടയുടെ ഫ്രെമും സ്വർണ്ണംതന്നെ! സദാ മന്ദഹാസവുമേന്തി നിലകൊള്ളുന്ന ആ പ്രതിമ, ലോകത്തിന്നു ശാന്തിയുടേയും സമാധാനത്തിന്റേയും പ്രകാശം പൊലിയുകയാണെന്നുതോന്നും.

ആ കവലയിൽ ബസ്സിറങ്ങുന്നവർ ആദ്യമായി കാണുന്നതു് മഹാത്മാഗാന്ധിയുടെ പ്രതിമയാണു്. അവർ ആ പ്രതിമയിൽ, ഭൂമിയിൽ ആദ്യമായി വിപ്ലവത്തിന്റെ ബീജമെറിഞ്ഞുകൊടുത്ത ക്രിസ്തുവിനേയും; വീര്യഭാവം സ്ഫുരിക്കുന്ന നബിയേയും; ശാന്തിയുടെ കൈത്തിരിയേന്തിയ ബുദ്ധനേയും ദർശിക്കുന്നു.

"രാഷ്ട്രപിതാവാണു്."

"ക്രിസ്തുവാണു്."

"നബിയാണു്."

"എല്ലാമാണ്."

ആ പ്രതിമയുടെ സ്ഥാപകനായ നഗരപ്രധാനിയോടു ജനങ്ങൾക്കു നന്ദിയുണ്ടായിരുന്നു.

"അയാൾ ഒരു ഗാന്ധിഭക്തനാണ്."

"അതല്ല-ഒരു കലാസ്വാദകൻ കൂടിയാണ്."

ഒരു രാത്രിയിൽ—ആകാശത്തിൻെറ പരിശുദ്ധ നീലജലത്തിൽ ആമ്പൽപൂക്കളുടെ താരങ്ങളും; ചെന്താമരയുടെ അമ്പിളിയും വിരിഞ്ഞു നിറഞ്ഞുനിന്ന രാത്രിയിൽ-ആ നഗരത്തിന്നു മീതെ ഒരു കുരുവി ഏകയായി പറന്നിരുന്നു. തലേദിവസമാണ് അവളുടെ കൂട്ടുകാർ അടുത്ത ഗ്രാമത്തിലേക്കു പറന്നുപോയതു്. എന്നാൽ അവൾക്കുമാത്രം അവരുടെകൂടെ പോകുന്നതിന്നു തരപ്പെട്ടില്ല. കാരണം; അവൾ വഴിക്കുവെച്ച് ഒരു നാടൻ കുരുവിയെ പ്രേമിച്ചുപോയി. അവൻെറ ഗൌരവംനിറഞ്ഞ മുഖഭാവവും, അഴകൊഴുകുന്ന തിളങ്ങുന്ന മിഴികളുമായിരുന്നു അവളെ അനുരാഗബദ്ധയാക്കിയതു്. പക്ഷെ; അവൻ വിവാഹിതനായിരുന്നുവെന്ന രഹസ്യം അവൾക്ക് അറിവുണ്ടായിരുന്നില്ല. അവൾ അവനോടു തുറന്നുതന്നെ അപേക്ഷിച്ചു.

"ഞാൻ നിന്നെ സ്നേഹിക്കുന്നു. ജീവിതത്തിൻെറ പരിപൂർണ്ണത സ്നേഹമാണ്. ജീവിക്കുന്നവക്കു സ്നേഹം സ്വർഗ്ഗമാണ്-ഞാൻ നിൻെറ ഭാര്യയാകുവാൻ ആഗ്രഹിക്കുന്നു-"

അവൻ അവളുടെ അപേക്ഷകേട്ടു പൊട്ടിച്ചിരിച്ചുപോയ്! ചിരിച്ചുകൊണ്ടുതന്നെഅവൻമൊഴിഞ്ഞു.

"എൻെറ മണ്ടിപ്പെണ്ണെ! ഞാൻ വിവാഹിതനാണ്. സ്നേഹിക്കാനും സ്നേഹിക്കപ്പെടാനും എനിക്കൊരുത്തിയുണ്ടു്."

"ശരി. വന്ദനം, ഞാൻ കൂട്ടുകാരുടെ അടുത്തേക്കുപോകുന്നു."

അവൾ നിരാശയോടെ കൂട്ടുകാരെ തിരക്കി ആകാശത്തിലൂടെ പൊങ്ങിയും താണും പറന്നു. പകൽ അവസാനിച്ചു;

സന്ധ്യ ആഗമിച്ചു. അവരം രാത്രി കഴിച്ചുകൂട്ടുവാൻ ഒരഭയ സ്ഥാനമന്വേഷിച്ചു പറന്നു. നിലാവു ഘനീഭവിച്ച ആ രാത്രിയിൽ അവരം നഗരത്തിനുമീതെ പാറന്നപ്പോരം മഹാത്മഗാന്ധിയുടെ പ്രതിമ നില്ക്കുന്ന മണ്ഡപം കണ്ടു. അവരം ആ പ്രതിമയ്ക്കു കീഴിൽ താമസിക്കാൻ തീരുമാനിച്ചു. അതൊരു സ്വർണ്ണക്കൂടാണ്. ഹാ! എത്ര മനോഹരം! രാജോചിതമായ ഒരു മന്ദിരം!!!

"എനിക്കു താമസിക്കാൻ ഒരു സ്വർണ്ണക്കൂടു കിട്ടി."

അവരം ആഹ്ലാദിച്ചു.

അവരം പ്രതിമയുടെ കാൽക്കൽ ഉറങ്ങാൻ ഇരുന്നു. പക്ഷെ; കൊക്കു ചിറകിനുള്ളിലേക്ക് ഒളിപ്പിക്കുന്നതിനുമുൻപ് അവളുടെ ശരീരത്തിൽ ഒരുതുള്ളി വെള്ളം വീണു. അവരം ഞെട്ടി! ഈ കാലം വസന്തമാണല്ലൊ? പിന്നെ എങ്ങിനെ മഴത്തുള്ളി വീണു! അവരം ആകാശത്തേക്കു മിഴിവിടർത്തി പകച്ചുനോക്കി. ആകാശത്തു് ഒരൊററ കാർമേഘപടലംപോലും കാണ്മാനില്ല. അവിടെ താരങ്ങളും അമ്പിളിയും ആരുടേയോ വിവാഹമണ്ഡപത്തിന്നു തോരണം കെട്ടിയിരിക്കുന്നു!

പിന്നെയും ഒരുതുള്ളി വെള്ളവുംകൂടി അവളുടെ ഉടലിൽ വീണു!

അവരം പിടഞ്ഞെണീററു; പ്രതിമയെ ശപിച്ചു! എന്നിട്ടു പറന്നുപോകുവാൻ തീരുമാനിച്ചു. അടുത്ത ദേവാലയത്തിലാണെങ്കിൽ അവരംക്കു മഴയിൽനിന്നു രക്ഷനേടാം. അതാ വീഴുന്നു ഒരുതുള്ളി വെള്ളവുംകൂടി. അവരം ആ പ്രതിമയെ വെറുപ്പോടെ ഒന്നു നോക്കി. നോക്കിയപ്പോരം.........മന്ദഹസിച്ചുനിന്നിരുന്ന പ്രതിമ കരയുന്നതായി അവരം കണ്ടു.

പ്രതിമ കരയുകയോ—? അവരംക്കതു വിശ്വസിക്കാൻ കഴിഞ്ഞില്ല. പക്ഷെ; പ്രതിമ കരഞ്ഞിരുന്നു. അതിൻെറ കണ്ണിൽനിന്നു കണ്ണുനീർ സ്വർണ്ണത്തകിടുകൊണ്ടു പൊതിഞ്ഞ കവിളിണ

യിൽക്കൂടി പ്രവഹിക്കുന്നു! നിലാവിൽ ആ മുഖം കാണുവാൻ പ്രത്യേക അഴകുണ്ടായിരുന്നു.

ബാപ്പു എന്തിനു കരയുന്നു?

കുരുവി ചോദിച്ചു.

"എന്റെ കുരുവി–" ഗാന്ധി മൊഴിഞ്ഞു. "നീ എന്റെ ദയനീയനില കാണുന്നില്ലേ? ഒരുത്തൻ എന്നെ ബന്ധിച്ചിരിക്കയാണ്. എനിക്കു് അനങ്ങാൻവയ്യ. ബ്രിട്ടീഷുകാരുടെ ജയിലിലും, ഇത്രയും അസ്വാതന്ത്ര്യതയില്ല."

അതുകൊണ്ടാണോ ബാപ്പു കരയുന്നതു്?

"അല്ല കുരുവി! എന്റെ സഹോദരങ്ങൾ പട്ടിണിയിലും, മഹാരോഗത്തിലും കിടന്നു മരിച്ചുകൊണ്ടിരിക്കുമ്പോൾ, അവരെ ആശ്വസിപ്പിക്കേണ്ട എന്നെ ഇങ്ങനെ ബന്ധിച്ചു നിർത്തിയാലോ—? എന്റെ ഹൃദയം ഈയ്യംകൊണ്ടു വാർത്തതാണെങ്കിലും, അതിനു വെണ്ണയുടെ ലാഘവത്വമുണ്ടു്."

കുരുവി അദ്ദേഹത്തിന്റെ മുഖത്തേക്കുതന്നെ നോക്കയിരുന്നു. ഗാന്ധി വീണ്ടും മൊഴിഞ്ഞു.

"കുരുവി! എനിക്കു് ഇവിടെ നിന്നാൽ ജീവിതത്തിന്റെ തകർച്ചകൾ വ്യക്തമായി കാണാം. ഞാൻ ഇവിടെനിന്നു് ഒരു ദയനീയ രംഗംകാണുന്നു. തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന ഒരു കോളനി—അവിടെ ഒരു ചെറിയ ചെററപ്പുരയിൽ ഒരു ക്ഷയരോഗി കിടക്കുന്നു. അയാളുടെ ശരീരം മെല്ലിച്ചു്, അസ്ഥികൾ എഴുന്നുനില്ക്കുന്നു. ചുമച്ചു തുപ്പുന്നതു ചോരയാണ്. പ്രസവപ്രായമായ അയാളുടെ ഭാൎയ്യ അടുത്തിരിക്കുന്നുണ്ടു്. പണ്ടവൾ ഒരു സുന്ദരിയായിരുന്നിരിക്കണം. പക്ഷെ, ഇന്നവൾ മിഴിയിണ മങ്ങിയും, കവിളൊട്ടിയും. തലനാർ കൊഴിഞ്ഞതുമായ ഒരു പ്രേതമായിരിക്കുന്നു. അവളുടെ മൂത്തമകൻ കഞ്ഞിക്കുവേണ്ടി കാലിട്ടടിച്ചു കരയുകയാണ്. അവൾ ആ കുട്ടിക്കു് എവി

ടെനിന്നു കഞ്ഞികൊടുക്കും? എനിക്കവരെ ആശ്വസിപ്പിക്കാൻ അതിയായ ആഗ്രഹമുണ്ടു്. പക്ഷെ, ഞാൻ അസ്വതന്ത്രനാണ്. എൻെറ പ്രിയപ്പെട്ട കുരുവി നീ എനിക്കു് ഒരു ഉപകാരം ചെയ്യാമോ? ഇന്നുരാത്രി നീ എൻെറകൂടെ താമസിച്ചു എന്നെ സഹായിക്കണം.”

“ബാപ്പൂ ...... ! എൻെറ കൂട്ടുകാർ എന്നെക്കാത്തു് അടുത്ത ഗ്രാമത്തിലിരിക്കയാണ്. അവർ കാട്ടരുവികളിൽ കുളിച്ചു്, ദിവാശലഭങ്ങളെ വേട്ടയാടി...എന്നെ കാണാതെ ദ്വേഷ്യപ്പെട്ടുകാണും. നാളെ രാത്രി അവർ അവിടെനിന്നു് അതിന്നടുത്ത ഗ്രാമത്തിലേക്കു പറന്നുപോകും.”

ഇന്നുരാത്രി നീ എന്നെ സഹായിക്കയില്ലെ കുരുവി?

ഗാന്ധി വീണ്ടും അപേക്ഷിച്ചു. ആ അപേക്ഷ കുരുവിയുടെ ഹൃദയത്തിലേക്കു് ആഞ്ഞുകയറി. ഹൃദയമുള്ള കുരുവി ആരാഞ്ഞു.

ഇന്നു ഞാൻ അങ്ങയെ സഹായിക്കാം—എന്താണു സഹായിക്കേണ്ടതു്.

“നീ എൻെറ സ്വർണ്ണക്കണ്ണട എടുത്തു് ആ രോഗിയുടെ ഭാര്യക്കു കൊണ്ടുകൊടുക്കണം.”

“എനിക്കു മനുഷ്യരെ നല്ല പ്രിയമില്ല. അവർ ക്രൂരന്മാരാണ്. പലപ്പോഴും അവർ എന്നെ ഉപദ്രവിച്ചിട്ടുണ്ടു്. എങ്കിലും ബാപ്പു പറഞ്ഞതുകൊണ്ടു ഞാൻ അനുസരിക്കാം.”

അങ്ങിനെ കുരുവി ഗാന്ധിജിയുടെ സ്വർണ്ണക്കണ്ണടയുമെടുത്തു യാത്രയായി. അവൾ ദേവാലയങ്ങളുടെ മുകളിൽക്കൂടി പറന്നു. പിന്നെ കുന്നുകളും ചെറുപുഴകളും കടന്നു്, ഒടുക്കം ആ ക്ഷയരോഗിയുടെ കുടിലിൻെറ മുകളിൽ പറന്നിരുന്നു....... ആ കുടിലിനകത്തു് അവൾക്കു നിഷ്പ്രയാസം കടക്കാൻ സാധിച്ചു. കുടിലിനകത്തു തൻെറ കൊച്ചുമകനെ മാറോടുചേർത്തു ആ സ്ത്രീ കിടക്കുകയായിരുന്നു. ക്ഷയരോഗി അബോധാവസ്ഥ

യിലും! കുരുവി സ്വർണ്ണക്കണ്ണട ആ സ്ത്രീയുടെ തലക്കരികിൽ വെച്ചു തിരിച്ചുപോന്നു.

ആ യാത്രയിൽ അവൾക്കു പലതും കാണുവാൻ കഴിഞ്ഞു! എല്ലാം ജീവിതത്തിൻെറ വേദനിക്കുന്ന വൈരുദ്ധ്യങ്ങൾതന്നെ. ഒരുവശം ആനന്ദത്തിൻെറ മാദകസംഗീതം, മറുവശം പട്ടിണിയുടെ കരളലിയിക്കുന്ന ദീനരോദനം!

ഉറക്കമുണർന്ന ക്ഷയരോഗിയുടെ ഭാര്യ കണ്ടതു് ഒരു സ്വർണ്ണക്കണ്ണടയാണ്. അവളുടെ കണ്ണുകളിൽ വസന്തം അതിൻെറ പൂനീട്ടി. കരളിൽ ഒരു കുളുർമ്മ! അവൾ കണ്ണട മാറിൽ അമർത്തിപ്പിടിച്ചുകൊണ്ടു് ഈശ്വരനു നന്ദിപറഞ്ഞു!

കുരുവി ഗാന്ധിയുടെ അടുക്കലെത്തിയപ്പോൾ ...

"നീ ഒരു സല്ക്കർമ്മം ചെയ്തിരിക്കുന്നു. എനിക്കു നിന്നോടു നന്ദിയുണ്ടു്."

ഉദയഗിരി ചുമന്നു. കുരുവി ചിറകു വിടർത്തി കുടഞ്ഞു. എന്നിട്ടു് ആ നഗരം മുഴുവനും പറന്നുനടന്നു ഭക്ഷിച്ചു. സന്ധ്യ മയങ്ങി. ആകാശത്തു നിലാവു തെളിഞ്ഞുയന്നു. കുരുവി ഗാന്ധിയോടു യാത്രചോദിച്ചു.

ഞാൻ പോകട്ടെ ബാപ്പൂ?

നീ ഇന്നുംകൂടി എന്നെ സഹായിക്കാമോ....?

ബാപ്പൂ—കൂട്ടുകാർ ഇപ്പോൾ രണ്ടാമത്തെ ഗ്രാമത്തിൽ എന്നെ കാത്തിരിക്കയാണ്. എന്നെ കാണാതാവുമ്പോൾ അവർ ചുവന്ന ആമ്പൽപ്പൂക്കളോടു സല്ലപിച്ചു് അതിന്നടുത്ത ഗ്രാമത്തിലേക്കു പറന്നുപോകും."

"എൻെറ കൊച്ചു കുരുവി! നീ ഇന്നുംകൂടി എന്നെ സഹായിക്കണം. അതാ..! ആ കാണുന്ന മാളികയുടെ അടുത്തുള്ള വീട്ടിലെ വൃത്തികെട്ട മുറിയിൽ ഒരുത്തൻ, ഒരു സ്ത്രീയുടെ തല

തന്റെ മടിയിൽ വെച്ചിരിക്കുന്നതു കണ്ടോ? ആ സ്ത്രീ മരിച്ചു പോയി. അവൾ അവന്റെ പ്രിയപ്പെട്ട ഭാൎയ്യയായിരുന്നു. അവൾക്കു് ഒരുതുള്ളി മരുന്നുപോലും വാങ്ങിച്ചുകൊടുക്കാൻ ആ ഭൎത്താവിനു കഴിഞ്ഞില്ല. ഇപ്പോൾ അവളെ മണ്ണിന്നടിയിലാക്കണം. പക്ഷെ, അയാളുടെപക്കൽ ഒരു ചെമ്പുതുട്ടുപോലുമില്ല. "കുഴിപ്പണം" കൊടുക്കാഞ്ഞാൽ ശവം കുഴിയിൽ വെക്കില്ല. പാതിരിപോലും അവരെ ഉപേക്ഷിച്ചിരിക്കുന്നു. നീ എന്റെ രത്നംകൊണ്ടുള്ള ഒരു കണ്ണെടുത്തു് അയാൾക്കു കൊടുക്കാമോ?"

കുരുവി അതു സമ്മതിച്ചു. അവൾ ഗാന്ധിയുടെ ഒരു കണ്ണു കൊത്തിയെടുത്തു പറന്നു; ആ വലിയ മാളികയുടെ അരുകിലുള്ള വൃത്തികെട്ട വീട്ടിൽകടന്നു; ആ രത്നം അയാളുടെ മടിയിൽ ഇട്ടുകൊടുത്തു. അയാൾ വിഷാദംനിറഞ്ഞ മിഴികൾ മേല്പോട്ടു ഉയൎത്തിയപ്പോൾ ഒരു കുരുവി ചിറകടിച്ചു പുറത്തേക്കു പറന്നു പോകുന്നതു കണ്ടു. അയാൾ ഭക്തിനിൎഭരതയോടെ കൈകൂപ്പി.

"കൎത്താവു് എന്നെ രക്ഷിച്ചു!"

പിറേറന്നു പുലൎച്ചയിൽ കുരുവി പുഴക്കരയിൽചെന്നിരുന്നു പാടി. അവിടത്തെ കുളിൎമ്മയുള്ള വെള്ളത്തിൽ മുങ്ങിക്കുളിച്ചു കൊണ്ടു തുവലുണങ്ങുന്നതിനു വെയിൽകൊണ്ടു. അതിനുശേഷം പുഴയുടെ മുകളിലൂടെ കുറച്ചുനേരം പറന്നുകളിച്ചു. പിന്നെ മഞ്ഞ ശലഭങ്ങളെ വേട്ടയാടി ഭക്ഷിച്ചു. സന്ധ്യയായപ്പോൾ വീണ്ടും ഗാന്ധിയുടെ അടുക്കലേക്കു മടങ്ങി. എന്നിട്ടു പോകുന്നതിനു് അനുവാദം ചോദിച്ചു.

ഞാൻ പോകട്ടെ ബാപ്പു!

ഗാന്ധി അപേക്ഷിച്ചു. "ഇന്നുകൂടി എന്നെ സഹായിക്കു കുരുവി! ഇനി ഒരിക്കലും നിന്നെ ഞാൻ ബുദ്ധിമുട്ടിക്കുകയില്ല. നാളെ രാത്രി നിനക്കു പോകാം.

"അയ്യോ! ബാപ്പു; എന്റെ കൂട്ടുകാർ ഇപ്പോൾ മൂന്നാമത്തെ ഗ്രാമത്തിലേക്കു് ഈ നീലനിലാവിൽ പറന്നുകൊണ്ടിരിക്കയാ

യിരിക്കും. ഇവിടത്തെ കാലാവസ്ഥ എന്നെ അസ്വാസ്ഥപ്പെടുത്തിത്തുടങ്ങി ബാപ്പൂ. കുറേശ്ശെ തണുപ്പ്."

പ്രിയപ്പെട്ട കൊച്ചുകുരുവി നീ ഇനംകൂടി എന്നെ സഹായിക്കുക. ആ മൺകുടിലിൽ ഒരു സാഹിത്യകാരൻ പട്ടിണികൊണ്ടു തളൎന്നുകിടക്കുന്നു. അവൻ എഴുതുന്നതിന്നു് ആരും പ്രതിഫലം കൊടുക്കുന്നില്ല. എല്ലാവരും അവനെ അഭിനന്ദിക്കുന്നുണ്ടു്. പക്ഷെ; അവൻ ജീവിക്കുന്നുണ്ടോ എന്നു് ആരും തിരക്കുന്നില്ല. അവൻ പട്ടിണികിടന്നു മരിക്കാൻപോകുന്നു. അവൻ മരിച്ചാൽ നാടിന്നു് ഒരു സാഹിത്യകാരനാണു് നഷ്ടപ്പെടുക. ഈ പ്രപഞ്ചത്തെ നയിക്കുന്നതും വളൎത്തുന്നതും അവനും അവൻെറ കൂട്ടുകാരുമാണു്. അതാണു് അവൻെറ മഹത്വം. നീ എൻെറ മററെക്കണ്ണും ചൂന്തെടുത്തു് അവനു കൊണ്ടുകൊടുക്കുക.

കുരുവി അതു സമ്മതിച്ചില്ല. അവൾ പറഞ്ഞു;

"അങ്ങു് അന്ധനായിപ്പോകും അതു കാണാൻ ഞാൻ ആഗ്രഹിക്കുന്നില്ല."

"നീ ഞാൻ പറയുന്നതു കേൾക്കു."

ഒടുക്കം കുരുവി മറേറക്കണ്ണും ചൂന്തെടുത്തു് ആ സാഹിത്യകാരൻെറ കുടിലിലേക്കു പറന്നു. അവിടെ അയാൾ ഒരു കനത്ത പുസ്തകത്തിന്നരികെ തലയുംതാഴ്ത്തി തളൎന്നുകിടക്കുകയായിരുന്നു. അവൾ ആ രത്നം അയാളുടെ കനത്ത പുസ്തകത്തിന്മേൽ വെച്ചു. അവളുടെ ചിറകടികേട്ടു് അയാൾ കണ്ണുമിഴിച്ചു നോക്കിയപ്പോൾ ആ കനത്ത പുസ്തകത്തിന്മേൽ ഒരു രത്നം ഇരിക്കുന്നതാണു് കണ്ടതു്. അയാളും ആ കുരുവിയെ കൃതാൎത്ഥതയോടെ നോക്കി ഈശ്വരനു നന്ദിപറഞ്ഞു.

കുരുവി ഗാന്ധിയുടെ അരുകിലേക്കു പറന്നു ചെന്നറിയിച്ചു

ഞാൻ കൂട്ടുകാരുടെ അടുക്കലേക്കു പോകുന്നില്ല.

ഊം ...... എന്തേ?

അങ്ങൊരു അന്ധനായിരിക്കുന്നു.

എന്റെ കൊച്ചു കുരുവി! ഈ നിലയാണ് എനിക്കധികം ഇഷ്ടം. വഞ്ചനയും, വിദ്വേഷവും നിറഞ്ഞ ഈ പ്രപഞ്ചത്തിൽ ഒരന്ധനായി ജീവിക്കുന്നവർ ഭാഗ്യവാനാണ്. നീ പോയി നിന്റെ കൂട്ടുകാരുമായി ജീവിക്കുക. നിനക്കു നന്മവരട്ടെ.

ഹൃദയമുള്ള കുരുവി ഗാന്ധിയെ വിട്ടുപിരിയുവാൻ ആഗ്രഹിച്ചില്ല. അവൾ പകലെല്ലാം പട്ടണത്തിലെ ഓടകളിലെല്ലാം ഇർതേടി അലഞ്ഞുനടക്കും. ഇരുളിന്റെ തിരസ്കരണി വീഴുമ്പോൾ അവൾ ഗാന്ധിയുടെ അടുക്കൽ വന്നിരിക്കും. ഗാന്ധി ദിവസവും അവളെ നിർബ്ബന്ധിച്ചിരുന്നു.

നീ പോകുന്നില്ലേ കുരുവി. ഇവിടത്തെ കാലാവസ്ഥ നിനക്ക് അസഹ്യമാണ്. നിനക്കു നിന്റെ കൂട്ടുകാരെ കാണുവാൻ ആഗ്രഹമില്ലേ? അവരോടൊന്നു നിനക്കു പാടിയും ഉല്ലസിച്ചും ജീവിക്കാൻ കൊതിയില്ലേ?

ഇല്ല — ബാപ്പു, ഇല്ല. അങ്ങൊരന്ധനാണ്. അങ്ങയെ തനിയെ വിട്ടുപോകുവാൻ പാടില്ല.

പകലെല്ലാം തീററി അന്വേഷിച്ചുപോകുന്ന കുരുവിയോടു ഗാന്ധി അന്വേഷിക്കും.

"നീ എവിടെയെല്ലാം പോയി........?"

അവൾ പോയ ഇടമെല്ലാം ഗാന്ധിയെ പറഞ്ഞുകേൾപ്പിക്കും.

"അവിടെ നീ എന്തെല്ലാം കണ്ടു?"

അവൾ പറയും. 'മനുഷ്യൻ മനുഷ്യനെ വേട്ടയാടുന്നതു ഞാൻ കണ്ടു—ജാതിയുടെ പേരിൽ, പണത്തിന്റെ പേരിൽ, സാമ്രാജ്യത്തിന്റെ പേരിൽ! പൊതുനിരത്തുകളിൽ രക്തപ്പുഴ ഒഴുകുന്നു. തൊഴിലില്ല ......കിടക്കാൻ ഇടമില്ല.......പട്ടിണി....

സഹോദരങ്ങൾ തമ്മിലുള്ള സ്പർദ്ധ! പിഞ്ചുപൈതങ്ങൾ ഓടയിൽ കിടന്നു വിശന്നു മരിക്കുന്നു. സ്ത്രീകൾ ഒരുനേരത്തെ ആഹാരത്തിനുവേണ്ടി ശരീരം വില്ക്കപ്പെടുന്നു. ധനവാൻ തലയുയർത്തിപ്പിടിച്ചു മദനകേളി നടത്തുന്നു.'

"നിറുത്തു കുരുവി." ഗാന്ധി പൊട്ടിക്കരഞ്ഞുകൊണ്ടു ചോദിച്ചു:

"എൻെറ അനുയായികൾ എന്താണു ചെയ്യുന്നതു്?"

"എന്തുചെയ്യാനാ! അവർ പ്രസംഗവും മഹോത്സവവുമായി നടക്കുന്നു."

"അവരെ അതിനേ കൊള്ളുകയുള്ളു. ഞാൻ നടത്തിയ രക്തരഹിതമായ വിപ്ലവത്തിൻെറ ഫലം അവർ കളഞ്ഞുകുളിച്ചു. എൻെറ പൊന്നുകുരുവി, നീ എനിക്കു് ഒരു ഉപകാരവുംകൂടി ചെയ്യു! എന്നെ പൊതിഞ്ഞിട്ടുള്ള സ്വർണ്ണത്തകിടു് ഈ നഗരത്തിലെ കഷ്ടപ്പെടുന്നവർക്കു വിതിച്ചുകൊടുക്കുക. അവരെങ്കിലും ആനന്ദിക്കട്ടെ. കുരുവി അപ്രകാരം സ്വർണ്ണത്തകിടു് എല്ലാവർക്കും വീതിച്ചുകൊടുത്തു. കവലകളിൽ ആനന്ദം തിരയടിച്ചു. തെരുവുതെണ്ടികളുടെ ഇടയിലും ആനന്ദത്തിൻെറ സംഗീതവും നൃത്തവും ഉയന്നു.

ഒട്ടനാൾക്കുശേഷം പ്രതിമയുടെ ഭംഗി ആകെ നശിച്ചു. ആ പ്രതിമയ്ക്കു് ഒരു കുഷ്ഠരോഗിയേക്കാളും വൈരൂപ്യമുണ്ടായിരുന്നു.

ഒരു ചായക്കട ഉൽഘാടനത്തിനുവന്ന ഖദറിട്ട മന്ത്രി ആരാഞ്ഞു: "ഇതു് ആരുടെ പ്രതിമയാണു്. ഈ എരപ്പാളിക്കു് ഒരു കഴുകൻെറ ചന്തമുണ്ടല്ലോ?"

"അതു രാഷ്ട്രപിതാവിൻേറതാണു്."

ഒരാൾ മന്ത്രിയെ അറിയിച്ചു. അയാൾ ലജ്ജിച്ചുപോയി.

ദിവസങ്ങൾ കഴിയുന്തോറും കുരുവിക്കു തണുപ്പ് അസഹ്യമായി തോന്നിത്തുടങ്ങി. എന്നിട്ടും അവൾ ഗാന്ധിയെ വിട്ടു പിരിഞ്ഞില്ല. ആവൾ കീറത്തുണികളെല്ലാം ശേഖരിച്ചു ചൂടുണ്ടാക്കാൻ ശ്രമിച്ചു. എന്നാലും കടുത്ത തണുപ്പുതന്നെ! ശരീരം വേദനിക്കുന്നതായി അവൾക്കു തോന്നി. ഇനി ഒരിക്കലും പറക്കാൻ കഴിയാത്തവിധം അവളുടെ ശക്തി ക്ഷയിച്ചിരിക്കുന്നു. അവൾ അവസാനമായി ഗാന്ധിയോടു യാത്രചോദിച്ചു:

"ഞാൻ പോകുന്നു ബാപ്പു!"

"നീ പോകുന്നതിൽ ഞാൻ സന്തോഷിക്കുന്നു."

"ഞാൻ പോകുന്നതു കൂട്ടുകാരുടെ അടുത്തേക്കല്ല. സ്വർഗ്ഗത്തിലേക്കാണ്. എനിക്കു് അങ്ങയെ ഒന്നു ചുംബിക്കുവാൻ ആഗ്രഹമുണ്ടു്."

"നിനക്കു് എന്നോടു സ്നേഹമുണ്ടു്. നീ ചുംബിച്ചോളു."

ഗാന്ധി ഗദ്ഗദത്തോടെ സമ്മതിച്ചു. അവൾ സർവ്വശക്തികളും സംഭരിച്ചു മേല്പോട്ടുയൎന്നു. എന്നിട്ടു ഗാന്ധിയെ ചുംബിച്ചു കാൽക്കൽ ചത്തുവീണു.

അപ്പോൾ ആ പ്രതിമയുടെ അന്തർഭാഗത്തു് ഒരിടിമുഴക്കത്തിന്റെ ശബ്ദമുണ്ടായി. ആ പ്രതിമയും രണ്ടുതുണ്ടായി നിലം പതിച്ചു

*   *   *   *

സ്വർഗ്ഗലോകത്തു ദൈവം തന്റെ ഏററവും ഇഷ്ടപ്പെട്ട ദൂതനോടു കല്പിച്ചു.

"ഭൂമിയിൽനിന്നു വിശിഷ്ടപ്പെട്ട രണ്ടു വസ്തുക്കൾ കൊണ്ടുവരിക."

ദൈവദൂതൻ ഈശ്വരനു ചത്ത കുരുവിയേയും ഉടഞ്ഞ ഗാന്ധിയുടെ പ്രതിമയേയും കാഴ്ചവെച്ചു. അദ്ദേഹം മന്ദഹസിച്ചുകൊണ്ടു് അരുൾചെയ്തു.

“നീ ഞാൻ ആഗ്രഹിച്ചതുതന്നെ കൊണ്ടുവന്നിരിക്കുന്നു. ഈ രണ്ടു വസ്തുക്കളും ത്യാഗത്തിൻെറ ചിഹ്നങ്ങളാണു്. ഇവർ നമ്മുടെ സ്വർഗ്ഗത്തിൻെറ മഹത്വത്തെ മാററുകൂട്ടട്ടെ.”

# തകർന്ന പ്രതീക്ഷകൾ

ധക്....ധക്....ധക്....

അന്തരീക്ഷത്തിൽ കറുത്ത പുകച്ചുരുൾ പരത്തി ഗുഡ്സ് വണ്ടി മാരകമായ അലർച്ചയോടെ കടന്നുപോയി.

ശേഖർ തുറന്നിട്ട ജാലകത്തിലൂടെ എത്തിനോക്കി.

ഒന്ന്....രണ്ട്....മൂന്ന്....ഒന്ന്....രണ്ട്....

കറുത്ത വാഗണുകൾ!

പുറത്ത്, മൂടൽമഞ്ഞിലൂടെ നിഴലെന്നോണം അകലെ കുന്നുകളും, താഴ്വരകളും, തരുനികരങ്ങളും കാണാം.

അവക്കപ്പുറത്തുനിന്നാണ് പ്രഭാതകിരണങ്ങൾ എത്തിനോക്കുന്നത്.

പട്ടണം "കോട്ടുവായിട്ട്" ഉറക്കമുണരുകയാണ്. പല വേഷക്കാർ; പല ജാതിക്കാർ; പല ഭാഷകൾ സംസാരിക്കുന്നവർ — ചാലിടുന്നതുപോലെ ആൾക്കാർ തിരക്കിട്ട പായുന്നു. ആരും ആരേയും ശ്രദ്ധിക്കുന്നില്ല.

വാഹനങ്ങൾ യാതൊരുവിധ നിയന്ത്രണങ്ങൾക്കും വിധേയമാകാതെ പാഞ്ഞുപോവുകയാണ്. സാമാനങ്ങൾ നിറച്ച ലോറികൾ. ഉടുത്തൊരുങ്ങിയ സുന്ദരികളെ വഹിച്ച കാറുകൾ യാത്രക്കാരെ വഹിച്ച ട്രാമുകൾ; ബസ്സുകൾ.

കീറത്തുണികൊണ്ടു ശരീരം മൂടിയ തെണ്ടികൾ, മുറി ബീഡി കത്തിച്ചു പുകവിട്ടു് നിരത്തിലൂടെ അലസരായി നീങ്ങുന്നുണ്ടു്. അവരുടെ ഉണങ്ങിയ മുഖം പ്രതീക്ഷകളെക്കാളേറെ വിശപ്പുകളെ ദ്യോതിപ്പിച്ചിരുന്നു.

വൈവിധ്യങ്ങളുടെ ആ ഘോഷയാത്ര ശേഖരൻ കണ്ടു കണ്ടു മടുത്തതാണ്. എങ്കിലും അയാൾ നോക്കിനിന്നു. അപ്പോൾ ഹൃദയത്തിലെങ്ങോ വല്ലാതെ നൊമ്പരപ്പെടുന്നതായി തോന്നി. നിരാശയുടെ മൂർച്ചയേറിയ കാരമുള്ളുകൾ ഉഗ്രമായി ആഞ്ഞു തറക്കുകയാവും. വേദന അസഹ്യമാണ്. മറെറന്തിനേക്കാളും ആ വേദനക്കു ശക്തികൂടും.

മൂടൽമഞ്ഞിനെ അകററി ആദിത്യൻെറ തപ്തരശ്മികൾ ജാലകത്തിലൂടെ ഇഴഞ്ഞെത്തി. ഭിത്തിയിൽ ഏതോ അവ്യക്ത സന്ദേശം കുറിച്ചു. നിരത്തിലൂടെ കൂട്ടംകൂട്ടമായി തൊഴിലാളികൾ തൊഴിൽശാലകളിലേക്കു പൊയ്ത്തുടങ്ങി. അവരുടെ മുഖം ജീവിതക്ലേശങ്ങളുടെ മാലകൊണ്ടു മൂടപ്പെട്ടിരുന്നു എങ്കിലും അവർ ഉല്ലാസവദനരായിരുന്നു. അതവരുടെ ആത്മാവിൻെറ പ്രതീക്ഷകളുടെ ബഹിർസ്ഫുരണങ്ങളാവാം. ശേഖറിനു് ആരോടെല്ലാമൊ അസൂയതോന്നി. കാരണം: അയാൾ മററുള്ളവരിൽനിന്നും—ഒററപ്പെട്ടുനില്ക്കുന്നുവെന്ന ചിന്താഗതിയിൽ അകപ്പെട്ടിരിക്കുകയാണ്.

അയാൾക്കു തൊഴിലില്ല; കിട്ടുമെന്ന പ്രതീക്ഷമാത്രമാണുള്ളതു്. അയാളെ സംബന്ധിച്ചിടത്തോളം ജീവിതം അതിൻെറ ഗതികേടിൻെറ അന്ധകാരത്തിൽ ഒളിഞ്ഞിരിക്കുകയാണ്.

അടുത്ത മുറിയിൽ താമസിക്കുന്നതു് മുനിസ്വാമിയാണ്. അയാൾ തൻെറ ഇളയമകളുടെ പൂപോലെ മൃദുവായ കവിളിണയിൽ ചുംബനമർപ്പിച്ചു ജോലിസ്ഥലത്തേക്കു പോകാൻ ഒരുങ്ങുകയാണ്. വാതിൽപടിയിൽ അയാളുടെ ഭാര്യ വിടർന്ന കണ്ണുകളോടെ മന്ദഹസിച്ചു നിൽപ്പുണ്ടു്. പ്രേമസുരഭിലമായ

ജീവിതങ്ങൾ. തളിർത്ത് പൂവും കായുമണിഞ്ഞുനില്ക്കുന്ന അസ്സൽ ഒരു കുടുംബം!

"ജോലിയുള്ളവൻ ഭാഗ്യവാൻ. അവൻ ആത്മാവിൽ സമാധാനം കണ്ടെത്തുന്നു."

ശേഖരൻ ജോർജ്ജിനെക്കുറിച്ച് ഓർത്തു. സ്റ്റെനോഗ്രാഫർ ദിവാകരനും, കോപ്പിസ്റ്റ് ശിവരാമനും ഉറക്കമുണർന്ന് കുളിക്കാൻപോയിരിക്കയാണ്. ജോർജ്ജ് മാത്രമെ ഉറക്കമുണരാതെയുള്ളു. വൈകി ഉറക്കമുണരുക അയാളുടെ ഒരു ചടങ്ങാണ്. എങ്കിലും അയാൾ ആത്മാവിൽ സമാധാനം കണ്ടെത്തിയവനാണ്. അടുത്തുള്ള ഒരു ഫാക്ടറിയിലെ ലക്ഷക്കണക്കിന്റെ തുകകളുടെ വരവുചിലവുകൾ അയാളുടെ പേനത്തുമ്പുകളിലൂടെയാണ് കടന്നുപോകുന്നത്.

ശേഖരൻ അവരുടെകൂടെ കൂടിയിട്ടു മാസം രണ്ടുകഴിഞ്ഞു. മൂന്നുപേർ കഷ്ടിച്ചു പെരുമാറിയിരുന്നതാണ് ആ മുറി. ഒരു വാതിൽ, രണ്ടു ജാലകം. ജാലകത്തിലൂടെ നോക്കിയാൽ പട്ടണം കാണാം. ഇരിക്കുവാൻ രണ്ടു പഴയ കസേരകളുണ്ട്. കൂടാതെ ഒരു മേശയും. അതിന്റെ കാലുകൾക്കു വാതരോഗമുണ്ടെന്നാണ് ശിവരാമന്റെ അഭിപ്രായം. മുമ്പെങ്ങോ ആ മുറിയിൽ താമസിച്ച ഒരുത്തനാകും ആ മേശയുടെ ഉടമസ്ഥൻ. എന്നാൽ ദിവാകരൻ പലപ്പോഴും ആ മേശ സ്വന്തമാക്കാൻ ശ്രമിച്ചിട്ടുണ്ട്.

പൊളിററിക്സിൽ കമ്പമുള്ളവനാണ് ദിവാകരൻ. നിലവിലിരിക്കുന്ന വ്യവസ്ഥയിൽ അയാൾക്കു വിശ്വാസമില്ല. രാഷ്ട്രീയവിവാദങ്ങൾ കൂടാറുള്ള സമയങ്ങളിൽ ദിവാകരൻ പുറപ്പെടുവിക്കാറുള്ള അഭിപ്രായം ...... "ഈ വ്യവസ്ഥിതി വയറിന്റെ വിശപ്പിനേക്കാൾ ഹൃദയത്തിന്റെ വിശപ്പിനാണു പ്രാധാന്യം കല്പിക്കുന്നതു്."

എന്നാൽ ശിവരാമൻ, അയാറം "ലോട്ടസ് ക്രോസ്‌വേർഡി"ൻെറ ലോകത്തു് ജീവിക്കുന്നവനാണ്. പുറമെയുള്ള ലോകത്തെക്കുറിച്ചു് അയാറംക്കു് ഒന്നും പറയാനില്ല.

*　　　*　　　*

ഒരു ബീഡി വലിക്കണമെന്നു് ശേഖറിനു തോന്നി. ഉറക്കമുണർന്നാൽ ഒരു ബീഡി വലിക്കുക, മററുവിധ ചടങ്ങുകളെന്നപോലെ അയാറംക്കു് അതൊരു ഒഴിയാബാധയാണ്. അയാറം കുപ്പായക്കീശയിൽ കൈകടത്തി. പക്ഷെ കൈ കുപ്പായക്കീശയിൽ ചെന്നപ്പോറം അയാറം നിരാശനാവുകയാണുണ്ടായതു്. അയാളുടെ ക്ഷീണിച്ച കണ്ണുകറം മുറിയുടെ മൂലകളിലേക്കു പാഞ്ഞുചെന്നു. തലേന്നാറം വലിച്ചിട്ട ബീഡിത്തുണ്ടുകറം അവിടെത്തന്നെ കിടപ്പുണ്ടു്. അതിലൊന്നു് അയാറം അറച്ചറച്ചു കൈവിരൽകൊണ്ടു നുള്ളി എടുത്തു് കത്തിച്ചു പുകവിട്ടു. മുറിബീഡിയാണെങ്കിലും വലിക്കാൻ ഒരു സുഖംതോന്നി.

മുറി മുഴവൻ ബീഡിയുടെ മണം വ്യാപിച്ചപ്പോറം ജോർജ്ജ് പുതപ്പിനുള്ളിൽനിന്നും ഒരാമയെപ്പോലെ തല വെളിക്കുകാട്ടി. അപ്പോറം ശേഖരൻ ജാലകത്തിലൂടെ കടന്നുപോകുന്ന പുകച്ചുരുളുകളെ നോക്കിനില്ക്കുകയായിരുന്നു.

"എന്താണ് ആലോചിക്കുന്നതു്?" ജോർജ്ജ് കിടക്കയിൽ കിടന്നുതന്നെ ചോദിച്ചു. പക്ഷെ ശേഖരൻ ആ ചോദ്യം കേറംക്കുകയുണ്ടായില്ല. അയാറംമററന്തോ ആലോചിക്കുകയായിരുന്നു. ജോർജ്ജ് തിരക്കി.

"കല്യാണം കഴിക്കണമെന്ന ആലോചനയാണോ?"

ശേഖരൻ ഞെട്ടി, പിൻതിരിഞ്ഞു.

"നിങ്ങറം മനഃപൂർവ്വം എന്നെ വേദനിപ്പിക്കയാണോ?"

"റൊമാൻസുള്ള ഒരു ജോലി ലൈഫിനെക്കുറിച്ചു ഞാൻ ചിന്തിക്കയാണ്. വേണമെങ്കിൽ നിങ്ങറംക്കും ചിന്തിക്കാം."

ജോർജ്ജ് ഒന്നു പുഞ്ചിരിച്ചു. ജാലകത്തിൻെറ അഴികളിൽ മുഖം അമർത്തി ശേഖരൻ പിറുപിറുത്തു.

"റൊമാൻസ്. തേങ്ങാക്കൊല. എൻെറ പ്രശ്നം അതൊന്നുമല്ല."

അപ്പോഠം ജോർജ്ജ് തങ്കമ്മയെക്കുറിച്ച് ഓർത്തു. തങ്കമ്മ ഇപ്പോഠം എന്തെടുക്കുകയായിരിക്കും? ഒരുപക്ഷെ, അവഠം പള്ളിയിലേക്കു പോകുന്നുണ്ടാകും. മാറാലപോലുള്ള ശിരോവസ്ത്രമണിഞ്ഞു്, ചുണ്ടിൽ മന്ദഹാസത്തിൻെറ അരിമുല്ലപ്പൂക്കളുമായി കാട്ടുതാറാവിനെപ്പോലെ നിരത്തിൻെറ ഒരു ഭാഗംപിടിച്ചു നടന്നുപോകുന്ന തങ്കമ്മയുടെ കോമളരൂപം ഒരുനിമിഷം അയാളുടെ കൺമുന്നിൽ തെളിഞ്ഞു. അയാളുടെ ഹൃദയം പിറുപിറുത്തു: "തങ്കമ്മെ! നീയ്യെൻെറ ജീവിതഗ്രന്ഥത്തിൻെറ ഭംഗിയുള്ള പുറംചട്ടയാണ്. നിൻെറ ഹൃദയം വേദനിക്കുന്നുണ്ടെന്നു് എനിക്കറിയാം. പക്ഷെ, നിവൃത്തിയില്ല. കുറച്ചുനാഠംകൂടി ക്ഷമിക്കൂ!"

സ്റ്റെനോഗ്രാഫർ ദിവാകരൻ ചുണ്ടിൽ ഒരു മൂളിപ്പാട്ടുമായി കടന്നുവന്നപ്പോഠം, ജോർജ്ജ് തൻെറ പകൽക്കിനാക്കളിൽനിന്നു ഞെട്ടിയുണർന്നു. അയാഠം തിരക്കി.

"ശിവരാമൻ ...!"

"ദാ വരുന്നു."

അപ്പോഠം കയ്യിൽ ലോട്ടസ് ക്രോസ്‌വേർഡിൻെറ കൂപ്പണുമായി ശിവരാമൻ കടന്നുവരികയായിരുന്നു. ജോർജ്ജ് ചോദിച്ചു:

"എന്താണ് കയ്യിൽ?"

ശിവരാമൻ ജോർജ്ജിനെ സമീപിച്ചു.

"ഇതൊന്നു പറഞ്ഞുതരു. ശരിയായാൽ പന്തീരായിരം കിട്ടും. നിങ്ങഠംക്കെല്ലാം അസ്സൽ ഒരു ടീപ്പാർട്ടിയുണ്ട്."

"ഇയ്യാളുടെ കിറുക്ക് അവസാനിച്ചില്ലേ?"

ദിവാകരൻ ഡ്രസ്സ് ചെയ്യുന്നതിനിടയിൽ ചോദിച്ചു. ശിവരാമനു ശുണ്ഠികയറി. അയാളുടെ കണ്ണുകളിൽ ചോര ഇരച്ചു കയറി. അയാം അലറി.

"പോടാ ചുണ്ണാമ്പുതലയാ."

ജോർജ്ജ് ചോദിച്ചു:

"എന്താണ് സംശയം?" ശിവരാമൻ കൂപ്പൺ വായിച്ചു.

"ഇതുമൂലം പലരും നശിച്ചിട്ടുണ്ട്. ഇവിടെ പെണ്ണോ, മണ്ണോ ആവശ്യം.

"രണ്ടും ആയിക്കോളു."

ദിവാകരൻ ചിരിച്ചു. ജോർജ്ജ് ഒരു വിശദീകരണം ആവശ്യപ്പെട്ടു.

"ഈ തൊഴിൽ തുടങ്ങിയിട്ട് കാലമെത്രയായി?"

ഒരുവർഷമായിക്കാണും.

"എന്തു നഷ്ടമുണ്ട്?"

"അതിന്നു കണക്കില്ല."

"സമ്പാദ്യമോ?"

"മൈനസ് വൈഫ്."

മറുപടി പറഞ്ഞതെല്ലാം ദിവാകരനാണ്. ശിവരാമൻ പല്ലുകറം കൂട്ടിഞെരി . അയാളുടെ മുഖത്തു് ഉൽഘടമായ കോപത്തിന്റെ കാർമേഘപടലം ഇര കയറി. അയാറം ഡ്രസ്സുമാറുന്നതിനിടയിൽ ദിവാകരനെ വായിൽ തോന്നിയതെല്ലാം വിളിച്ചുപറഞ്ഞുകൊണ്ടിരുന്നു.

ആ സുഹൃത്തുക്കറം ജോലിസ്ഥലത്തേക്കു പോയപ്പോറം ജോർജ്ജ് വീണ്ടും കിടക്കയിൽ മലന്നുകിടന്നു.

* * *

ജീവിതത്തിനു കഴിവററ ഒരു കുടുംബമാണ് ജോർജ്ജിന്റേതു്. അയാൾക്കു പുറമെ, അപ്പനും, അമ്മയും, വിവാഹപ്രായമെത്തിയ ഒരു സഹോദരിയും മാത്രമാണ് കുടുംബാംഗങ്ങൾ. എന്നിട്ടും നാടുവിടുകയാണുണ്ടായതു്. അതിനു കാരണം തങ്കമ്മയുമായുള്ള പ്രേമവേഴ്ചയാണ്.

അയൽപക്കം തങ്കമ്മയുടേതാണ്. ബാല്യംമുതൽ തങ്കമ്മയും ജോർജ്ജും കൂട്ടുകാരായിരുന്നു. അവർ ഒരുമിച്ചു പഠിക്കുകയും ഒരുമിച്ചു കളിക്കുകയും ചെയ്തു. ആ നിലക്കാത്ത കാലപ്രവാഹത്തിൽ അവരുടെ ബാല്യം ഒഴുകിപ്പോയി. പകരം യൌവ്വനത്തിന്റെ കൊള്ളരുതായ്മകൾ അവരെ ആശ്ലേഷിച്ചു. ചെറുപ്പം നാളിൽ മെയ്യാകെ വൃത്തികേടുകൾ വാരിപ്പുണർന്ന തങ്കമ്മ യൌവ്വനത്തിന്റെ വർണ്ണപ്പകർച്ചയിൽ ഒരു മാലാഖയായി രൂപംകൊണ്ടു..........കിനാവലിഞ്ഞുചേന്ന നീലമിഴികൾ, മന്ദഹസിക്കുമ്പോൾ മഴവില്ല് പൊട്ടിവിടരാറുള്ള നുണക്കുഴികൾ......ജോർജ്ജിന് അവളെ ഇഷ്ടവുമായി. അങ്ങിനെ ആ നിഷ്കളങ്കബന്ധം സ്വാഭാവികമായി വാഗ്ദാനങ്ങളിലൂടെ മറെറാരു രൂപം പ്രാപിച്ചു.

ഒരു കൊച്ചു പറമ്പ്. അതിന്റെ മാറിടത്തിൽ കൂണുപോലെ ഒരു കുടിൽ. ചുററും ഏഴെട്ടു തെങ്ങുകൾ. തങ്കമ്മയുടെ ഏകസ്വത്ത് അതൊന്നുമാത്രമാണ്. പറമ്പിൽ കപ്പനട്ടും മററുമാണ് ആ കുടുംബം ജീവിക്കുന്നതു്. സാമ്പത്തികമായും ആഭിജാത്യമായും അവർ പിന്നോക്കമായിരുന്നു. അക്കാരണംകൊണ്ടു ജോർജ്ജിന്റെ പ്രേമാഭിലാഷങ്ങൾക്കു വീട്ടുകാർ വിലങ്ങുതടിയായിരുന്നു. സർവ്വോപരി അവളുടെ അമ്മ ഒരു ദുർന്നടപ്പുകാരിയും! പക്ഷെ, ജോർജ്ജ് അത്രത്തോളം വിപുലമായി ചിന്തിക്കാൻ ഇഷ്ടപ്പെട്ടിരുന്നില്ല. തങ്കമ്മ ദുർന്നടപ്പുകാരിയാകണമെന്നില്ലല്ലൊ! അഥവാ ദുർന്നടപ്പുകാരിയാണെന്നുതന്നെ വെയ്ക്കുക. വിവാഹത്തിനുമുമ്പ് സ്ത്രീപുരുഷന്മാർ സന്മാർഗ്ഗികവിരുദ്ധ നടപടികളിൽ പെട്ടുകാണും. അന്യന്റെ ഭാര്യയെ

കാമിക്കാത്തവരും, വേശ്യാലയത്തിൽ പോകാത്തവരും വിരളമാണ്. അസന്മാർഗ്ഗ ചെയ്തികളെക്കുറിച്ചു സംസാരിക്കുന്നതിന്നിടയിൽ ജോർജ്ജ് പലപ്പോഴും തൻെറ യുക്തിവാദം പുറത്തു കൊണ്ടുവരും. "പുരുഷനാകാമെങ്കിൽ എന്തുകൊണ്ട് സ്ത്രീക്കു മായിക്കൂടാ?"

ഒരു സുപ്രഭാതത്തിൽ വിദൂരതയിൽനിന്ന് അമ്പതിനായിരത്തിൻെറ ഒരു വിവാഹാലോചന വന്നപ്പോൾ ജോർജ്ജ് അപ്പനോടു പറഞ്ഞു:

ഞാനിപ്പോൾ വിവാഹം കഴിപ്പാൻ തയ്യാറില്ല. എനിക്കു് അതിനു കാലമായിട്ടില്ല.

അപ്പനു് ശുണ്ഠികയറി. അമ്പതിനായിരം വെള്ളമാകുകയാണ്. ആ തുക കിട്ടിയിട്ടു കുറച്ചു മണ്ണു കൈവശമാക്കണമെന്നായിരുന്നു ആ പിതാവിൻെറ മഹത്തായ ഉദ്ദേശം. അയാളുടെ ചോരക്കുത്തുവീണ കണ്ണുകൾ തീക്കനൽപോലെ ജ്വലിച്ചു. അയാൾ അലറി. "അതു തീരുമാനിക്കേണ്ടവൻ ഞാനാണ്."

"തീരുമാനി കൊള്ളു. പക്ഷെ, വിവാഹം കഴിക്കുന്നവനുണ്ട് ചില തീരുമാനങ്ങളെല്ലാം. ജോർജ്ജ് അങ്ങിനെ പറയുമെന്നു് ആ പിതാവു് ധരിച്ചിരുന്നില്ല. അയാൾ ഒന്നു് അമ്പരന്നു. രക്തം രക്തത്തെ വെറുക്കുകയാണ്!"

ആ പിതാവിന്, കടലലപോലെ തെരുത്തുവരുന്ന കോപം സംയമനംചെയ്യാൻ കഴിഞ്ഞില്ല. അയാൾ അലറി.

"എനിക്കു നിൻെറ ഉദ്ദേശമെല്ലാം അറിയാം. പക്ഷെ, അതുമാത്രം നടക്കില്ല."

ജോർജ്ജ് ഉറപ്പിച്ചുപറഞ്ഞു: "അതു മാത്രമേ നടക്കുകയുള്ളു"

കുടുംബകലഹമായി; ഗ്ലാസുകൾ പൊട്ടി; കസേരകൾ മറിഞ്ഞുവീണു; വാതിലുകൾ ശക്തിയായി അടയപ്പെട്ടു; തേങ്ങലുകളും, നെടുവീർപ്പുകളും, സാന്ത്വനങ്ങളും ഉയർന്നു. ഒടു

വിൽ പിതാവു തന്റെ അന്ത്യതീരുമാനം പുറത്തിറക്കി.

"ഇറങ്ങിപ്പോടാ പട്ടി. പള്ളിയുമില്ല പാട്ടക്കാരനുമില്ല. കുടുംബത്തിനു ദോഷംവരുത്താൻ പിറന്നതു്. ഇവനെയൊക്കെ തീററിപ്പോററിയതിന്റെ ഫലം കിട്ടി."

ജോർജ്ജ് പടിയിറങ്ങി, അമ്മയും സഹോദരിയും കരഞ്ഞുകൊണ്ടു അയാളെ പിൻതുടർന്നു. ജോർജ്ജ് പിൻതിരഞ്ഞു് അവരെ ഒന്നു നോക്കി. കണ്ണിൽ ഉറവ പൊട്ടിപ്പോയി അയാരം തിരിഞ്ഞു നടന്നു.

അയാരം തങ്കമ്മയുടെ വീട്ടിൽചെന്നു് അവളോടു യാത്ര പറഞ്ഞു: "ഞാൻ പോവുകയാണ്."

കരഞ്ഞുവീർത്ത കൺപോളകരം ഉയർത്തിക്കൊണ്ടു് അവരം ചോദിച്ചു:

"എവിടേക്കു്?"

"എവിടേക്കെങ്കിലും."

"പോകരുതു്"

"പോകാതെ തരമില്ല നീ എനിക്കുവേണ്ടി കാത്തിരുന്നാൽമതി."

അവരം അയാളുടെ മാറിലേക്കു ചാഞ്ഞു.

നിറഞ്ഞ കണ്ണുകളെ ഹൃദയത്തിൽ ,പേറിക്കൊണ്ടു് ജോർജ്ജ് മുന്നോട്ടു നീങ്ങി.

* * *

ശേഖരൻ കുളികഴിഞ്ഞു വന്നപ്പോരം ജോർജ്ജ് ഷേവു ചെയ്യുകയായിരുന്നു. അപ്പോരം തനിക്കുമൊന്നു ഷേവുചെയ്താൽ കൊള്ളാമെന്നു് അയാരംക്കു തോന്നി. മുഖത്തു് രോമം കാടുപോലെ വളർന്നിരിക്കയാണ്. വളക്കൂറുള്ള മണ്ണിൽ കൃഷിയിറക്കിയപോലെ! അയാരം താടി ഒന്നു തടവിനോക്കി. ആണുങ്ങരംക്കെന്തിനാണ് മുഖത്തു രോമം? സ്ത്രീകരംക്കില്ലാത്ത ഒന്നു

പുരുഷനെന്തിനുണ്ടായി? ഓ! സ്രഷ്ടാവ് അവിടെയും പക്ഷപാതമാണു കാണിച്ചിരിക്കുന്നതു്.

ജോർജ്ജ് കണ്ണാടിയിൽനിന്നു മുഖമുയർത്തി അവജ്ഞനടിച്ചു.

"ഇതു മഹാ വിഷമംതന്നെ."

"ശരിയാണ്. സ്ത്രീകൾക്കില്ലാത്ത ഒന്നു് പുരുഷനു് എന്തിനുണ്ടായി."

ശേഖരൻ ഷേവുചെയ്യാനിരുന്നപ്പോൾ ചോദിച്ചു.

"സമയം വളരെ വൈകിയല്ലൊ. ഇന്നു് ജോലിസ്ഥലത്തേക്കു പോകുന്നില്ലേ?"

"ഇല്ല."

പിന്നീടു ശേഖരൻ ഒന്നുംതന്നെ സംസാരിച്ചില്ല. സംസാരിക്കാനുള്ള വിഷയങ്ങൾ ഹൃദയത്തിൽ കിടന്നു വീർപ്പുമുട്ടുന്നുണ്ടു്. പക്ഷെ, മിണ്ടിക്കൂടാ; നിരാശയുടെ തീർച്ചുഴിയിൽ അയാളുടെ ഹൃദയം അവാച്യമായ അസ്വസ്ഥത അനുഭവിക്കുന്നുണ്ടു്. എല്ലായ്പോഴും ഓർമ്മ കുടുംബകാര്യങ്ങളേയും ജോലിയില്ലായ്മയേയും കുറിച്ചാണ്. ജോർജ്ജ് അതെല്ലാം മനസ്സിലാക്കിയിരുന്നു. എന്നാൽ അയാൾ നിസ്സഹായനാണ്. എങ്കിലും അയാൾ ശേഖരനുവേണ്ടി പരിശ്രമിക്കുന്നുണ്ടു്. ചിലപ്പോൾ ജോലി അടുത്തുതന്നെ കിട്ടിയേക്കും. ഇക്കാലത്തു് ഒരു ജോലി കിട്ടുവാൻ വളരെ ബുദ്ധിമുട്ടാണ്. എത്രപേരുടെ പാദസേവ നടത്തണം. എന്നാലും ഫലമില്ല. സ്വജന പക്ഷപാതവും സ്വാർത്ഥതാല്പര്യവുമാണ് എവിടേയും തലയുയർത്തിനില്ക്കുന്നതു്. ലോകം ഇത്രമേൽ അധഃപതിച്ചല്ലൊ.

ജോർജ്ജ് തലയിൽ എണ്ണയിട്ടുകൊണ്ടു പറഞ്ഞു.

"നീ ങ്ങൾ ഡിസ്പിരിററാകരുതു്. ധൈര്യമായിരിക്കുക"

ശേഖരൻ തെരുവിലേക്ക നോക്കിയിരുന്നു. ഫാക്ടറിക്ക കത്തുനിന്നു മൂന്നുനാലു് ഉണക്കമനുഷ്യർ പുറത്തേക്കിറങ്ങി. പച്ചക്കറി സാധനങ്ങഠം നിറച്ച കൊട്ട തലയിലേററി ചന്തയിലേക്ക പോകുന്ന ഒരുകൂട്ടം പെണ്ണുങ്ങഠം ആ "ഉണക്കമനുഷ്യരെക്കുറിച്ച്" എന്തോ പറഞ്ഞു പൊട്ടിച്ചിരി . നിരത്തിൻെറ ഇരുഭാഗത്തുംനിന്നു് ചെറുപ്പക്കാർ ആ പെണ്ണുങ്ങളെ കണ്ണേറിഞ്ഞിരുന്നു. അതിന്നു പ്രത്യുത്തരമായി അവരും. ഒരു തെണ്ടിച്ചെറുക്കൻ ആഠംക്കൂട്ടത്തിലൂടെ ഒരു പട്ടിയെ ഓടിച്ചു കൊണ്ടുപോയി. ആ പട്ടിയുടെ വായിൽ മുഴുത്ത ഒരു റൊട്ടിക്കഷ്ണമുണ്ടു്. അതു് കൈക്കലാക്കാനുള്ള ശ്രമമാണ് അവൻേറതു്. ആ കാഴ്ച ശേഖരനു കൌതുകമുളവാക്കി. ഒടുവിൽ ആ തെണ്ടിച്ചെറുക്കൻ ഒരു കമ്പിക്കാലിൽ ചെന്നു മുട്ടിയപ്പോഠം ശേഖരൻെറ ഹൃദയം ശിഥിലമായപോലെ തോന്നി. അയാഠം എന്തോ പറയുവാൻ വായതുറന്നു. പക്ഷെ, ശബ്ദം തൊണ്ടയിൽനിന്നും പുറത്തുവന്നില്ല. ജോർജ്ജ് പറഞ്ഞു:

"ഞാൻ നിങ്ങഠംക്ക ജോലി തിരക്കുന്നുണ്ടു്."

ശേഖരൻ ജോർജ്ജിൻെറ മുഖത്തേക്ക തുറിച്ചുനോക്കി.

"നിങ്ങളും ജോലി തിരക്കണം. അന്വേഷിപ്പിൻ കണ്ടെത്തും."

പക്ഷെ, ആ പ്രമാണം ശേഖരനുമാത്രം ബാധകമായിരുന്നില്ല. അയാഠം തൻെറ കഴിവിൻെറ പരിധി വിട്ടുകൊണ്ടു് അന്വേഷിച്ചു. കണ്ടെത്തിയില്ലെന്നുമാത്രം!

ജോർജ്ജ് ഓർമ്മപ്പെടുത്തി.

"ചങ്ങാതി, നമുക്ക് ജോലിചെയ്യാൻ കഴിവുള്ള വിദ്യാഭ്യാസമല്ല കിട്ടിയിരിക്കുന്നതു്. ഓരോ വർഷവും ലക്ഷക്കണക്കിൽ വിദ്യാർത്ഥികഠം പാസ്സുവാങ്ങി പുറത്തു വരുന്നുണ്ടു്. ഇവർക്ക തൊഴിൽപരമായി യാതൊന്നും അറിഞ്ഞുകൂടാ. ചുരുക്ക

ത്തിൽ ഈ വിദ്യാഭ്യാസപദ്ധതി നമ്മുടെ സഹോദരങ്ങളെ തെണ്ടാൻ അനുശാസിക്കയാണ്."

"ശരിയാണ്. നമ്മുടെ വിദ്യാഭ്യാസ പദ്ധതിയിൽ ഒരു വിപ്ലവം അനിവാര്യമാണ്."

ശേഖരൻ ജോർജ്ജിൻെറ അഭിപ്രായത്തോടു പൂർണ്ണമായി യോജിച്ചു. അനുഭവം അതിന്നയാളെ പ്രേരിപ്പി . ഇപ്പോഠം അയാഠം പഠിച്ചതുതന്നെ അബദ്ധമായി തോന്നിത്തുടങ്ങിയിരിക്കയാണ്. പഠിപ്പില്ലായിരുന്നെങ്കിൽ തൂമ്പയെടുത്തു കൂലിപ്പണിക്കു പോകാമായിരുന്നു. ഇപ്പോഠം അതിനും കഴിവില്ല. പേന പിടിച്ചു തഴമ്പിച്ച കയ്യിൽ തൂമ്പ പാകപ്പെടുന്നില്ല. നാടുവിട്ടപ്പോഠം കരുതി വല്ല ജോലിയിലും പററിക്കൂടാമെന്നു്. അയാളെപ്പോലുള്ളവർ അന്യനാട്ടിൽനിന്നു തിരി വരുന്നതു് കൈനിറയെ മോതിരവും, സ്വർണ്ണവാച്ചും, സിൽക്കുഷർട്ടും, കരയുന്ന ചെരിപ്പുമെല്ലാമായിട്ടാണ്.

അയാഠം തെരുവിലേക്കു കണ്ണോടിച്ചു. ആ തെണ്ടിച്ചെറുക്കൻ കമ്പിക്കാലും ചാരി നിൽക്കുകയാണ്. മുഖത്തിലൂടെ രക്തം ഒഴുകുന്നുണ്ടു്. ധരിച്ചിരിക്കുന്ന കീറക്കുപ്പായത്തിൽ അവിടവിടെ രക്തം കട്ടകെട്ടി നിൽക്കുന്നു.

അവൻ തേങ്ങിക്കരയുകയാണ്.

* * *

"ആശക്കു വഴിയൊത്തോ?"

ജോർജ്ജ് കോവണിപ്പടികഠം കയറുന്നതിനിടയിൽ ചോദിച്ചു.

"ഒന്നും പറയാറായിട്ടില്ല."

ശേഖരൻ മറുപടി പറഞ്ഞു.

"കിട്ടാതിരിക്കയില്ല. നിങ്ങഠം ഡിസ്പിരിററാകരുതു്."

ചങ്ങാതി, എനിക്കു മരിച്ചാൽ കൊള്ളാമെന്നുണ്ടു്. പക്ഷെ

ശേഖരൻ നിരുദ്ധകണ്ഠനായി. അയാളുടെ വാക്കുകൾ ജോർജ്ജിനെ അലോസരപ്പെടുത്തി.

ജോർജ്ജ് ചോദിച്ചു:

"എന്തു പക്ഷേ–"

"വയസ്സായ ഒരമ്മയും, വിവാഹപ്രായമെത്തിയ രണ്ടു സഹോദരികളും എൻെറ ഉയർച്ചയെ ഉൽക്കണ്ഠപ്പെട്ടു നോക്കിയിരിക്കയാണ്. അവക്ക്...." അയാൾ മുഖംപൊത്തി ഹൃദയം വിപ്പൊട്ടിപ്പോകുമെന്ന ഒരവസ്ഥയിൽ അയാൾ അകപ്പെട്ടുപോയി.

ജോർജ്ജ് മുറിയിൽകടന്നു ജാലകം തട്ടി "കേരകെര" ശബ്ദത്തോടെ ജാലകം മലക്കെ തുറന്നു. പിന്നെ ലൈററിട്ടു മുറി മുഴവൻ മഞ്ഞ വെളിച്ചം ഘനീഭവിച്ചു നിൽക്കുന്നതായി തോന്നി.

ശേഖരൻ ജംലകത്തിൻെറ അഴികളിൽ പിടിച്ചു വെളിയിലേക്കു നോക്കി. വൈദ്യുതവിളക്കുകളുടെ അലുകിട്ട പട്ടണം ഉടുത്തൊരുങ്ങിയ ഒരു നർത്തകിയെപ്പോലെ തോന്നി. അകലെ കുന്നുകൾക്കപ്പുറത്തു് ചക്രവാളത്തെ ചുംബിച്ചുനില്ക്കുന്ന നീലിമ ഉറഞ്ഞുകൂടിയ ആകാശത്തിൽ വെള്ളിനക്ഷത്രങ്ങൾ രോമാഞ്ചമണിഞ്ഞുനില്ക്കുന്നു.

അയാൾ ഒന്നു നിശ്വസിച്ചു.

വിളക്കിൻ കാലിൻെറ നിഴൽ പററിനില്ക്കുന്ന ഏതോ അഭിസാരിക കൊതിപൂണ്ട നയനങ്ങളോടെ അവൾക്കെതിരെവന്ന ഒരു ചെറുപ്പക്കാരനെ കണ്ണെറിഞ്ഞു. അയാൾ അതു ശ്രദ്ധിക്കാതെ അവളെ കടന്നുപോയി. അവൾക്കു് നിരാശതോന്നി. അവൾ കാക്കിച്ചുതുപ്പി.

"ഹ്ം."

അവൾ തൻെറ ചടുല നയനങ്ങൾ മറെറാരുത്തനിൽ പ്രയോഗിച്ചു. അയാൾ ശരിക്കും അവളുടെ വലയിൽ കുടുങ്ങി

അവർ സ്റ്റേഷന് പടിഞ്ഞാറുഭാഗത്തുള്ള മൈതാനത്തേക്ക് പോയി.

ദിവാകരൻ ഒരെഴുത്തുമായി ജോർജ്ജിനെ സമീപിച്ചു.

എൻെറ പ്രേമപ്പനിക്കാരാ,

"തന്നെ കാമുകി മറന്നിട്ടില്ലെന്നു തോന്നുന്നു"

ജോർജ് എഴുത്തുവാങ്ങി വിലാസം നോക്കി ഒരു വശത്തേക്കു ചെരിഞ്ഞു് വടിവൊത്ത കയ്യക്ഷരം കണ്ടപ്പോൾ അയാൾക്കു എഴുത്തിൻെറ ഉടമസ്ഥയെ മനസ്സിലായി. തങ്കമ്മ!

ശിവരാമൻ ക്രൂരമായ പരിഹാസത്തോടെ ചോദിച്ചു.

"നിങ്ങൾ എവിടം മുതൽക്കാണ് അടുക്കുവാൻ തുടങ്ങിയതു്?"

"ചുംബനം മുതൽക്കു്"

ദിവാകരൻ പറഞ്ഞു. ശിവരാമൻ ജോർജിനെ നോക്കി ഒന്നു് കണ്ണിറുക്കി.

"ഛേ! അതല്ലേ മോശം ഞാനാണെങ്കിൽ അതിലപ്പുറവും കടക്കും"

"അതാണ് തന്നെ ഒരു നീർക്കോലിയും തിരിഞ്ഞുനോക്കാത്തതു്"

ദിവാകരൻ പൊട്ടിച്ചിരിച്ചു; കൂടെ ജോർജ്ജും.

"എനിക്കതിനു സമയമില്ലാതെയാണ്. പണ്ടൊരിക്കൽ എൻെറ പിന്നാലെ ഒരുത്തി ഒരു കെട്ട് പ്രേമവുമായി നടന്നു"

"അങ്ങോട്ട് നടന്നെന്നു പറയുന്നതാണ് ശരി"

ജോർജ് ദിവാകരനെ തടഞ്ഞു.

"വിടാൻ മുഴുവനും പറയട്ടെ"

ശിവരാമൻ തുടന്നു്: ഓ! പിന്നെയൊന്നുമില്ല മുപ്പത്താറു കുറെ നടന്നപ്പോൾ എനിക്കും അങ്ങോട്ട് ഒരലിവുതോന്നി. ഞാൻ അവളോട്ട് ഒരു നാലണ ആവശ്യപ്പെട്ടു–

“അതെന്തിനു്?”

ജോർജ്ജ് തിരക്കി.

ശിവരാമൻ തുടർന്നു: “അതിലല്ലേ പോയൻറു് കിടക്കുന്നതു്. അവൾ തൻെറ വേനിററിബാഗ് തുറന്നു് ഒരു നാലണ എനിക്കുതന്നു. ഞാൻ അതിനു് അസ്സൽ ഒരു കത്തിവാങ്ങിച്ചു.

“രസമുണ്ടല്ലോ!”

ദിവാകരൻ ശിവരാമനോടു് ചേൎന്നിരുന്നു. ശിവരാമൻ തുടർന്നു: “പിന്നീടു് അവളോടുള്ള എൻെറ സംസാരമെല്ലാം കത്തി ചൂണ്ടിക്കൊണ്ടാണു്. ഒന്നും മനസ്സിൽവെച്ചുകൊണ്ടല്ല. ചുമ്മാ ഒരു രസത്തിനു്. എന്നാൽ കുറച്ചു ദിവസം മാത്രമേ അങ്ങിനെ തുടരാൻ കഴിഞ്ഞുള്ളു. ഒരു ദിവസം മൂപ്പത്ത്യാരു് വന്നില്ല. തുടൎന്നു കുറെ ദിവസങ്ങൾ കടന്നുപോയി. മൂപ്പത്ത്യാരെ കാണാതെയായി. അങ്ങിനെ ഒരു ദിവസം അമ്പലത്തിൽ തൊഴാൻ വന്നപ്പോൾ ഞാൻ ചോദിച്ചു “ഇയ്യിടെ കാണാറില്ലല്ലൊ?” അതിനുത്തരമായി അവൾ പറഞ്ഞു: എനിക്കു് നിങ്ങളെ പേടിയാണു്...... ആ കത്തി ഇപ്പോഴും കയ്യിലുണ്ടോ? എനിക്കു് ചിരിവന്നുപോയി–

ദിവാകരൻ അഭിപ്രായപ്പെട്ടു.

“നിങ്ങൾക്കിടയിൽ ഒരു മനശാസ്ത്രതത്വം കിടക്കുന്നുണ്ടു്”

ജോർജ്ജ് ചോദിച്ചു:

“അവൾ ഇപ്പോൾ എവിടെയാണു്”

“അവൾ ഒരു പട്ടാളക്കാരൻെറ ഭാൎയ്യയായി എവിടെയോ ഉണ്ടു്.

“കഷ്ടം. താൻ ഒരു സ്ത്രീഹൃദയത്തെ വേദനപ്പെടുത്തി. ഇതിൻെറ പാപം എവിടെവെച്ചു തീൎക്കും”

“പാപം!”

ശിവരാമൻ ലോട്ടസ് ക്രോസ് വേർഡിൻെറ കൂപ്പൊണെടുത്തു മേല്പോട്ടു നോക്കിയിരുന്നു.

ദിവാകരൻ വിളിച്ചു.

"ശേഖരാ"

ജാലകത്തിൻെറ അഴികളിൽ പിടിച്ചുനിന്നുകൊണ്ടു് ശേഖരൻ എന്തുവേണമെന്ന ഭാവത്തിൽ ദിവാകരനെ നോക്കി.

"ഒരു പാട്ടു പാടു് ശേഖരാ"

"ഔ, എനിക്കിപ്പൊ വയ്യ"

"ഉം. പാടു ശേഖരാ. ആ പൊന്നരിവാളു്–"

ബുദ്ധിമുട്ടിക്കല്ലെ.

ഓ. എന്നാ വേണ്ട.

അയാൾ പത്രമെടുത്തു നിവൎത്തി.

ജോർജ്ജ് കിടക്കയിൽ മലർന്നു് കിടന്നു എഴുത്തു പൊട്ടിച്ചു

"..........ഞാൻ അങ്ങയുടെ ഹൃദയകാഠിന്യതയെക്കുറിച്ചു് എന്തു് പറയാനാണു്. ഇന്നുവരും നാളവരും എന്നു കരുതിയിരുന്നു് ഞാൻ മടുത്തു. എൻെറ മനോവേദന എങ്ങിനെയാണു് എഴുതി അറിയിക്കേണ്ടതെന്നു എനിക്കു് നിശ്ചയമില്ല. പിന്നെ അങ്ങു് പോയതിന്നുശേഷം ഞാൻ ജീവിക്കുന്നുവെന്നേയുള്ളു. ആ മുഖമൊന്നു കാണുവാൻ...............ഓ! ഞാനൊന്നും എഴുതുന്നില്ല എങ്ങിനെയെങ്കിലും ഞാൻ ഇവിടെ ജീവിക്കുന്നുണ്ടു്........"

ജോർജ്ജിൻെറ ചുണ്ടിൽ ഒരു പുഞ്ചിരി പറന്നുപററി. കള്ളി! ഓ! അവളാകെ പരിഭ്രമപ്പെട്ടുകഴിഞ്ഞു. അയാൾ വായിച്ച ഭാഗം ഒന്നാവൎത്തിച്ചു. ഒരു നിമിഷം ..............അയാൾ തങ്കമ്മയെ കണ്ടു. കിനാവലിഞ്ഞുചേർന്ന നീലമിഴിയിൽ കദനം ഉറഞ്ഞുകൂടിയിരിക്കുന്നു. മന്ദഹസിക്കുമ്പോൾ മഴവില്ലു് പൊട്ടിവിടരാറുള്ള നുണക്കുഴികളിൽ നീർ വററിയിരിക്കുന്നു.

അയാൾ ഒരു നെടുവീർപ്പോടെ കത്തിലേക്കു് കണ്ണോടിച്ചു.

".......പിന്നെ അമ്മ പറയുന്നതു് എനിക്കു് വയസ്സു് ഇരുപതായെന്നാണു്. ഞാൻ മൂത്തുക്കിയായല്ലൊ, എന്നു പറഞ്ഞു്

അമ്മ എപ്പോഴും കരച്ചിലാ. അയലത്തെ സെലീന ഒന്നു പ്രസവിച്ചു. അപ്പോൾ അമ്മ പറയുകയാണ്; നിന്റെ പ്രായക്കാരിയാടി പെററിരിക്കുന്നതു്. നീ ആരെക്കാത്താടി ഇരിക്കുന്നതു്. പിന്നെ എനിക്കു് രണ്ടു മൂന്നു് കല്യാണാലോചന വന്നു. ഞാനതെല്ലാം വേണ്ടെന്നു് ശാഠ്യം പിടിച്ചിരിക്കയാണ്. അമ്മ എന്നെ പഴിക്കുവാനും. ഏതായാലും അങ്ങു് ഒന്നിവടംവരെ വരുന്നതു് നന്നായിരിക്കും.

എന്നു്,

സ്നേഹചുംബനങ്ങളോടെ അങ്ങയുടെ തങ്കമ്മ.

അയാൾ എഴുത്തുമടക്കി പോക്കററിലിട്ടു തന്നത്താൻ പറഞ്ഞു.

"ഏതായാലും അടുത്ത ലീവിന്നു ഞാൻ വരും. വിവാഹത്തിനുള്ള തുക ഞാൻ സമ്പാദിച്ചുകഴിഞ്ഞു. നിനക്കു് കറുത്ത പുള്ളികളോടുകൂടിയ വെളുത്ത വോയൽ സാരി ഞാൻ വാങ്ങിച്ചു വെച്ചിട്ടുണ്ടു്.

ദിവാകരൻ വിളി .

"ജോർർജജ........!"

"എന്താ?"

"കത്തിലെ വിശേഷമെന്താ?"

നല്ലതു്.

"ശരി. അപ്പോ കല്യാണത്തിനു ഞങ്ങളെയൊക്കെ ക്ഷണിക്കില്ലേ?

"പിന്നല്ല്യാ!"

ശിവരാമൻ ചോദിച്ചു.

"മധുവിധുവിന്നു നിങ്ങൾ ഏതു് സ്ഥലമാണ് തിരഞ്ഞെടുക്കുക?"

"ഓ അതൊന്നും തീരുമാനിച്ചിട്ടില്ല"

ദിവാകരൻ വാച്ചിൽ നോക്കിപ്പറഞ്ഞു:
"ഊണുകഴിക്കണ്ടെ!"

*                    *                    *

ഊണുകഴിഞ്ഞപ്പോൾ ദിവാകരൻ പറഞ്ഞു:

"ഒന്നു് കളിക്കാം"

"ഗുഡ്ഡ് ഐഡിയ."

ജോർജജ് എണീററ് ദിവാകരനു ഹസ്തദാനം ചെയ്തു.

"ശേഖരൻ എന്തുപറയുന്നു?"

ജോർജജ് തിരക്കി.

"സോറി.    യു പ്ലെയ്"

"ഏയ് പന്തീരായിരം"

ദിവാകരൻ ശിവരാമനെ വിളിച്ചു. ശിവരാമനു് ശ്രുണ്ടി വന്നു.

"ഷട്ടപ്പ്"

"യൂ ഷട്ടപ്പ്"

മുനിസ്വാമി പുതിയ ഒരു "കുത്ത്" ചീട്ടുമായി വന്നു. ദിവാകരൻ നിലത്തു കടലാസു് വിരിച്ചു ഇരുന്നു; ശേഷം മററുള്ളവരും പിന്നീടു് ലേലംവിളി തുടങ്ങി.

"പതിനഞ്ച്"

"പതിനാറ്"

"ഓണേഴ്സ്"

ചീട്ടു നിലത്തടിക്കുന്ന ശബ്ദം.

"തുറപ്പ്"

"ഡൈമൺ"

വീണ്ടും ചീട്ടു നിലത്തടിക്കുന്ന ശബ്ദം.

"ഓ........പൊളിഞ്ഞല്ലോ"

"കൂലി കൊടുക്കു്-കൂലി"

ജോർജജു് ശിവരാമൻെറ നേരെ തട്ടിക്കേറി.

"താനാ കളികളഞ്ഞതു്"

കുറച്ചുനേരം ശേഖരൻ ചീട്ടുകളി ശ്രദ്ധിച്ചിരുന്നു. പിന്നീടു് അതിലൊട്ടും താല്പര്യമില്ലാതായി. അയാറം എണീററുപോയി ഷർട്ടിൻെറ പോക്കററിൽനിന്നു് ഒരു ബീഡിയെടുത്തു് കത്തിച്ചു പുകവിട്ടു. എന്നിട്ടു് ഷർട്ടു് ഊരി സ്റ്റാൻറിൽ തൂക്കിയിട്ടു. അപ്പോറം പോക്കററിൽ ശേഷിപ്പുള്ള തുകയെക്കുറിച്ചു ചിന്തിച്ചു —ഏഴണ! ജോലികിട്ടുന്നതുവരെ ഏഴണകൊണ്ടു് എങ്ങിനെ ജീവിക്കും? സ്നേഹിതന്മാരെ ഇനിയും എങ്ങിനെ ബുദ്ധിമുട്ടിക്കും? ........വീട്ടിലേയ്ക്കു് കുറച്ചു പണത്തിനു എഴുതിയാലോ? ഓ! വീട്ടിൽ എവിടന്നു പണം?

"ശേഖരാ, ഒരു സിഗരററു്"

മുനിസ്വാമി ചീട്ടിൽനിന്നു ദൃഷ്ടിയെടുക്കാതെ ശേഖരൻെറ നേരെ കൈനീട്ടി.

"ഐ ആം സോറി"

"ഛെ. മോശം"

അയാറം കിടക്കയിൽ കമഴ്ന്നു കിടന്നു. ഓർമ്മകറം ഓടി യണയുകയാണു്. എല്ലാം മറക്കാൻ ശ്രമിച്ചുനോക്കി. എന്നിട്ടും ഹൃദയത്തെ നൊമ്പരപ്പെടുത്തി ഓർമ്മകറം വലിഞ്ഞെത്തുക യാണു്.

കണ്ണിൽ പാടവീണ, കവിറം ഒട്ടി, കാതുകറം നീണ്ട അയാ ളുടെ അമ്മ ഓർമ്മകളുടെ വേലിപ്പടർപ്പിൽനിന്നു അയാളോടു് വിളിച്ചു പറയുന്നതുകേട്ടു.

"നീ ഒന്നുകൂടി ശ്രമിച്ചുനോക്കുമോനെ. വല്ല ജോലിയും കിട്ടാതിരിക്കില്ല നീ ഇസ്കോളിൽ പടിച്ചിട്ടില്ലെ?"

പഠിച്ചിട്ടുണ്ടു്. പഠിക്കാൻ കഴിവുണ്ടായിട്ടാണൊ പഠിച്ച തു്? അമ്മയുടെ അവിശ്രമപരിശ്രമവും, അയാളുടെ ആഗ്രഹവും

അയാളെ ഒരു ബിരുദധാരിയാക്കി. സഹോദരിമാരും അമ്മയും പായനെയ്ത്തും തൊണ്ടുതല്ലിയും അയാൾക്ക് ഫീസും പുസ്തകങ്ങളും നൽകി ഒരു മാതാവിൻെറ ആഗ്രഹങ്ങൾ, അങ്ങിനെ വിയർപ്പിലും ദാരിദ്രത്തിലുംകൂടി നിറവേറി. അയാൾ പള്ളിക്കൂടത്തിൽ പോകുമ്പോൾ അമ്മ അഭിമാനപൂർവ്വം പറഞ്ഞിരുന്നു:

"അവനൊരു നല്ല ജോലികിട്ടും. അതോടെ നമ്മുടെ കഷ്ടപ്പാടും തീരും. അവൻ പഠിച്ചു ജയിക്കട്ടെ"

പഠിച്ചു ജയിച്ചു. പട്ടിണി കിടന്നും, കഷ്ടപ്പെട്ടും അയാൾ ഇൻറർമീഡിയററുവരെ പഠിച്ചു. തുടന്നു പഠിക്കാനുള്ള ആഗ്രഹങ്ങൾ ഫലപ്പെട്ടില്ല. കഴിവിൻെറ പരിധി അത്രമാത്രമേ അയാളെ അനുഗ്രഹിച്ചുള്ളു.

പഠിപ്പു കഴിഞ്ഞപ്പോൾ സഹോദരിമാർ ഒന്നുപോലെ രണ്ടെണ്ണം പ്രതീക്ഷകളുടെ പൂവുമണിഞ്ഞു് പൂനിറഞ്ഞു നിൽക്കുന്നതാണ് അയാൾ കണ്ടതു്. യൌവനത്തിൻെറ തീച്ചൂളയിൽ വിമ്മിഷ്ടപ്പെടുന്ന സഹോദരിമാർ അയാളെ അസ്വസ്ഥപ്പെടുത്തി. അവർ കയർ പിരിച്ചു കൈതഴമ്പിച്ചതും, പായനെയ്ത്തു് നട്ടെല്ലു് മരവിച്ചതും അയാൾക്കുവേണ്ടിയായിരുന്നു. അവരെ വിവാഹം കഴിച്ചു കൊടുക്കേണ്ട—മാന്യനിലയിൽ എത്തിക്കേണ്ട—ചുമതല അയാളുടേതാണ്. കലാലയ ഭിത്തികൾക്കുള്ളിറല കാലം ചോർത്തിക്കഴിഞ്ഞപ്പോൾ ജീവിതഭാരത്തിൻെറ പ്രത്യാഘാതവും പ്രവണതകളും അയാൾക്ക് ഏറെക്കുറെ മനസ്സിലായി.

ജോലിക്കുവേണ്ടി അയാൾ അപേക്ഷകൾ അയച്ചു. മറുപടി കിട്ടിയില്ല. തുടരെ തുടരെ വീണ്ടും അപേക്ഷകൾ അയച്ചു. ആശ്വാസകരമായ യാതൊരു മറുപടിയും ലഭിച്ചില്ല. സ്കൂൾ മാനേജർ മുതൽ മന്ത്രിമാർ വരെ അയാൾ ചെന്നുകണ്ടു. തൻെറ ദയനീയ നില അവരുടെ മുന്നിൽ നിവത്തിവെച്ചു. ഫലം നിരാശമാത്രം. ഓരോ അപേക്ഷകളും അയച്ചു കഴിയുമ്പോൾ അമ്മ ഉൽക്കണ്ഠയോടെ തിരക്കും.

"വല്ല മറപടിയും വന്നോ മോനെ?"

അയാൾ മൂകനായിരിക്കുകയുള്ളു. അമ്മ സമാധാനിപ്പിക്കും.

"വരും വരാതിരിക്കില്ല. മോൻ കഷ്ടപ്പെട്ടാണ് പഠിച്ചതു്"

വീട്ടിലിരുന്നു അയാൾ മുഷിഞ്ഞു. സഹോദരിമാർ വീണ്ടും തൊണ്ടുതല്ലി അയാളെ തീററിപ്പോററി. ആ ജീവിതത്തിൽ അയാൾക്കു് വേദനതോന്നി. പനപോലെ വളൻ്റ ഒരുത്തൻ മററുള്ളവരുടെ അദ്ധ്വാനഫലം ചൂഷണം ചെയ്യുകയല്ലെ?

ജീവിതം അസുഖകരമായ പാതയിലൂടെ ഒഴുകി. നാട്ടിൽ അയാൾക്കു് ജോലിയില്ല. ഇനി ജോലികിട്ടണമെന്ന പ്രതീക്ഷയുമില്ല. തൂമ്പയെടുത്തു് ജോലിചെയ്യാമെന്നുവെച്ചാൽ.........അതിനും വേണ്ടെ പരിചയം? അയാളെ സംബന്ധിച്ചേടത്തോളം ജീവിക്കാനുള്ള എല്ലാവിധ തുറകളും അടക്കപ്പെട്ടിരുന്നു. അപ്പോൾ മററുള്ളവരെപ്പോലെ അയാളും നാടുവിടുവാൻ തീർച്ചയാക്കി.

"ഞാൻ നാടുവിടുവാൻ പോകയാണു"

കണ്ണിൽ നിറയെ അമ്പരപ്പും കണ്ണുനീരുമായി അമ്മ വിലക്കി.

"വേണ്ട മോനെ പട്ടിണിയായാലും നമുക്കിവിടെ കിടന്നു ചാകാമെടാ"

പക്ഷെ, അയാൾ വീട്ടിൽ പട്ടിണികിടന്നു ചാകാൻ ഇഷ്ടപ്പെട്ടില്ല. അയാൾ നാടുവിടുവാൻതന്നെ തീരുമാനിച്ചു.

ഇളയ സഹോദരിയുടെ കഴുത്തിലെ മാല അയാളുടെ കൈകളിലേക്കു് പൊട്ടിവീണു്. അനവധിനാൾ രാവുപകൽ അദ്ധ്വാനിച്ചുണ്ടാക്കിയതാണു് ആ മാല. അയാൾ സഹോദരിയെ തുറിച്ചു നോക്കി. ആ മാലയുടെ അഭാവത്തിൽ അവാൾ വിങ്ങിപ്പൊട്ടിക്കരയുമെന്നായിരുന്നു അയാൾ കരുതിയിരുന്നതു്.

എന്നാൽ അങ്ങിനെയൊന്നുമുണ്ടായില്ല. അവാംക്ക് ആ മാല യേക്കാം വലിയതു് സഹോദരനായിരുന്നു.

"എനിക്ക് ജോലികിട്ടിയാൽ–"

വാക്കുകാം മുഴുമിച്ചില്ല. ഗദ്ഗദംകൊണ്ടു് വാക്കുകാം തൊണ്ടയിൽവെച്ചു മുറിഞ്ഞുപോയി.

* * *

പതിവിൽക്കവിഞ്ഞ പ്രസന്നതയോടെ പുലരി, മധുവിധു കാലത്തെ ഒരു നവോഢയെപ്പോലെ മന്ദസ്മിതംപൊഴിച്ചുകൊണ്ടു് ജാലകത്തിലൂടെ കരം നീട്ടി തെരുവുകാംക്കപ്പുറത്തു് മൂടൽ മഞ്ഞിൻെറ ഉടയാടയണിഞ്ഞ കുന്നുകളും തരുനിരകളും മറവും ജോർജ്ജിൻെറ പൂർവ്വകാലസ്മരണകളുടെ ചുരുാം നിവർത്തി. ഇത്തരം പ്രഭാതങ്ങളിൽ തങ്കമ്മയും ജോർജ്ജും കാട്ടുപൂക്കളെറുത്തു് കളിച്ചുനടക്കുമ്പോാം പാടാറുള്ള പാട്ടു് അയാളുടെ ചുണ്ടിൽ പറന്നുപററി.

"പച്ചിലക്കാട്ടിലെ പെണ്ണാളെ
പിച്ചകപ്പൂവൊന്നു തന്നാട്ടെ"

അതിനു തങ്കമ്മ മറുപടിയായി പാടാറുള്ള പാട്ടെന്താണ്– ഓ! അതെന്താണ്. അയാാം ആലോചിച്ചുനില്ക്കെ ഒരു ചുമ അയാളെ പിടിച്ചുലച്ചു. അതോടെ ഹൃദയത്തിൻെറ അറകളിലേയ്ക്കു് സൂചികാം കുത്തിയിറക്കിയതുപോലെ വല്ലാത്ത വേദന അരിച്ചരിച്ചു കയറി. അയാാം നെഞ്ചു് തടവി ഒന്നു് നിശ്വസിച്ചു. ചുമ വീണ്ടും വർദ്ധിച്ചു അയാാം ഒരു വില്ലുപോലെ വളഞ്ഞുപോയി. തുറിച്ച കണ്ണുകളിലും, വിടർന്ന മൂക്കിലും വെള്ളം ഉറവെടുത്തു. ശരീരത്തിലെ ഓരോ പരമാണുവും രണ്ടായി മുറിഞ്ഞു വേറിടുന്നതായി തോന്നി.

"ഖുമു........ഖുമു........ഖുമു........"

രണ്ടു മാസമായിക്കാണും ചുമ വിട്ടുമാറിയിട്ടു്. എന്നാൽ ഇപ്പോളതു് യാതൊരു മുന്നറിയിപ്പും കൂടാതെ അയാളെ കടന്നു

ആക്രമിച്ചിരിക്കയാണ്. ഡോക്ടർ പറഞ്ഞിരിക്കുന്നതു് ശരീരം ക്ഷീണിപ്പിക്കരുതെന്നാണ്. ധാരാളം പോഷകാംശമുള്ള ഭക്ഷണങ്ങൾ കഴിക്കണമത്രെ! ഡോക്ടരുടെ വിധിപ്രകാരം നടന്നാൽ തങ്കമ്മയുമായുള്ള വിവാഹം നീണ്ടുപോവുകയല്ലേ. ഇക്കാലമത്രയും അദ്ധ്വാനിച്ചിട്ടു് വിവാഹത്തിന്നുള്ള പണം മാത്രമെ നേടാൻ കഴിഞ്ഞിട്ടുള്ളു.

അയാൾ കട്ടിലിൽചെന്നിരുന്നു വീണ്ടും ചുമച്ചു. നെഞ്ചിൻകൂടിനെ പിളർത്തുയരുന്ന ചുമയുടെ ശബ്ദം കേട്ടു് ശേഖരൻ ഉറക്കമുണർന്നപ്പോൾ ജോർജ്ജിന്റെ കലങ്ങിയ കണ്ണുകളും, വിളർത്തു മങ്ങിയ മുഖവുമാണ് കണ്ടതു്. ജോർജ്ജ് ചുമച്ചുകൊണ്ടുതന്നെ ചോദിച്ചു:

"എഴുന്നേൽക്കുന്നില്ലേ?

"എഴുന്നേൽക്കണം"

അയാൾ കിടക്കയിൽ എണീററിരുന്നു കോട്ടുവായിട്ടു. ജോർജ്ജ് നാക്കു് നീട്ടിപ്പിടിച്ചു് വീണ്ടും ചുമച്ചു. ശേഖരൻ ചോദിച്ചു.

"എന്താ പതിവില്ലാത്തവിധം — ?"

"ഇതു് ചിലപ്പോഴൊക്കെ ഉണ്ടാകും"

ശേഖരൻ ചിന്താഗ്രസ്തനായിരുന്നു. മുനിസ്വാമിയുടെ ഭാര്യ വാതുക്കൽ തന്റെ സുന്ദരമായ മുഖം കാണിച്ചു് കടന്നുപോയി. അകലെനിന്നു വരുന്ന വണ്ടിയുടെ ഇരമ്പൽ കാതുകളെ തുളച്ചുകൊണ്ടിരുന്നു.

"ഞാൻ പോവുകയാണ്"

ശേഖരൻ പറഞ്ഞു.

"എവിടേക്കു്?"

ജോർജ്ജ് പുറത്തേക്കുവരുന്ന ചുമയെ അടക്കി നിറുത്തി ചോദിച്ചു.

"എവിടെക്കെങ്കിലും-"

"അതെന്താ?"

"ഒന്നുല്ല"

"നിങ്ങാം ഡിസ്പ്പിരിററാകരുതു്"

ശേഖരൻ ഒന്നും സംസാരിച്ചില്ല. ഒരു വല്ലാത്ത മൂകത അവക്കു് ചുററും തങ്ങിനിന്നു.

ഒട്ടകഴിഞ്ഞപ്പോാം ശേഖരൻ പിറുപിറുത്തു:

''ഞാൻ മരിച്ചെങ്കിൽ"

:''ഞാൻ മരിച്ചെങ്കിൽ"

''മരണം ഒരാശ്വാസമാണു്. വാസ്തവത്തിൽ ഞാനും മരിക്കാൻ ആഗ്രഹിച്ചിട്ടുണ്ടു്. എങ്കിലും-"

',എന്താണു്?''

''മരണത്തിൻെറ പിന്നിലും ജീവിക്കാനുള്ള പ്രേരണ തങ്ങിനിൽപ്പുണ്ടു്''

''എനിക്കുംവീട്ടിൽ പോയാൽ കൊള്ളാമെന്നുണ്ടു്"

''എന്താണിത്ര തിരക്കു്?''

''ഞാനിന്നലെ അമ്മയെ സ്വപ്നം കണ്ടു''

"നിങ്ങാം ഒരു കൊച്ചുകുട്ടിയെപ്പോലെ പുലമ്പുന്നു"

അയാാം ചുമയ്ക്കാൻ തുടങ്ങി. ദിവാകരൻ ഒരു മൂളിപ്പാട്ടോടും, ശിവരാമൻ അതിനു താളവുമായി കടന്നുവന്നു. വന്നപാടെ ശിവരാമൻ ഇംഗ്ലീഷുമട്ടിൽ ഒരു നൃത്തവും. ദിവാകരൻ ചോദിച്ചു:

"എന്താ ശേഖരാ ജോലിയൊന്നും ഒത്തില്ലേ? ക്ഷമിക്കു. അടുത്തുതന്നെ ജോലികിട്ടും"

ശിവരാമൻ ഇടയിൽ കടന്നു പറഞ്ഞു.

"ഒരു വേക്കൻസിയുണ്ടു്"

"എവിടെ?"

ജോജ്ജ് ചുമയടക്കിക്കൊണ്ടു് ചോദിച്ചു.

"അതുണ്ടു്. പക്ഷെ, ഉദ്യോഗാത്ഥി ചില ഗുണങ്ങളോടു കൂടിയവനായിരിക്കണം"

"അതെന്താണു്"

"ജോർജജ് തിരക്കി

"ആളു് സുന്ദരനായിരിക്കണം"

"പിന്നെ?"

"അവിവാഹിതനായിരിക്കണം"

"പിന്നെ?"

"പ്രേമം മുതലായ ഗുലുമാലുകളിൽ ഉൾപ്പെടാത്തവനായിരിക്കണം"

"എനിക്കൊന്നും മനസ്സിലാകുന്നില്ല"

ജോർജ് നീരസം പ്രകടിപ്പിച്ചു.

"മുഴവൻ കേൾക്കു. എന്നാലെ മനസ്സിലാവു"

"കേൾക്കട്ടെ"

"കേട്ടോളു. അയാൾക്കു് ഒരു മന്തുകാലിയെ കല്യാണം കഴിക്കാനുള്ള ആത്മധൈര്യമുണ്ടായിരിക്കണം"

"എന്നാലെന്താ?"

'എന്നാൽ ആ മന്തുകാലിയുടെ അച്ഛന്റെ മില്ലിൽ നല്ലൊരു ഉദ്യോഗം കിട്ടും. പിന്നെ സ്ത്രീധനമായി ഒരു നല്ല സംഖ്യയും'

"തനിക്കു് മറെറാരുത്തന്റെ വേദന അറിഞ്ഞുകൂട"

ജോർജ് പുറത്തേക്കു് എണീററുപോയി.

*  *  *

ശേഖരൻ തനിച്ചായപ്പോൾ അയാൾ തന്റെ പക്കലുള്ള തുകയെക്കുറിച്ചു് ചിന്തിച്ചു—ഏഴണ! മൂന്നു് അരയ്ക്കാൽ രൂപയും

നാലു് ഓട്ടമുക്കാലും. ആ ചെറിയ തുകകൊണ്ടു് എങ്ങിനെ ഈ വലിയ പട്ടണത്തിൽ ഒരു ജോലി കിട്ടുന്നതുവരെ ജീവിക്കും.

അയാഠം ഏഴണയുടെ ഉടമസ്ഥനായി പുറത്തേക്കു് ഇറങ്ങി യപ്പോഠം ഒരേയൊരു കാര്യം മാത്രമേ ചിന്തിച്ചുള്ളു.

ഏഴണ!

അതിൽ തൂങ്ങിക്കിടക്കുന്ന വലിയ വലിയ ആവശ്യങ്ങഠം!!

ജനബഹുലമായ നിരത്തിലൂടെ അയാഠം ശ്രദ്ധി നടന്നു നിരത്തിൻെറ ഇരുഭാഗത്തും കണ്ണെത്താത്ത ദൂരംവരെ ഉയർന്നു പൊങ്ങിയ കെട്ടിടങ്ങളാണു്. ആകാശത്തിലേക്കു് ധൂമം തുപ്പുന്ന മില്ലുകളുടെ പടിവാതുക്കൽ അയാഠം സംശയത്തോടെനിന്നു. അയാഠംക്കരികിലൂടെ ഒന്നിനുപുറകെ ഒന്നൊന്നായി കാറുകളും ടാം വണ്ടികളും പാഞ്ഞുപോയി.

മനുഷ്യസഞ്ചയം ശാഖോപശാഖകളായി ചിന്നിച്ചിതറി പ്പോകുന്നതു നോക്കി അയാഠം നിരാശയോടെ ഇറങ്ങിനടന്നു. പബ്ളിക്കു പാർക്കിൽ കുറച്ചുനേരം ചെന്നുനിന്നു. പിന്നെ തിരിച്ചുപോന്നു.

തുറമുഖത്തു് ചരക്കുകപ്പലുകഠം കിടക്കുന്നുണ്ടു്. കപ്പലുകളിൽ നിന്നു ചരക്കുകഠം ഗുഡ്ഡുസുവണ്ടിയിൽ കയററുന്നു. അയാൽ ആ കാഴ്ച കുറച്ചുനേരം കണ്ടുനിന്നു. അയാളെ ആരും ശ്രദ്ധിച്ചില്ല. അയാഠംക്കു് അരിശം തോന്നി. അയാഠം തിരിഞ്ഞു നടന്നു.

ഒരു കാറു അയാളുടെ മുന്നിൽ ബ്രേക്കിട്ടു് നിരങ്ങിനിന്ന പ്പോഠം അയാഠം ഏതോ അബോധാവസ്ഥയിൽനിന്നു ഉണർന്നു ഡ്രൈവർ അയാളെ ഉഗ്രമായി നോക്കി. ദഹിപ്പിക്കുന്നനോട്ടം "മുഖത്തു് കണ്ണില്ലെ? ചാകാൻ കരുതിക്കൂട്ടി നടക്കുന്നു.

ശേഖരൻ വിനയഭാവത്തിൽ, അപരാധബോധത്തോടെ ഒരു ഭാഗത്തേക്കു് ഒഴിഞ്ഞുമാറി, കാറിലിരുന്നിരുന്ന ഒരു സാരി ക്കാരി, അവളുടെ ഭാഷയിൽ എന്തോ പറഞ്ഞു പരിഹാസദ്യോ

തകമായ ഒരു ചിരിയോടെ ഡ്രൈവറെ നോക്കി കടാക്ഷിച്ചു. കാർ നിരങ്ങി നീങ്ങി.

കമനീയമായി അലങ്കരിച്ച ഒരു കെട്ടിടത്തിൻെറ മുൻപിൽ അയാാംനിന്നു മുകളിലത്തെ "ബാാംക്കണി"യിൽ പത്തുപതിനൊട്ട് സ്ത്രീകാം അണിഞ്ഞൊരുങ്ങി നിൽക്കുന്നതു് അയാാം കണ്ടു. ക്രീംപുരട്ടി ചീകിമിനുക്കിയ മനോഹരമായ മുടികാം, ലിപ്സ്റ്റിക്കുപുരട്ടിയ അധരങ്ങാം, പൌഡർ പൂശിയ മിനുത്ത മുഖങ്ങാം ...... ...! ജീവിതം അവർക്കു് മുൻപിൽ കൗതുകകരമായ ഒരു കലാസൃഷ്ടിയാണ്. ഒരുത്തി റേഡിയോ 'ഓൺ' ചെയ്യുന്നു. മററൊരുത്തി കൂട്ടുകാരികളോടു എന്തോ തമാശ പറഞ്ഞു പൊട്ടിച്ചിരിക്കുന്നു. ചിലർ വെറുപ്പുകാരെ കടാക്ഷിക്കുന്നു.

പുരുഷന്മാർ നിർഭയം അവരെ സമീപിക്കുന്നതു് അയാാം കണ്ടു.

വാതിലുകാം അടയുന്നു.

ഒരു താടിക്കാരൻ അയാളെ സമീപിച്ചു ഒരു പൊള്ളച്ചിരി ചിരിച്ചു.

DISTRIBUTING LIBRARY No.............. KOTTAYAM.

"സാറെ നല്ല ചരക്കുകളുണ്ടു്"

ശേഖരൻ ഞെട്ടി; പിൻതിരിഞ്ഞു നടന്നു.

പട്ടാപ്പകൽ മനുഷ്യമാംസം വിൽക്കപ്പെടുന്നു.

സ്വനഗാച്ചിയിലെ വേശ്യകളെക്കുറിച്ചു അയാാം ഓർത്തു. ഭയങ്കര രോഗങ്ങളെ പ്രചരിപ്പിക്കുന്ന ആ തേവിടിശ്ശികളെ അയാാം നേരിൽ കണ്ടിട്ടില്ലെങ്കിലും ഓർത്തുനോക്കി.

ഹാ ......ജീവിതം! അതിൻെറ അജ്ഞാതമായ പ്രവണതകാം....... വൈകല്യങ്ങാം........!

*　　　*　　　*

രാത്രിയുടെ അദൃശകരങ്ങളിൽ അന്തിത്തുടിപ്പു് ഞെരിഞ്ഞമർന്നു. ശേഖരൻ ലോഡ്ജിൽ എത്തിയപ്പോാം അകത്തു് ജോർ

ജ്ജ് ഉണ്ടെന്നു് മനസ്സിലായി. അയാളുടെ "ഖുമ്മു.........ഖുമ്മു" എന്ന ചുമയുടെ ശബ്ദം ശേഖരൻ കേട്ടു. അയാാം അകത്തേക്കു കടന്നു. ജോർജ്ജ് കസേരയിൽ ഇരുന്നു ചുമക്കുകയാണ്. അയാളുടെ കണ്ണുകാം കൂടുതൽ കലങ്ങിയിരുന്നു. ശേഖരൻ പറഞ്ഞു:

"നിങ്ങാംക്കു് വിശ്രമം ആവശ്യമായിരിക്കുന്നു"

"അതേ. കുറച്ചു വിശ്രമം ആവശ്യമാണ്"

ജോർജ്ജ് ശേഖരൻെറ മുഖത്തേക്കു് തുറിച്ചു നോക്കി. ആ ക്ഷീണിച്ച മുഖം കണ്ടപ്പോാം അയാാം ചോദിച്ചു:

"ഊണു കഴിച്ചില്ലെ?"

ശേഖരൻ മുഖം തിരിച്ചു കളഞ്ഞു.

"പോയ് ഊണുകഴിക്കു്"

ജോർജ്ജ് ഒരു രൂപ അയാളുടെ നേരെ നീട്ടി.

"വേണ്ട"

ശേഖരൻ നിഷേധിച്ചു.

"പോയ് ഊണുകഴിക്കു്"

ജോർജ്ജ് വീണ്ടും നിർബന്ധിച്ചപ്പോാം അയാാം രൂപയും വാങ്ങി പുറത്തേക്കുപോയി.

ഊണു കഴിഞ്ഞു് വന്നപ്പോാം ദിവാകരൻ ഒരെഴുത്തു് ശേഖരൻെറ നേരെ നീട്ടി. അയാാം എഴുത്തു് വാങ്ങിനോക്കി— വീട്ടിൽനിന്നാണ് വന്നിരിക്കുന്നതു്. അയാാം എഴുത്തു് പൊട്ടിച്ചു.

മോനെ........

നീ ഇവിടെനിന്നും പോയെപ്പിന്നെ ഒരെഴുത്തല്ലെ അയച്ചതു്. ഇവിടത്തെ സ്ഥിതികളൊക്കെ നിനക്കറിയാമല്ലോ. അതുകൊണ്ടു് അതിനെക്കുറിച്ചു് ഒന്നും എഴുതണില്ല. പിന്നെ ദേവുവിന്നു് ഒരു കല്ല്യാണാലോചന വന്നിട്ടുണ്ടു്........

അയാറം വായന നിറുത്തി. ദേവു അയാളുടെ മൂത്ത സഹോദരിയാണ്. സഹോദരിക്ക് ഒരു വിവാഹകാര്യം വന്നുകൂടിയെന്നറിഞ്ഞതിൽ അയാറം സന്തോഷി . എന്നാൽ ആ സന്തോഷം ക്ഷണഭംഗുരമായിരുന്നു. അയാറം തുടന്നു വായിച്ചു:

........"നിൻെറ മറുപടി വന്നിട്ടുവേണം ഞങ്ങക്ക് അക്കാര്യം തീരുമാനിയ്ക്കാൻ. അവരു് നല്ല തറവാട്ടുകാരും മററുമാണന്നാ കേട്ടുകേറംവി. നിനക്കിപ്പോ ജോലി കിട്ടിയിരിക്കുമല്ലൊ? ശരീരം നല്ലോണം നോക്കണം മോനെ. ഇനി ഒന്നും എഴുതണില്ല. എല്ലാം നിൻെറ മറുപടിക്കുശേഷം.

എന്നു്,

മോൻെറ അമ്മ.

അയാറം എഴുത്ത് വീണ്ടും വീണ്ടും വായിച്ചു. പണത്തിൻെറ കാര്യം ഒന്നുംതന്നെ എഴുതിയിട്ടില്ലെങ്കിലും, വീട്ടിൽ വല്ലാത്ത ബുദ്ധിമുട്ടുണ്ടെന്നു് സൂചിപ്പിച്ചിരിക്കുന്നു. പിന്നെ സഹോദരിയുടെ വിവാഹകാര്യമാണ്. അതു തീരുമാനിക്കണമെങ്കിൽ തൻെറ മറുപടി കിട്ടണം. മറുപടി കിട്ടണമെന്നുവെച്ചാൽ, സഹോദരിയെ പടിയിറക്കിക്കൊടുക്കാൻ തനിക്ക് കഴിവുണ്ടൊ എന്നത്ഥം. തൊഴിലില്ലാത്തവനു എന്തു കഴിവുണ്ടാകും ......? പിച്ചക്കാരനും ധമ്മം കൊടുക്കാറുണ്ടു്. എന്നാൽ താൻ ....... അയാളുടെ കണ്ണിൽ നീർ നിറഞ്ഞു വിതുമ്പി. സഹോദരിയുടെ വിവാഹക്കാര്യത്തെക്കുറിച്ചു എന്തു മറുപടി എഴുതും....?

ജോർജ്ജ് ചോദിച്ചു:

"വീട്ടിൽനിന്നാണൊ?"

"അതെ"

"എന്താ വിശേഷം?"

ശേഖരൻ എഴുത്ത് ജോർജ്ജിൻെറ കയ്യിൽ കൊടുത്തു്, മുഖത്തുനിന്നു കണ്ണുനീർ തുടച്ചു. ജാലകത്തിന്നരികിൽ ചെന്നു നിന്നു.

ജോർജ്ജ് എഴുത്ത് വായിച്ച ശേഖരനെ സഹതാപപൂർവ്വം നോക്കി.

"ഖുമ........ഖുമ........ഖുമ........"

*　　　　*　　　　*

മാരകമായ അലർച്ചയോടെ ഗുഡ്സ് വണ്ടി കടന്നുപോയി. കിഴക്കു വെള്ള കിളുക്കുകയാണ്. ശേഖരൻ ജാലകത്തിലൂടെ വെളിയിലേക്ക് നോക്കി. വിദൂരതയിൽ, മരതകക്കുന്നുകളും, മലരണിക്കാടുകളും സമൃദ്ധിയായുള്ള മലയാളക്കരയെക്കുറിച്ച് അയാഠം സ്വപ്നംകണ്ടുനിന്നു. അയാളുടെ കാൽച്ചുവട്ടിൽ അയാളുടെ വിദ്യാഭ്യാസത്തിൻെറ സാക്ഷിപത്രം കീറിക്കിടന്നിരുന്നു. ഉറക്കമുണർന്ന ജോർജ്ജ് ചോദിച്ചു:

"എന്താ ഈ കാണുന്നതു്?"

"ഓ. ഒന്നുമില്ല"

'താനൊരു വിഡ്ഢിയാണ്. അതെന്തിന്നു് കീറിക്കളഞ്ഞു?,

"ഞാനതുകൊണ്ടു് യാതൊരു പ്രയോജനവും കാണുന്നില്ല" അയാഠം കുറച്ചു സമയം ചിന്താമൂകനായിനിന്നു. പിന്നെ തുടർന്നു: "ചങ്ങാതി, ഞാൻ ഒരു സ്വപ്നംകാണുകയാണ്. മനുഷ്യപ്രയത്നത്തിനു തക്ക പ്രതിഫലം നൽകുന്ന ഒരു ഭൂരിപക്ഷത്തേക്കുറിച്ചുള്ള സ്വപ്നം! അവിടെ അസമത്വമില്ല; സ്വജനപക്ഷപിതവുമില്ല. മനുഷ്യത്വം അവിടെ കതിരിട്ടു നിൽക്കുന്നു. ജീവിതം അവിടെ സുന്ദരമാണ്"

ശേഖരൻ ആവേശംകൊണ്ടു. ജോർജ്ജ് ഒരു പുഞ്ചിരിയോടെ പറഞ്ഞു:-

"ഓ. അതൊരു വല്ലാത്ത സ്വപ്നമാണ്. കൃസ്തു ആ സ്വപ്നം കാണുകയുണ്ടായി. മാർക്സും, എംഗൽസും ആ സ്വപ്നത്തിനു പ്രത്യക്ഷരൂപം നല്കി...."

ജോർജ്ജ് ഡ്രസ്സുമാറി പുറത്തേക്കു പോയി. ശേഖരൻ ജാലകത്തിനരികെതന്നെനിന്നു. അകലെ, മരതകക്കുന്നുകളും, മലരണിക്കാടുകളും സമൃദ്ധിയായുള്ള മലയാളക്കരയിലേക്കു് അയാളുടെ ഓർമ്മകൾ പാഞ്ഞുപോയി.

അമ്മ

സഹോദരികൾ.

വിവാഹാലോചന.

മാല–സ്വർണ്ണമാല!

DISTRIBUTING LIBRARY. No.................. KOTTAYAM.

* * *

സന്ധ്യക്കു് ജോർജ്ജ് വന്നപ്പോൾ ശിവരാമൻ ചോദിച്ചു

"ശേഖരനെവിടെ?"

"ആവൊ?"

"എന്താണു്?"

ദിവാകരൻ ചോദി .

അയാൾക്കു് ഒരു ജോലിയുടെ കാര്യം ശരിപ്പെട്ടത്തിയിട്ടുണ്ടു്.

ജോർജ്ജ് ചുമച്ചു.

"ഖുമ്മ........ഖുമ്മ........ഖുമ്മ........"

"താൻ മരുന്നു കഴിക്കണില്ലേ?"

ദിവാകരൻ ചോദിച്ചു.

"ഉവ്വ്"

"തനിക്കു് കുറച്ചു വിശ്രമം ആവശ്യമാണു്. അല്ലെങ്കിൽ കാമുകിയെ കണികാണാൻ പററില്ല"

"ശിവരാമൻ പുറത്തേക്കുപോയി. ദിവാകരൻ ഉൽക്കണ്ഠപ്പെട്ടു.

"ശേഖരനെ കണ്ടില്ലല്ലോ"

"അതെ ...... ശേഖരനെന്തേ?"

മുനിസ്വാമി വന്നപ്പോൾ ജോർജ്ജ് ചോദിച്ചു:

"ശേഖരനെ കണ്ടോ?"

"ഇല്ല"

അയാൾ ഒരെഴുത്ത് ജോർജിനെ ഏല്പിച്ച് കടന്നുപോയി.

ജോർജ് എഴുത്തു പൊട്ടിച്ചു, ആർത്തിയോടെ കണ്ണോടിച്ച് പെട്ടെന്ന് എഴുത്ത് അയാളുടെ കയ്യിൽനിന്നു നിലം പതിച്ചു. അയാൾ ഇടിവെട്ടേററപോലെ നിശ്ചലനായി നിന്നുപോയി. ദിവാകരൻ അയാളെ പകച്ചു നോക്കി.

ജോർജ് "ഖുമ്മ ......ഖുമ്മ" ചുമച്ച് വെളിയിലേക്ക് ഇറങ്ങിപ്പോയി. ദിവാകരൻ അതെടുത്ത് നോക്കി.

"ചേട്ടാ,

തങ്കമ്മച്ചേച്ചി ഇന്നലെ മരിച്ചു. സ്വയം ആത്മഹത്യ ചെയ്യുകയാണുണ്ടായത്. പോസ്റ്റ്മോർട്ടത്തിനുശേഷം, മൂന്നുമാസം ഗർഭമുണ്ടെന്നു് ഡോക്ടർ പറഞ്ഞു.

എന്ന്, അനുജത്തി സാറാമ്മ"

ശിവരാമൻ മുറിയിലേക്കു കയറിവന്നു. ദിവാകരൻ മൂകനായിരിക്കുന്നതുകണ്ട് ശിവരാമൻ ആരാഞ്ഞു:

"വാട്ട് ഈസ് ദ മാററർ?"

അയാൾ എഴുത്ത് ശിവരാമന് കാണിച്ചുകൊടുത്തു. ശിവരാമൻ മിഴിച്ചുനിന്നു.

വിയർപ്പിൽ മുങ്ങി, ക്രൂരമായ മുഖഭാവത്തോടെ ജോജ് വീണ്ടും മുറിയിലേക്ക് ആടിയാടിവന്നു. വന്നപാടെ അയാൾ നിലത്തു കമഴ്ന്നടിച്ചുകിടന്നു. മുറിയിലാകെ മദ്യത്തിൻെറ പുളിച്ച ഗന്ധം തങ്ങിനിന്നു.

ആരുമാരും സംസാരിച്ചില്ല. മാരകമായ നിശ്ശബ്ദത! രാവിൻെറ തണുത്ത മാറിടത്തിൽ സർവ്വ ജീവജാലകങ്ങളും ബോധമററു് നിദ്രചെയ്യുമ്പോൾ രണ്ടുപേർ ഉറങ്ങാതെ കിടത്തിരുന്നു. അവരിൽ ഒരുത്തൻ ഇടക്കിടക്ക് പിറുപിറുത്തിരുന്നു:-

"മണ്ണോ, പെണ്ണോ?"

★

**KOTTAYAM PUBLIC LIBRARY**

KOTTAYAM

Cl. No. MF9 Acc. No. 83237

This book should be returned on or before the date last stamped below.

10 JUN 199

If the book is not returned on due date a fine of 5 Ps. (Five) per day will be charged.

Cl. No. MF9 Acc. No. 83237

Author SEK-C ശേഖർ പൈങ്ങോട്ട്

MF9 83237
SEK.e

ശേഖർ പൈങ്ങോട്ട്

ചെറുവിയെ കൊല്ലിച്ചതിന്